VOL NO: 06 I ISSUE 12
www.nerpatham.com
mail@nerpatham.com
2022 MARCH 19 I ₹10

# നേർപഥം

വാരിക



## സമയം തികയാത്തവരും തള്ളി നീക്കുന്നവരും

അഞ്ച് സംസ്ഥാനങ്ങളിൽ അടുത്തിടെ പുറത്തുവന്ന തെരഞ്ഞെടുപ്പ് ഫലം മാനവികതയിൽ വിശ്വസിക്കുന്ന ഇന്ത്യയിലെ ബഹുഭൂരിപക്ഷത്തിന് ഏറെ നിരാശ സമ്മാനിക്കുന്നതായിരുന്നു. ഫാസിസമെന്ന കരിംഭൂതം രാജ്യമൊട്ടാകെ കൈപ്പിടിയിലൊതുക്കിയെന്ന് ആശങ്കപ്പെടേണ്ടതുണ്ടോ, അതോ മതനിരപേക്ഷ കക്ഷികൾ ഇനിയും നിദ്രാടനം വിട്ടുണർന്നിട്ടില്ലെന്ന് മനസ്സിലാക്കണോ?

# തെരഞ്ഞെടുപ്പ് ഫലം: ഫാസിസത്തിന്റെ കരുത്തോ, മതനിരപേക്ഷതയുടെ ശക്തിക്ഷയമോ?

|| ധാർമികത നിശ്ചയിക്കുന്നത് ആര്?

|| ജീവിതത്തെ എങ്ങനെ ആസ്വാദ്യകരമാക്കാം?

|| സമസ്ത-ശീഈ കൂട്ടുകെട്ടും വികലവാദങ്ങളുടെ കുത്തൊഴുക്കും




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

0269

# നേർപഥം

വാരിക

2022 മാർച്ച് 19
1443 ശഅബാൻ 16
പുസ്തകം 06 / ലക്കം 12






Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





കവർ സ്റ്റോറി

10

**തെരഞ്ഞെടുപ്പ് ഫലം: ഫാസിസത്തിന്റെ കരുത്തോ മതനിരപേക്ഷതയുടെ ശക്തിക്ഷയമോ?**
സുഫ്‌യാൻ അബ്ദുസ്സലാം

05
മുഖമൊഴി
നന്നായാൽ ഒന്നാകും

06
കൂട്ടായ്മ
സമയം തികയാത്തവരും തള്ളിനീക്കുന്നവരും
ടി.കെ. അശ്‌റഫ്

18
ലേഖനം
സമസ്ത-ശീഈ കൂട്ടുകെട്ടും വികലവാദങ്ങളുടെ കുത്തൊഴുക്കും
മൂസ സ്വലാഹി കാര

23
ക്വുർആൻ ദർശനം
അൽഫത്ഹ് (വിജയം)
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

25
മധുരം ജീവിതം
വിശപ്പാണ് പരിഹരിക്കപ്പെടേണ്ടത്
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

26
ചരിത്രപഥം
തബൂക് യാത്രക്കിടയിലെ അസാധാരണ സംഭവങ്ങൾ
ഹുസൈൻ സലഫി

32
ലേഖനം
ധാർമികത നിശ്ചയിക്കുന്നത് ആര്?
അർഷദ് കുറിശ്ശാംകുളം

34
കാഴ്ച
ജീവിതത്തെ എങ്ങനെ ആസ്വാദ്യകരമാക്കാം?
സ്വലാഹുദ്ദീൻ ഇബ്നു സലീം

# മതനിരപേക്ഷ കക്ഷികളുടെ അനൈക്യം ഫാഷിസ്റ്റ് ശക്തികൾ അധികാരത്തിലേറുന്നതിന് വഴിയൊരുക്കുന്നു: പ്രൊഫ്കോൺ

മതനിരപേക്ഷ കക്ഷികളുടെ അനൈക്യം ഫാഷിസ്റ്റ് ശക്തികൾ അധികാരത്തിലേറുന്നതിന് വഴിയൊരുക്കുന്നുവെന്ന് തൃശൂരിൽ നടന്ന 26 മത് പ്രൊഫ്കോൺ (പ്രൊഫഷണൽ വിദ്യാർഥി സമ്മേളനം) അഭിപ്രായപ്പെട്ടു. വർഗീയവൽക്കരണത്തിൻറെ പൂർത്തീകരണത്തിന് ശ്രമിക്കുന്ന സംഘ്പരിവാർ ശക്തികൾക്കെതിരെ ഫലപ്രദമായ കൂട്ടായ്മക്കുള്ള ശ്രമങ്ങൾ തുടരണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

സമ്മേളനം ലജ്നത്തുൽ ബുഹൂസിൽ ഇസ്‌ലാമിയ്യ ചെയർമാൻ അബൂബക്കർ സലഫി ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ട്രഷറർ നാസിർ ബാലുശ്ശേരി അധ്യക്ഷത വഹിച്ചു. അഷ്റഫ് സുല്ലമി, അബ്ദുല്ല ത്തീഫ് സുല്ലമി മാറഞ്ചേരി എന്നിവർ ആശംസകളർപ്പിച്ചു. വിസ്ഡം യൂത്ത് ഓർഗനൈസേഷൻ വൈസ് പ്രസിഡൻറ് മുജീബ് ഒട്ടുമ്മൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് നടന്ന സെഷനിൽ പി.എം സാദിഖലി, അഡ്വ. മുഹമ്മദ് ദാനിഷ് കെ.എസ്, ടി.കെ നിഷാദ് സലഫി, ഡോ. ഷഹബാസ് കെ. അബ്ബാസ് എന്നിവർ സംസാരിച്ചു.

വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള തിരഞ്ഞെടുപ്പു ഫലം പുറത്ത് വരുമ്പോൾ മതേതര ഇന്ത്യയുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ ഉയരുമ്പോഴും ഭരണകർത്താക്കൾ വർഗീയത മാത്രം പറഞ്ഞ് പ്രചാരണം നടത്തുന്നത് അടിസ്ഥാന വിഷയങ്ങളിൽനിന്നും ശ്രദ്ധ തിരിക്കുന്നതിനുള്ള അസൂത്രിതമായ ശ്രമമാണ്. ഇത് ജനങ്ങൾ വൈകാതെ മനസ്സിലാക്കുമെന്നും മതേതര സ്വഭാവമുള്ളവരെ തെരഞ്ഞെടുക്കുമെന്ന് പ്രതീക്ഷയുണ്ടെന്നും വൈകീട്ട് നടന്ന ‘സമകാലിക ഇന്ത്യ’ എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെഷനിൽ പങ്കെടുത്ത് സംസാരിച്ച ഡോ. സരിൻ മുന്നോട്ട് വച്ചു. നാളെയുടെ വാഗ്ദാനങ്ങളെ സൃഷ്ടിക്കുന്ന ക്യാമ്പസുകളിൽ സൃഷ്ടിപരമായ സംവാദങ്ങളാണ് കാലം ആവശ്യപ്പെടുന്നതെന്ന് വി.ടി. ബൽറാം അഭിപ്രായപ്പെട്ടു.

ശനിയാഴ്ച നടന്ന വിവിധ സെഷനുകളിൽ ഹൈബി ഈഡൻ എം.പി, ടി.എൻ പ്രതാപൻ എം.പി, മീഡിയ വൺ ന്യൂസ് എഡിറ്റർ പ്രമോദ് രാമൻ, ഡോ. പി.എ. കബീർ എന്നിവർ അതിഥികളായിരുന്നു.

ഓപ്പൺ ഡയലോഗിൽ റഷീദ് കുട്ടമ്പൂർ, അബ്ദുൽ മാലിക് സലഫി, ഡോ. അബ്ദുല്ല ബാസിൽ സി.പി, ഡോ. ഷനൂൻഷ റഫലി, മുജാഹിദ് ബാലുശ്ശേരി, റൈഹാൻ അബ്ദു ശഹീദ്, അസ്ഹർ ചാലിശ്ശേരി തുടങ്ങിയവർ വിദ്യാർഥികളോട് സംവദിച്ചു.

ക്യാമ്പസ് ഡിബേറ്റിൽ പ്രൊഫ. ഹാരിസ് ബിൻ സലീം, ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ, ഡോ. മുബഷിർ ടി.സി, അബ്ദുറഹിമാൻ ചുങ്കത്തറ, ഷമീൽ മഞ്ചേരി എന്നിവർ വിദ്യാർഥികളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി.

പ്രമുഖ പണ്ഡിതൻമാരായ ഫൈസൽ മൗലവി, ഹംസ മദീനി, സി.പി. സലീം, ഇൻഷാദ് സ്വലാഹി, കെ. നൂറുദ്ദീൻ സ്വലാഹി, ശരീഫ് കാര, അഫ് ലഹ് ബിൻ മുഹമ്മദ്, സി.പി ഹിലാൽ സലീം, സ്വഫ് വാൻ ബറാമി എന്നിവർ സംസാരിച്ചു.

ഗേൾസ് ഗാതറിംഗിന് വിസ്ഡം വിമൻ സംസ്ഥാന പ്രസിഡണ്ട് സഹ്റ സുല്ലമിയ്യ, ജനറൽ സെക്രട്ടറി ഡോ. റസീല സി, ഡോ. റുക്സാന, ജിനാന പർവ്വീൻ, എം. നബ്‌ല, കെ. നാഫിയ, അലീഫ സുഹൈർ, സഫാന സലീം, ശിഫ ഹാരിസ്, സന നജീബ്, ഫൗസിയ മാടാല, ടി.കെ ഫിൽദ എന്നിവർ നേതൃത്വം നൽകി.

വിവിധ സെഷനുകളിലായി പ്രമുഖ ക്വുർആൻ വിവർത്തകൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ. അഷ്റഫ്, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി, ഷമീർ മദീനി, സ്വാദിഖ് മദീനി, ഷാഫി സ്വബാഹി, സി. മുഹമ്മദ് അജ്മൽ, സഊദ് ചാലിശ്ശേരി, യാസിർ അൽ ഹികമി, ഹവാസ് സുബ്ഹാൻ തുടങ്ങിയവർ സംസാരിച്ചു.

സമാപന സമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡണ്ട് പി.എൻ അബ്ദുല്ലത്തീഫ് മദനി ഉദ്ഘാടനം ചെയ്തു. കെ.പി.പി.സി മുൻ ട്രഷറർ കെ.കെ കൊച്ചു മുഹമ്മദ് മുഖ്യാതിഥിയായിരുന്നു. ഹുസൈൻ സലഫി ഷാർജ മുഖ്യപ്രഭാഷണം നടത്തി.

# നന്നായാൽ ഒന്നാകം

ശിഥിലമായതും ശിഥിലമായിക്കൊണ്ടിരിക്കുന്നതുമായ ഒട്ടേറെ ബന്ധങ്ങൾ നമുക്കു ചുറ്റും കാണാം. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം, സഹോദരങ്ങൾ തമ്മിലുള്ള ബന്ധം, ഭാര്യാഭർതൃബന്ധം, അയൽപക്കബന്ധം, സുഹൃദ്ബന്ധം, ഇതരമതസ്ഥർ തമ്മിലുള്ള ബന്ധം, മേലുദ്യോഗസ്ഥരും കീഴ്ജീവനക്കാരും തമ്മിലുള്ള ബന്ധം, തൊഴിലുടമയും തൊഴിലാളിയും തമ്മിലുള്ള ബന്ധം... തുടങ്ങി രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ വരെ ദുർബലമായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് നമുക്കിന്ന് കാണുവാൻ സാധിക്കുന്നത്. റഷ്യയുടെ യുക്രയ്ൻ അധിനിവേശം ആ രണ്ടു രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധത്തെ മാത്രമല്ല പ്രതികൂലമായി ബാധിച്ചിരിക്കുന്നത്.

ആർക്കും ആരെയും വിശ്വാസമില്ല. താൻ എവിടെയും സുരക്ഷിതനല്ല എന്ന ബോധം മനുഷ്യനെ വരിഞ്ഞുമുറുക്കിക്കൊണ്ടിരിക്കുന്നു. കുട്ടികൾ തട്ടിക്കൊണ്ടുപോകപ്പെടുന്നു. പിഞ്ചുകുഞ്ഞുങ്ങൾ മുതൽ വയോവൃദ്ധകൾ വരെ പീഡനത്തിനിരകളാകുന്നു. ആസൂത്രിതമായ വർഗീയലഹളകൾ പൊട്ടിപ്പുറപ്പെടുന്നു. ആൾക്കൂട്ട കൊലപാതകങ്ങൾ അരങ്ങേറുന്നു. സ്വന്തം രാജ്യത്തെ അസ്തിത്വം പോലും ചോദ്യം ചെയ്യപ്പെടുന്നു. വൈജ്ഞാനിക രംഗത്ത്, ശാസ്ത്ര-സാങ്കേതിക രംഗത്ത് ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കുമ്പോഴും എന്തുകൊണ്ട് മനുഷ്യരിൽനിന്ന് ഉദാത്തമായ മാനുഷിക ഗുണങ്ങൾ നഷ്ടപ്പെടുന്നു? എന്തുകൊണ്ട് അധർമങ്ങളിൽ ആണ്ടുപോകുവാൻ വിദ്യാസമ്പന്നർ പോലും മടികാണിക്കാതിരിക്കുന്നു? എന്തുകൊണ്ട് വർഗീയ ചിന്തകൾ തലപൊക്കുന്നു? യുക്തിവാദികൾ പറയുന്നു മതമാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണമെന്ന്! വാസ്തവത്തിൽ മതങ്ങളൊന്നും അക്രമത്തെയും മാനവികവിരുദ്ധ പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതായോ അതിന് നിർദേശം നൽകുന്നതായോ കാണുവാൻ സാധ്യമല്ല. മതമല്ല, മതത്തെ ഭൗതികമായ സ്വാർഥ ലാഭങ്ങൾക്കു വേണ്ടി ഉപയോഗപ്പെടുത്തുന്നവരാണ് പ്രശ്നം. മതമെന്തെന്നറിയാതെ, മതത്തിൻറെ അന്തസ്സത്ത ഉൾക്കൊള്ളാതെ മതത്തിൻറെ മേലങ്കിയണിഞ്ഞ് ജീവിക്കുന്നവരാണ് പ്രശ്നം. മതത്തെയെന്നല്ല, എന്തിനെയും ഇങ്ങനെ ദുരുപയോഗം ചെയ്യുവാൻ സാധിക്കുമെന്നതിൽ സംശയമില്ല. മറ്റുള്ളവരെ അറിയാനും മറ്റുള്ളവരിലെ നന്മകളെ അംഗീകരിക്കുവാനുമുള്ള മനസ്സാണ് വേണ്ടത്. പരസ്പരം അറിയുക എന്നത് ഏത് ബന്ധത്തെയും ഊഷ്മളമാക്കും. അതിനു സാധിച്ചില്ലെങ്കിൽ ബന്ധം വഷളാകും. ഉദാഹരണമായി ദാമ്പത്യബന്ധത്തെയെടുക്കുക. ഇണകൾ പരസ്പരം മനസ്സിലാക്കി ജീവിക്കുന്നില്ലെങ്കിൽ അവരുടെ ജീവിതം ദുരിതമയമായിരിക്കും. കുറ്റങ്ങളും കുറവുകളും മാനുഷികമാണ്. അതിലേക്ക് മാത്രം നോക്കുകയാണെങ്കിൽ പിന്നെ രക്ഷയില്ല. ഇണയോടുള്ള സ്നേഹം വറ്റിവരളാൻ അതുതന്നെ മതിയാകും. എന്നാൽ തിരുത്തേണ്ടത് മാന്യമായ രൂപത്തിൽ പറഞ്ഞ് തിരുത്താൻ പ്രേരിപ്പിക്കാം. സർവോപരി സ്വന്തം കാര്യത്തെക്കുറിച്ച് ചിന്തിക്കാം. ഞാൻ സമ്പൂർണ വ്യക്തിയാണോ? ഞാൻ ന്യൂനതകളില്ലാത്ത മനുഷ്യനാണോ? ഈ ചോദ്യം സ്വയം ചോദിക്കുക. അതോടെ തീരും നമ്മിലെ ഞാനെന്ന ഭാവം. ഇണയുടെ എണ്ണമറ്റ നന്മകളിലേക്കും സൽസ്വഭാവങ്ങളിലേക്കും കണ്ണോടിച്ചാൽ ന്യൂനതകളും പെരുമാറ്റദൂഷ്യവുമൊക്കെ എത്രയോ ചെറുതാണെന്ന് മനസ്സിലാക്കുവാൻ സാധിക്കും. എല്ലാ ബന്ധങ്ങളുടെയും കാര്യം ഇതുതന്നെയാണ്. സ്വയം നന്നാവുക; മറ്റുള്ളവരിലെ നന്മകളെ മനസ്സിലാക്കുക, അർഹമായ അംഗീകാരവും സ്നേഹവും നൽകുക. സർവശക്തൻ അനുഗ്രഹിക്കട്ടെ.




# സമയം തികയാത്തവരും തള്ളിനീക്കുന്നവരും

ടി.കെ അശ്റഫ്
: 81118 07199

സമയത്തെ സംബന്ധിച്ച് രണ്ടുതരം സംസാരങ്ങൾ നാം കേൾക്കാറുണ്ട്. ഒന്നിനും സമയം തികയുന്നില്ല എന്നതാണ് ഒരു വിഭാഗത്തിന്റെ പരാതി. ജോലിയുള്ളവർ, മറ്റെന്തെങ്കിലും ചുമതലയുള്ളവർ എന്നിവരാണ് ഈ പരാതി പറയാറുള്ളത്.

മറ്റൊരു വിഭാഗമാകട്ടെ, സമയം പോകുന്നില്ലെന്ന പരിഭവമാണ് അവർക്കുള്ളത്. അവരുടെ മുമ്പിൽ സമയം ഒരു ഭാരമായി തൂങ്ങി നിൽക്കുന്നു. ജോലികളിൽനിന്ന് വിരമിച്ചവർ, പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിലെത്തിയവർ, പ്രായമായവർ, പ്രത്യേക ജോലിയില്ലാത്ത ചെറുപ്പക്കാർ... തുടങ്ങിയവരാണ് സമയം നീങ്ങുന്നില്ലെന്ന പരാതി പങ്കുവയ്ക്കുന്നവർ.

യഥാർഥത്തിൽ, ഒരു വിശ്വാസിയെ സംബന്ധിച്ച് തന്റെ അടിസ്ഥാന ബാധ്യത നിർവഹിക്കുന്നതിൽനിന്ന് മാറി നടക്കാൻ ഈ രണ്ട് പരാതികളിലും ന്യായീകരണം കണ്ടെത്താൻ ഒരിക്കലും പാടില്ല. നമ്മെ ഈ ലോകത്തേക്ക് സൃഷ്ടിച്ചയച്ചതിന്റെ ലക്ഷ്യം എന്താണോ അതിനു സമയം തികയാത്ത ഒരു തിരക്ക് വിശ്വാസികൾക്ക് ഒരു കാരണവശാലും ഉണ്ടായിക്കൂടാ. മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യംതന്നെ അല്ലാഹുവിന് ആരാധനകൾ അനുഷ്ഠിക്കലാണ്. അല്ലാഹു പറയുന്നത് നോക്കൂ.

“ജിന്നിനെയും മനുഷ്യനെയും അവർ എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല” (ക്വുർആൻ 51:56).

ജീവിതവും മരണവും മനുഷ്യനെ പരീക്ഷിക്കാൻ വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും ക്വുർആൻ വ്യക്തമാക്കുന്നുണ്ട്:

“നിങ്ങളിൽ ആരാണ് കൂടുതൽ നല്ല പ്രവൃത്തി ചെയ്യുന്നവരെന്ന് നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടി, മരണവും ജീവിതവും സൃഷ്ടിച്ചവനാണ് (അവൻ). അവനത്രെ, വളരെ പൊറുക്കുന്നവനായ പ്രതാപശാലി” (ക്വുർആൻ 67:2).

ജീവിതത്തെക്കാൾ മരണമാണ് മനുഷ്യന് ചിന്താവിഷയമായിരിക്കേണ്ടത് എന്നതിനാലാണ് മേൽ വചനത്തിൽ ആദ്യം മരണത്തെക്കുറിച്ച് പറഞ്ഞത് എന്ന് നാം ഓർക്കണം. ചിലർ ഇഹലോകത്തേക്ക് ചുരുങ്ങി ജീവിക്കുമ്പോൾ പരലോകത്തേക്കുള്ള പാഥേയമൊരുക്കാൻ സമയം തികയാതെ വരുന്നു എന്നതാണ് യാഥാർഥ്യം. അങ്ങനെയാകുമ്പോൾ പലപ്പോഴും മതപരമായ ബാധ്യതകൾ അവർക്ക് ഒരു ഭാരമായി അനുഭവപ്പെടുകയും ചെയ്യുന്നു.

എന്തുകൊണ്ട് ജമാഅത്ത് നമസ്കാരത്തിന് പള്ളിയിലെത്താൻ ആവുന്നില്ല? എന്തുകൊണ്ട് മതപഠന സദസ്സുകളിൽ വന്നുചേരാൻ കഴിയുന്നില്ല? ഓൺലൈനിൽ പോലും വ്യവസ്ഥാപിതമായ ഒരു മതപഠന ക്ലാസ്സ് സ്ഥിരമായി കേൾക്കാൻ കഴിയാത്തത് എന്തുകൊണ്ട്? ജുമുഅക്ക് പോലും നേരത്തെയെത്തി ക്വുതുബ മുഴുവൻ കേൾക്കാൻ സാധിക്കാത്തതിന്റെ കാരണം എന്ത്?

നാം വരിചേർത്ത ഇസ്‌ലാമിക പ്രസിദ്ധീകരണത്തിന്റെ റാപ്പർ പോലും പൊട്ടിക്കാൻ സമയം കിട്ടാത്തത് എന്തുകൊണ്ട്? ഇസ്‌ലാമിക പ്രബോധനരംഗത്തേക്ക് എത്തിനോക്കാൻ പോലും കഴിയാത്ത സാഹചര്യം എങ്ങനെയുണ്ടായി?

ഓഫീസിലെ തിരക്ക്, പ്രൊഫഷൻ, കച്ചവടം, വിവിധ ചടങ്ങുകൾ... എല്ലാം കഴിഞ്ഞശേഷം ഇതിനൊന്നും സമയം കിട്ടുന്നില്ല എന്നതാണ് മേൽചോദ്യങ്ങളുടെയെല്ലാം മറുപടിയായി പലർക്കും നിരത്താനുള്ള ന്യായം.


വിദേശത്ത് ജോലിചെയ്യുന്ന ചിലർ ചോദിക്കാറുള്ള ഒരു സംശയം ഈ സമയത്ത് ഓർമവരികയാണ്. 'എനിക്ക് തുടർച്ചയായി 17 മണിക്കൂറാണ് ജോലി. അതിനിടക്ക് ചെറിയൊരു സമയം ഭക്ഷണത്തിന് കിട്ടുമെന്നല്ലാതെ നമസ്കാരത്തിന് സമയം ലഭിക്കാറില്ല. ഓഫീസിലാകട്ടെ, നമസ്കരിക്കാൻ സാധിക്കുന്ന സാഹചര്യവുമല്ല. അതിനാൽ ജോലി കഴിഞ്ഞ് എല്ലാ നമസ്കാരവും ഒന്നിച്ച് നിർവഹിക്കുന്നതിൽ തെറ്റുണ്ടോ?'

അൽപമെങ്കിലും ഈമാനിന്റെ ലക്ഷണമുള്ളവരാണ് ഇങ്ങനെ ചോദിക്കാൻ പോലും തയ്യാറാകുന്നത്. സ്ഥിരമായി നമസ്കരിച്ചിരുന്നവർക്ക് അത് മുടങ്ങിയപ്പോഴുള്ള മനസ്സാക്ഷികുത്തു കാരണമാണ് ഈ ചോദ്യം. ദിവസങ്ങൾ കടന്നുപോകുമ്പോൾ അവരുടെ മനസ്സും ഇതിനനുസരിച്ച് പാകപ്പെടുകയാണ് പതിവ്. സ്ഥിരമായി നമസ്കാരം നഷ്ടപ്പെടുത്തി ജോലിയിൽ മാത്രം മുഴുകുന്നതിൽ യാതൊരു കുറ്റബോധവും തോന്നാത്ത തരത്തിൽ മനസ്സ് കടുത്തുപോയവരും ഉണ്ടെന്ന കാര്യം നാം അറിയണം.

നമ്മുടെ ജീവിതലക്ഷ്യത്തിന്റെ മുൻഗണന നാം പോലുമറിയാതെ മാറിമറിഞ്ഞിരിക്കുന്നുവെന്ന യാഥാർഥ്യമാണ് ഇത്തരം ഒരവസ്ഥയിലേക്ക് നാം എത്തിപ്പെടാനുണ്ടായ കാരണം. ഇത് തിരിച്ചറിയാൻ ഇനിയും വൈകരുത്.

ദുൻയാവിന്റെ അലങ്കാരങ്ങളിൽ നാം വഞ്ചിതരാകുമെന്ന ക്വുർആനിന്റെ താക്കീത് നമ്മെ ചിന്തിപ്പിക്കണം. ക്വുർആൻ അക്കാര്യം ഉണർത്തുന്നത് നോക്കൂ: ''നിങ്ങൾ അറിഞ്ഞിരിക്കണം: ഐഹിക ജീവിതമെന്നത് കളിയും വിനോദവും അലങ്കാരവും നിങ്ങൾ തമ്മിൽ ദുരഭിമാനം നടിക്കലും സ്വത്തുക്കളിലും സന്താനങ്ങളിലും പെരുപ്പം നടിക്കലും മാത്രമാകുന്നുവെന്ന്. (അതെ, കേവലം) ഒരു മഴയുടെ മാതിരി. അതിൽ മുളച്ച ചെടി കർഷകരെ ആശ്ചര്യപ്പെടുത്തി; പിന്നീടത് വാടിപ്പോകുന്നു, എന്നിട്ടതിനെ മഞ്ഞനിറം പൂണ്ടതായി നീ കാണുന്നു, പിന്നെ അത് (ഉണങ്ങി) തുരുമ്പായിത്തീരുന്നു(എന്നപോലെ). പരലോകത്തിലാകട്ടെ കഠിനമായ ശിക്ഷയും അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനവും പ്രീതിയും! ഇഹലോകജീവിതം വഞ്ചനയുടെ (അഥവാ

**ജീവിതവും മരണവും മനുഷ്യനെ പരീക്ഷിക്കാൻ വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും ക്വുർആൻ വ്യക്തമാക്കുന്നുണ്ട്: ''നിങ്ങളിൽ ആരാണ് കൂടുതൽ നല്ല പ്രവൃത്തി ചെയ്യുന്നവരെന്ന് നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടി, മരണവും ജീവിതവും സൃഷ്ടിച്ചവനാണ് (അവൻ). അവനത്രെ, വളരെ പൊറുക്കുന്നവനായ പ്രതാപശാലി'' (ക്വുർആൻ 67:2). ജീവിതത്തെക്കാൾ മരണമാണ് മനുഷ്യന് ചിന്താവിഷയമായിരിക്കേണ്ടത് എന്നതിനാലാണ് മേൽവചനത്തിൽ ആദ്യം മരണത്തെക്കുറിച്ച് പറഞ്ഞത് എന്ന് നാം ഓർക്കണം. ചിലർ ഇഹലോകത്തേക്ക് ചുരുങ്ങി ജീവിക്കുമ്പോൾ പരലോകത്തേക്കുള്ള പാഥേയമൊരുക്കാൻ സമയം തികയാതെ വരുന്നു എന്നതാണ് യാഥാർഥ്യം. അങ്ങനെയാകുമ്പോൾ പലപ്പോഴും മതപരമായ ബാധ്യതകൾ അവർക്ക് ഒരു ഭാരമായി അനുഭവപ്പെടുകയും ചെയ്യുന്നു.**



കൃത്രിമത്വത്തിന്റെ) വിഭവമല്ലാതെ (മറ്റൊന്നും) അല്ല'' (57:20).

പരലോകത്തിന്റെ ഭയാനകതയെക്കുറിച്ച് പലർക്കും ബോധമില്ല എന്നതാണ് യാഥാർഥ്യം. ആ ബോധമുള്ളവർക്ക് ദുൻയാവിലെ ഒരു തിരക്കും മതപരമായ ബാധ്യതകൾ നിർവഹിക്കുന്നതിന് തടസ്സമാവുകയില്ല. എത്ര തിരക്കാണെങ്കിലും അല്ലാഹുവിനെ സ്മരിക്കേണ്ട സമയമായാൽ മറ്റെല്ലാം മാറ്റിവച്ച് അവർ ആരാധനകളിൽ മുഴുകും. പരലോകത്തെ ഭയപ്പെട്ടതുകൊണ്ടാണ് അവർക്ക് അതിന് സാധിക്കുനത്.

ക്വുർആൻ പറയുന്നത് നോക്കൂ: ''ചില ആളുകൾ; അല്ലാഹുവിന്റെ സ്മരണ, നമസ്കാരം നിലനിറുത്തൽ, സകാത്ത് കൊടുക്കൽ എന്നിവയിൽനിന്ന് കച്ചവടമാകട്ടെ, വ്യാപാരമാകട്ടെ, അവരെ മിനക്കെടുത്തുകയില്ല! (അങ്ങനെയുള്ളവരാണ് തസ്ബീഹ് നടത്തുന്നത്). ഹൃദയങ്ങളും ദൃഷ്ടികളും അവതാളത്തിലായിപ്പോകുന്ന ഒരു ദിവസത്തെ -അന്ത്യനാളിനെ- അവർ ഭയപ്പെട്ടുകൊണ്ടിരിക്കുന്നു'' (24:37).

**പരലോകത്തിന്റെ ഭയാനകതയെക്കുറിച്ച് പലർക്കും ബോധമില്ല എന്നതാണ് യാഥാർഥ്യം. ആ ബോധമുള്ളവർക്ക് ദുൻയാവിലെ ഒരു തിരക്കും മതപരമായ ബാധ്യതകൾ നിർവഹിക്കുന്നതിന് തടസ്സമാവുകയില്ല. എത്ര തിരക്കാണെങ്കിലും അല്ലാഹുവിനെ സ്മരിക്കേണ്ട സമയമായാൽ മറ്റെല്ലാം മാറ്റിവച്ച് അവർ ആരാധനകളിൽ മുഴുകും. പരലോകത്തെ ഭയപ്പെട്ടതുകൊണ്ടാണ് അവർക്ക് അതിന് സാധിക്കുനത്. ക്വുർആൻ പറയുന്നത് നോക്കൂ: ''ചില ആളുകൾ; അല്ലാഹുവിന്റെ സ്മരണ, നമസ്കാരം നിലനിറുത്തൽ, സകാത്ത് കൊടുക്കൽ എന്നിവയിൽനിന്ന് കച്ചവടമാകട്ടെ, വ്യാപാരമാകട്ടെ, അവരെ മിനക്കെടുത്തുകയില്ല! (അങ്ങനെയുള്ളവരാണ് തസ്ബീഹ് നടത്തുന്നത്). ഹൃദയങ്ങളും ദൃഷ്ടികളും അവതാളത്തിലായിപ്പോകുന്ന ഒരു ദിവസത്തെ -അന്ത്യനാളിനെ- അവർഭയപ്പെട്ടു കൊണ്ടിരിക്കുന്നു''** (24:37).

നാം എത്ര തിരക്കുപിടിച്ച് പരലോകത്തെ മറന്നു ജീവിച്ചാലും മരണം ഏതു സമയത്തും വരാം എന്ന കാര്യം നാം വിസ്മരിക്കരുത്. ക്വുർആൻ അക്കാര്യം ഓർമപ്പെടുത്തുന്നുണ്ട്:

''...നാളെ എന്താണ് താൻ പ്രവർത്തിക്കുകയെന്നുള്ളത് ഒരാളും അറിയുന്നതല്ല; ഏത് നാട്ടിൽവച്ചാണ് താൻ മരണമടയുകയെന്നും ഒരാളും അറിയുന്നതല്ല. നിശ്ചയമായും അല്ലാഹു സർവജ്ഞനാണ്, സൂക്ഷ്മജ്ഞനാണ്'' (31:34).

നമ്മുടെ അടിസ്ഥാന ബാധ്യതകൾ വിസ്മരിച്ചു സമ്പാദിച്ചത് മരണവേളയിൽ കൂടെ കൊണ്ടുപോകാനാവില്ല. അത് അനന്തരാവകാശികൾക്കിടയിൽ വീതിക്കപ്പെടും. അവർക്കാവട്ടെ, നാം കഠിനാധ്വാനം ചെയ്തുണ്ടാക്കിയ സമ്പത്തിന്റെ മൂല്യം അറിഞ്ഞുകൊള്ളണമെന്നുമില്ല. പരലോകം ലക്ഷ്യംവച്ച് ചെയ്ത സൽകർമങ്ങൾ മാത്രമെ സ്വന്തം ക്വബ്റിൽ തുണയായുണ്ടാകൂ. പരലോകത്തേക്കുള്ള പാഥേയമൊരുക്കുന്നതിൽ ഇഹലോകം തടസ്സമായിക്കൂടാ. അപ്പോൾ സമയമില്ലെന്ന പരാതി പറഞ്ഞ് രക്ഷപ്പെടാൻ നമുക്ക് സാധ്യമല്ലെന്ന് അറിയുക.

സമയം തികയാത്തതല്ല മറ്റുചിലരുടെ പ്രശ്നം. സമയം തള്ളിനീക്കുകയാണെന്നാണ് അവർ പറയുന്നത്. ഒരു വിശ്വാസി ഇങ്ങനെ പറയാൻതന്നെ പാടില്ലാത്തതാണ്. മരണത്തിനുമുമ്പ് നമുക്ക് എന്തെല്ലാം ചെയ്യാനുണ്ട്! നമ്മൾ ഇപ്പോഴും ആ മുഖ്യലക്ഷ്യത്തിലേക്ക് എത്തിയിട്ടില്ല എന്നത് തിരിച്ചറിയേണ്ടതുണ്ട്. ഒരു ഇന്റർവ്യൂവിന് ഒരുങ്ങുന്ന ഉദ്യോഗാർഥി അതിന്റെ ദിവസവും മണിക്കൂറും അടുത്തുവരുമ്പോൾ കൂടുതൽ ജാഗ്രത പാലിക്കുകയല്ലേ ചെയ്യുക?

നമ്മളാകട്ടെ മരണത്തോടടു





ക്കുകയാണ്. എന്റെ ഉമ്മത്തിന്റെ ആയുസ്സ് 60നും 70നും ഇടയിലാണെന്ന് നബി(സ്വ) അരുളിയിട്ടുണ്ട്. അതുകൊണ്ട് ജോലിയിൽനിന്ന് വിരമിച്ചവരും പ്രായമായവരും പരലോകത്തേക്കുള്ള പാഥേയമൊരുക്കാനായിരിക്കണം മുൻഗണന നൽകേണ്ടത്.

ജീവിതത്തിന്റെ അവസാനകാലത്ത് വളരെ അത്യാവശ്യമില്ലാത്ത ബാധ്യതകൾ വലിച്ചുകൂട്ടി സ്വന്തം ആരാധനകളും അനുഷ്ഠാനങ്ങളും ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളും വിസ്മരിക്കരുത്.

ഒരു ദിവസത്തെ അഞ്ച് നേരമുള്ള ജമാഅത്ത് നമസ്കാരവും അതിന്റെ സുന്നത്തുകളും ക്വുർആൻ പാരായണവും ദിക്റുകളുമെല്ലാം വ്യവസ്ഥാപിതമായി ചെയ്യാൻ തീരുമാനിച്ചാൽ തള്ളിനീക്കാൻ എവിടെയാണ് നമുക്ക് സമയമുണ്ടാവുക? നാം വാങ്ങിവച്ച ക്വുർആൻ പരിഭാഷകൾ, പുസ്തകങ്ങൾ, റാപ്പർ പോലും പൊട്ടിക്കാത്ത ഇസ്‌ലാമിക ആനുകാലികങ്ങൾ എന്നിവ വായിക്കാൻ തീരുമാനിച്ചാൽ തള്ളിനീക്കാൻ സമയം എവിടെയാണുള്ളത്?

നിരീശ്വരവാദം സമുദായത്തിലേക്ക് ലിബറലിസത്തിന്റെ രൂപത്തിൽ കടന്നുവരുമ്പോൾ, തൗഹീദിൽ നിന്ന് സമുദായം അകന്നുപോകുമ്പോൾ, ശിർക്ക് ചെയ്യാൻ ക്വുർആൻ വചനങ്ങളെ ദുർവ്യാഖ്യാനം ചെയ്യുമ്പോൾ, ശീഇസം എന്ന വിപത്തിനെ കേരള മുസ്‌ലിംകളിലേക്ക് രഹസ്യമായി കടത്തിക്കൊണ്ടുവരുമ്പോൾ, മദ്യവും മയക്കുമരുന്നും വ്യാപകമാകുമ്പോൾ, സൈബർ സെക്സിനും ഇന്റർനെറ്റ് മാലിന്യങ്ങൾക്കും പുതുതലമുറ അടിമയാകുമ്പോൾ, നിസ്സാര കാരണങ്ങളാൽ കുടുംബങ്ങളിൽ ശൈഥില്യമുണ്ടാകുമ്പോൾ, ഹിജാബിന്റെയും ഹലാലിന്റേയും ജിഹാദിന്റെയും പേരിൽ വിവാദമുണ്ടാക്കി മതസ്വാതന്ത്ര്യം തന്നെ ഹനിക്കപ്പെടുമ്പോൾ, മുസ്‌ലിംകളെ ഒറ്റപ്പെടുത്തി വേട്ടയാടാൻ ലക്ഷ്യംവച്ച് തൽപരകക്ഷികൾ സമുദായത്തിനിടയിൽ ഭിന്നതയുണ്ടാക്കുമ്പോൾ... നമ്മുടെ ബാധ്യത എത്രമാത്രമാണ് വർധിക്കുന്നത്! ഇസ്‌ലാമിക പ്രബോധന പ്രവർത്തനത്തിനായി നാം ഇറങ്ങിയാൽ തള്ളിനീക്കാൻ സമയം എവിടെ? സ്വന്തം വീട്ടിൽ നമുക്ക് ചെയ്യാവുന്ന ജോലികൾ നാം തന്നെ ചെയ്യുമെന്ന് തീരുമാനിച്ചാൽ തള്ളിനീക്കാൻ സമയമുണ്ടാകുമോ? എന്തിനും ഏതിനും മരുന്നുകഴിച്ച് പണവും ആരോഗ്യവും നശിപ്പിക്കുന്നതിന് പകരം, മുറതെറ്റാതെ വ്യായാമത്തിലേർപ്പെട്ടാൽ സമയം തള്ളിനീക്കാനുണ്ടാകുമോ? കുടുംബത്തിലും നാട്ടുകാരിലും സുഹൃത്തുക്കളിലും പെട്ട രോഗികളെ സന്ദർശിക്കാൻ തീരുമാനിച്ചാൽ സമയത്തെ തള്ളിനീക്കേണ്ടി വരുമോ?

**സമയം തികയാത്തതല്ല മറ്റുചിലരുടെ പ്രശ്നം. സമയം തള്ളിനീക്കുകയാണെന്നാണ് അവർ പറയുന്നത്. ഒരു വിശ്വാസി ഇങ്ങനെ പറയാൻതന്നെ പാടില്ലാത്തതാണ്. മരണത്തിനുമുമ്പ് നമുക്ക് എന്തെല്ലാം ചെയ്യാനുണ്ട്! നമ്മൾ ഇപ്പോഴും ആ മുഖ്യലക്ഷ്യത്തിലേക്ക് എത്തിയിട്ടില്ല എന്നത് തിരിച്ചറിയേണ്ടതുണ്ട്. ഒരു ഇന്റർവ്യൂവിന് ഒരുങ്ങുന്ന ഉദ്യോഗാർഥി അതിന്റെ ദിവസവും മണിക്കൂറും അടുത്തുവരുമ്പോൾ കൂടുതൽ ജാഗ്രത പാലിക്കുകയല്ലേ ചെയ്യുക? നമ്മളാകട്ടെ മരണത്തോടടുക്കുകയാണ്. എന്റെ ഉമ്മത്തിന്റെ ആയുസ്സ് 60നും 70നും ഇടയിലാണെന്ന് നബി(സ്വ) അരുളിയിട്ടുണ്ട്. അതുകൊണ്ട് ജോലിയിൽനിന്ന് വിരമിച്ചവരും പ്രായമായവരും പരലോകത്തേക്കുള്ള പാഥേയമൊരുക്കാനായിരിക്കണം മുൻഗണന നൽകേണ്ടത്.**

കുടുംബബന്ധം ചാർത്താനായി കുടുംബങ്ങളെ സന്ദർശിക്കാൻ ഇറങ്ങിപ്പുറപ്പെട്ടാൽ വെറുതെ കളയാൻ സമയമെവിടെ?

കിഡ്നിയുടെ പ്രവർത്തനം നിലച്ച് ഡയാലിസിസ് ചെയ്യാൻ പ്രയാസം അനുഭവിക്കുന്നവർ, ക്യാൻസർ രോഗികൾ, നോക്കാൻപോലും ആരും ഇല്ലാത്തവർ, വീടില്ലാത്തവർ, കടബാധിതർ... ഇവരുടെയെല്ലാം പ്രശ്നപരിഹാരത്തിന് തന്നെക്കൊണ്ട് ചെയ്യാൻ കഴിയുന്ന എന്തെങ്കിലും ഒരു സേവനം ചെയ്യാൻ തീരുമാനിച്ചാൽ സമയം തള്ളിനീക്കേണ്ടി വരുമോ?

നബി(സ്വ)യുടെ ഈ കൽപന ക്ക് നാം കാതോർക്കുക: അംറുബിൻ മൈമൂനി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: ''നബി(സ്വ) ഒരു മനുഷ്യനോട് ഇപ്രകാരം ഉപദേശിച്ചു: 'അഞ്ചു കാര്യങ്ങൾക്ക് മുമ്പ് അഞ്ചു കാര്യങ്ങളെ നീ ഉപയോഗപ്പെടുത്തുക. വാർധ്യക്യത്തിനു മുമ്പ് യുവത്വം, രോഗത്തിനു മുമ്പ് ആരോഗ്യം, ദാരിദ്ര്യത്തിനു മുമ്പ് സമ്പന്നത, ജോലിത്തിരക്കിനു മുമ്പ് ഒഴിവുസമയം, മരണത്തിനുമുമ്പ് ജീവിതം.''




# തെരഞ്ഞെടുപ്പ് ഫലം: ഫാസിസത്തിന്റെ കരുത്തോ മതനിരപേക്ഷതയുടെ ശക്തിക്ഷയമോ?

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

ഇന്ത്യയിലെ അഞ്ച് സംസ്ഥാനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പ് രാജ്യം ഉറ്റുനോക്കുകയായിരുന്നു. കഴിഞ്ഞ മെയ് മാസത്തിൽ നടന്ന തെരഞ്ഞെടുപ്പുകളെക്കാൾ രാജ്യത്തിന്റെ ഭാവി നിർണയിക്കുന്ന തെരഞ്ഞെടുപ്പായിരുന്നു ഇപ്പോൾ നടന്നത്. ഉത്തർപ്രദേശ് അടക്കമുള്ള സംസ്ഥാനങ്ങളിലേക്കാണ് തെരഞ്ഞെടുപ്പ് നടന്നത് എന്നതാണ് അതിന്റെ കാരണം. മോഡിക്കും അമിത്ഷാക്കും ശേഷം മൂന്നാമനായി കരുതപ്പെടുന്ന യോഗിയുടെ ഭാവി എന്തായിരിക്കുമെന്ന് വിധി എഴുതുന്ന തെരഞ്ഞെടുപ്പായും ഇതിനെ നോക്കിക്കണ്ടവരുണ്ട്. ബി.ജെ.പി 2017ൽ നേടിയ 312 എന്ന അക്കത്തിൽ നിന്നും 255 ലേക്ക് ചുരുങ്ങിപ്പോയിട്ടുണ്ടെന്നും പ്രധാന പ്രതിപക്ഷ പാർട്ടിയായ സമാജ്‌വാദി പാർട്ടി 47 എന്ന അക്കത്തിൽ നിന്നും 111ലേക്ക് കുതിപ്പ് നടത്തിയിട്ടുണ്ട് എന്നെല്ലാം സമാശ്വസിക്കാമെങ്കിലും രണ്ടു വർഷം കഴിഞ്ഞ് രാജ്യത്ത് നടക്കാനിരിക്കുന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ നിലവിലെ യു.പി തെരഞ്ഞെടുപ്പ് ഫലം എങ്ങനെ സ്വാധീനിക്കുമെന്ന ആശങ്ക മതേതര ഭാരതത്തിന്റെ ഹൃദയത്തിൽ അലയടിക്കുകയാണ്.

കർഷകസമരത്തിന്റെ വേലിയേറ്റമുണ്ടായ പ്രദേശങ്ങളിലും, പെൺകുട്ടികൾ പോലും ക്രൂരമായി പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്ത പ്രദേശങ്ങളിലും, മതത്തിന്റെ പേരിൽ ക്രൂരമായി 'മോബ് ലിഞ്ച്' ചെയ്യപ്പെട്ട

ആയിരങ്ങളുടെ ശവക്കല്ലറകൾ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിലും ബി.ജെ.പി മത്സരിച്ച് ശക്തി തെളിയിച്ചിരിക്കുന്നു എന്നത് ഭയം വർധിപ്പിക്കുന്ന കാര്യമാണ്. എന്താണീ മാജിക്കിന്റെ പിന്നിൽ? ബാലറ്റ് യന്ത്രങ്ങളുടെ സാങ്കേതികത്വമാണെന്ന് പറഞ്ഞ് ആശ്വസിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്താൽ മാത്രം ശരിയായ കാരണം കണ്ടുപിടിക്കാനോ പരിഹാരം നിർദേശിക്കാനോ കഴിയില്ല. ബി.ജെ.പി നേതാക്കളെ തെറി വിളിച്ചതുകൊണ്ടോ അവരുടെ ക്രൂരതകൾ ആവർത്തിച്ചാവർത്തിച്ച് ഉരുവിട്ടതുകൊണ്ടോ പ്രശ്നത്തിന് അറുതിയുണ്ടാവില്ല. ബി.ജെ.പിയും സംഘ്പരിവാറും ഉണ്ടാക്കിയെടുത്ത സ്വാധീനങ്ങളിൽ നിന്നും രാജ്യത്തെ മുക്തമാക്കാൻ ഇത്തരം ഓട്ടയടക്കൽ പരിഹാരമല്ല എന്ന് തിരിച്ചറിയാനുള്ള വിവേകമെങ്കിലും മറ്റു പാർട്ടികൾക്കുണ്ടായെങ്കിൽ മാത്രമെ നിലനിൽക്കുന്ന ബി.ജെ.പി കുതിപ്പിനെ തടയിടാൻ സാധിക്കുകയുള്ളൂ.

**മതേതര കക്ഷികളുടെ ആത്മാർഥത?**

ഒരു കാര്യം ഉറപ്പാണ്. മതേതര ജനാധിപത്യ കക്ഷികൾ എന്നവകാശപ്പെടുന്ന പാർട്ടികൾക്ക്  സംഘ്പരിവാറിനെ തോൽപ്പിച്ച് രാജ്യത്തിന്റെ മതനിരപേക്ഷതയെ തിരിച്ചുപിടിക്കണം എന്ന ആത്മാർഥമായ ആഗ്രഹം ഇല്ല എന്നതാണ് ആ ഉറപ്പായ കാര്യം. പരസ്പരം മത്സരിക്കാനും പോരടിക്കാനും തങ്ങളിൽ ആരാണ് വലിയ കക്ഷി എന്ന് പരിശോധിക്കാനുമുള്ള ഒരു അവസരമായി മാത്രമാണ് രാജ്യത്തെ മതേതര കക്ഷികൾ തെരഞ്ഞെടുപ്പുകളെ കാണുന്നത്. രാജ്യം ഇത്രയും ഭീകരമായ അവസ്ഥയിൽ സ്ഥിതിചെയ്യുമ്പോൾ ഒറ്റക്കെട്ടായി നിന്ന് ശക്തമായ ഒരു മുന്നണിയുണ്ടാക്കി ഓരോ സംസ്ഥാനത്തിന്റെയും സ്വഭാവങ്ങൾ വിലയിരുത്തി അതിനനുസൃതമായ സ്ഥാനാർഥികളെ ഫീൽഡ് ചെയ്യുന്നതിന് പകരം ഒറ്റക്കൊറ്റയ്ക്ക് മത്സരിച്ച് ഉള്ള ശക്തിയും ചോർത്തി തകർന്നില്ലാതാവുകയാണ് ജനാധിപത്യ മതേതര ജനവിഭാഗങ്ങൾ പ്രതീക്ഷയർപ്പിച്ചിട്ടുള്ള മതനിരപേക്ഷ കക്ഷികൾ. തെരഞ്ഞെടുപ്പുകൾ ചതുരംഗക്കളികളെ പോലെയാണ്. ചതുരംഗത്തിലെ കുതിരകൾ ചിനക്കാറില്ല. കുളമ്പടി ശബ്ദം പുറപ്പെടുവിക്കാറുമില്ല. അതിലെ ആനകൾ ചിന്നം വിളിക്കാറുമില്ല. തേരുകൾ ബഹളങ്ങൾ കൂട്ടാറുമില്ല. നിശബ്ദമായി തന്നെ ഓരോ നീക്കങ്ങളെയും സസൂക്ഷ്മം നിരീക്ഷിച്ച് 'രാജാവി'ന്റെ സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യയുടെ ജനാധിപത്യ മതേതര സവിശേഷതയെ സംരക്ഷിക്കാനുള്ള അവസാനത്തെ 'ചെക്ക്' വിളിക്കാൻ സാധിക്കുക എന്നതിലാണ് രാഷ്ട്രീയ ചതുരംഗത്തിലെ വിജയം. പക്ഷെ, നമ്മുടെ ജനാധിപത്യ പാർട്ടികൾ നിരാശപ്പെടുത്തുകയാണ്. ഒന്നിച്ച് നിന്ന് ആത്മാർഥമായി പരിശ്രമിക്കാൻ അവർക്കൊട്ടും താൽപര്യമില്ല. അവരിലെ ഓരോ നേതാക്കൾക്കും മത്സരിക്കണം, എം.എൽ.എയും മന്ത്രിയുമാവണം. ദുര മൂത്ത അധികാരക്കൊതി മാത്രം ആദർശമായി കൊണ്ടുനടക്കുന്ന ഈ പാർട്ടികൾ വീണ്ടും വീണ്ടും നിരാശപ്പെടുത്തുകയാണ്.

തെരഞ്ഞെടുപ്പ് ഫലം വിശകലനം ചെയ്യുമ്പോൾ ഏതൊരു കൊച്ചുകുട്ടിക്ക് പോലും മനസ്സിലാകും ആരാണ്, എങ്ങനെയാണ് ബി.ജെ.പിയെ വിജയിപ്പിച്ചത് എന്നത്. ദാറുൽ ഉലൂം സ്ഥിതിചെയ്യുന്ന, മുസ്‌ലിം സമുദായാംഗങ്ങൾ 40 ശതമാനമുള്ള ദയൂബന്ദിൽ പോലും വിജയിച്ചത് ബി.ജെ.പിയാണ്. സമാജ് വാദിയും ബി.എസ്.പിയും ചേർന്നാണ് അവിടെ ബി.ജെ.പിയെ വിജയിപ്പിച്ചത്. ജയിച്ച ബി.ജെ.പി സ്ഥാനാർഥി ബ്രിജേഷിന് 93478 വോട്ട് ലഭിച്ചപ്പോൾ സമാജ് വാദി പാർട്ടി സ്ഥാനാർഥി കാർത്തികേയ റാണക്ക് 86511 വോട്ടും ബി.എസ്.പി സ്ഥാനാർഥി ചൗധരി രാജേന്ദ്ര സിംഗിന് 52526 വോട്ടുമാണ് ലഭിച്ചത്. കേവലം 7000 വോട്ടിന്റെ ഭൂരിപക്ഷത്തിന് വിജയിച്ച ബി.ജെ.പിയെ 45000 (നാൽപത്തിഅയ്യായിരം) വോട്ടുകൾക്ക് രണ്ടു പാർട്ടികൾക്കും ചേർന്ന് പരാജയപ്പെടുത്താമായിരുന്നു എന്നാണ് ഈ കണക്ക് സൂചിപ്പിക്കുന്നത്. പല സ്ഥലങ്ങളിലും ഇതുതന്നെയാണ് അവസ്ഥ. സമാജ് വാദി പാർട്ടിക്കും ബി.എസ്.പിക്കും പുറമെ കോൺഗ്രസും ഉവൈസിയുടെ

**കർഷകസമരത്തിന്റെ വേലിയേറ്റമുണ്ടായ പ്രദേശങ്ങളിലും, പെൺകുട്ടികൾ പോലും ക്രൂരമായി പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്ത പ്രദേശങ്ങളിലും, മതത്തിന്റെ പേരിൽ ക്രൂരമായി 'മോബ് ലിഞ്ച്' ചെയ്യപ്പെട്ട ആയിരങ്ങളുടെ ശവക്കല്ലറകൾ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിലും ബി.ജെ.പി മത്സരിച്ച് ശക്തി തെളിയിച്ചിരിക്കുന്നു എന്നത് ഭയം വർധിപ്പിക്കുന്ന കാര്യമാണ്. എന്താണീ മാജിക്കിന്റെ പിന്നിൽ? ബാലറ്റ് യന്ത്രങ്ങളുടെ സാങ്കേതികത്വമാണെന്ന് പറഞ്ഞ് ആശ്വസിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്താൽ മാത്രം ശരിയായ കാരണം കണ്ടുപിടിക്കാനോ പരിഹാരം നിർദേശിക്കാനോ കഴിയില്ല.**

പാർട്ടിയും ആം ആദ്മിയും വികാസ് പാർട്ടിയുമെല്ലാം ദയൂബന്ദിൽ മത്സരിച്ചിട്ടുണ്ട് എന്നത് ഇവരുടെയെല്ലാം ഉത്തരവാദിത്വമില്ലായ്മയെയാണ് ബോധ്യപ്പെടുത്തുന്നത്.

ഉത്തർപ്രദേശിലെ ഒട്ടുമിക്ക മണ്ഡലങ്ങളിലെയും തെരഞ്ഞെടുപ്പ് ഫലങ്ങൾ അവലോകനം ചെയ്തപ്പോൾ ബോധ്യപ്പെട്ട വസ്തുത യു.പിയിൽ യോഗി തരംഗമോ സംഘ്പരിവാർ ഭൂരിപക്ഷ വികാരമോ ഒന്നും അവിടെ ഇല്ല എന്നതുതന്നെയാണ്. മതനിരപേക്ഷ സംഘടനകൾ എന്ന് അവകാശപ്പെടുന്ന സമാജ് വാദി, ബി.എസ്.പി, രാഷ്ട്രീയ ലോക് ദൾ, കോൺഗ്രസ് എന്നിവരെല്ലാവരും ഭിന്നിച്ച് ഭിന്നിച്ച് പരസ്പരം മത്സരിച്ച് യോഗിയുടെ മാർക്കറ്റ് റേറ്റ് കൂട്ടുക മാത്രമാണുണ്ടായത്. പല മണ്ഡലങ്ങളിലും ബി.ജെ.പി കഷ്ടിച്ച് രക്ഷപ്പെടുകയാണ് ചെയ്തിട്ടുള്ളത്. യു.പിയിലെ ചില മുസ്‌ലിംകൾ പങ്കുവെച്ച വലിയ ആശങ്കയും ഇതുതന്നെയായിരുന്നു. ഇതിലേറെ നല്ലത് ബി.ജെ.പിക്ക് വോട്ടുചെയ്ത് അവരുടെ ശത്രുത ഒഴിവാക്കുന്നതല്ലേ പ്രായോഗികം എന്നുവരെ അവർ ചോദിച്ചു തുടങ്ങിയിരിക്കുന്നു.

### കോൺഗ്രസിന് ചുവട് പിഴച്ചതെവിടെ?

രാഷ്ട്രീയ പ്രശ്നങ്ങളെക്കാൾ ജാതി മത സങ്കുചിതത്വങ്ങൾക്കും അതിന്മേൽ പടുത്തുയർത്തപ്പെട്ട വൈകാരിക പ്രശ്നങ്ങൾക്കുമാണ് തെരഞ്ഞെടുപ്പിൽ പ്രാമുഖ്യം ലഭിച്ചുവന്നിരുന്നത് എന്നാണ് യു.പിയുടെ തെരഞ്ഞെടുപ്പ് ചരിത്രം നമ്മോട് പറയുന്നത്. 1951ൽ സംസ്ഥാന നിയമസഭയിലേക്ക് നടന്ന ആദ്യ തെരഞ്ഞെടുപ്പിൽ ഹിന്ദു വർഗീയ പാർട്ടിയായിരുന്ന ജനസംഘത്തിന് കേവലം രണ്ട് സീറ്റുകൾ മാത്രമായിരുന്നു ലഭിച്ചത്. അത്രമാത്രം മതേതരത്വം നിറഞ്ഞുനിന്നിരുന്ന പ്രദേശമായിരുന്നു യു.പി. എന്നാൽ ആർ.എസ്.എസിന്റെ അടുക്കളയിൽ പാകം ചെയ്ത് വിളമ്പിയ രാമജന്മഭൂമി എന്ന സ്വാദിഷ്ഠമായ വിഭവമാണ് 1991ലെ തെരഞ്ഞെടുപ്പിലൂടെ ബി.ജെ.പിയെ മുന്നിലെത്തിച്ചത്. രാജ്യം റിപ്പബ്ലിക്കായി 40 വർഷം കഴിയേണ്ടിവന്നു ബി.ജെ.പിക്ക് മുന്നോട്ട് കുതിക്കാൻ. സംസ്ഥാനം ഭരിച്ചിരുന്ന കോൺഗ്രസിന് ഇതിനെ പ്രതിരോധിക്കാൻ സാധിക്കുമായിരുന്ന സാമൂഹിക രാഷ്ട്രീയ സാഹചര്യം യു.പിയിൽ ഉണ്ടായിരുന്നുവെങ്കിലും രാമജന്മഭൂമി വിഷയത്തിൽ കോൺഗ്രസിന് ചുവട് തെറ്റിപ്പോയി. ശിലാന്യാസത്തിന് അനുമതി നൽകി ഒരേസമയം ന്യൂനപക്ഷങ്ങളുടെയും മതനിരപേക്ഷ വിഭാഗങ്ങളുടെയും വിശ്വാസ്യത കോൺഗ്രസ് നഷ്ടപ്പെടുത്തി. അങ്ങനെ 1989 ഡിസംബർ 5ന് മുഖ്യമന്ത്രി സ്ഥാനത്ത് നിന്നും പടിയിറങ്ങിയ എൻ.ഡി. തിവാരി യു.പിയിലെ അവസാനത്തെ കോൺഗ്രസ് മുഖ്യമന്ത്രിയായി മാറി.

**തെരഞ്ഞെടുപ്പുകൾ ചതുരംഗക്കളികളെ പോലെയാണ്. ചതുരംഗത്തിലെ കുതിരകൾ ചിനക്കാറില്ല. കുളമ്പടി ശബ്ദം പുറപ്പെടുവിക്കാറുമില്ല. അതിലെ ആനകൾ ചിന്നം വിളിക്കാറുമില്ല. തേരുകൾ ബഹളങ്ങൾ കൂട്ടാറുമില്ല. നിശബ്ദമായി തന്നെ ഓരോ നീക്കങ്ങളെയും സസൂക്ഷ്മം നിരീക്ഷിച്ച് 'രാജാവി'ന്റെ സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യയുടെ ജനാധിപത്യ മതേതര സവിശേഷതയെ സംരക്ഷിക്കാനുള്ള അവസാനത്തെ 'ചെക്ക്' വിളിക്കാൻ സാധിക്കുക എന്നതിലാണ് രാഷ്ട്രീയ ചതുരംഗത്തിലെ വിജയം. പക്ഷെ, നമ്മുടെ ജനാധിപത്യ പാർട്ടികൾ നിരാശപ്പെടുത്തുകയാണ്.**

### യു.പി വർഗീയ ജാതീയ രാഷ്ട്രീയത്തിലേക്ക്

ഈ സമയത്താണ് യു.പിയിൽ രണ്ട് തരത്തിലുള്ള രാഷ്ട്രീയങ്ങൾ തലപൊക്കുന്നത്. ഒന്ന് ബി.ജെ.പി മുമ്പോട്ടുവെച്ച മത രാഷ്ട്രീയം; മറ്റൊന്ന് ജനതാദൾ മുമ്പോട്ടുവെച്ച ജാതിരാഷ്ട്രീയം. ഇതുരണ്ടും ഒരു ബഹുസ്വര സമൂഹത്തിന് അപകടകരമാണ്. ജാതിരാഷ്ട്രീയം പ്രത്യക്ഷത്തിൽ മതരാഷ്ട്രീയം പോലെ അപകടകരമല്ലെന്ന് തോന്നുമെങ്കിലും ഫലത്തിൽ സംസ്ഥാനത്തിന്റെ സെക്കുലർ ഭിത്തിക്ക് വലിയ അപകടമാണ് അതുണ്ടാക്കിയത്. ഓരോ ജാതിയും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സംഘടിക്കുന്നത് തെറ്റല്ല, പക്ഷെ അത്തരം സംഘാടനങ്ങളെ രാഷ്ട്രീയ സംഘടനകൾ ദുരുപയോഗം ചെയ്യുകയും പരസ്പരം ശത്രുത വളർത്താൻ ഉപയോഗിക്കുകയും ചെയ്യുമ്പോൾ അതിന്റെ നേട്ടം വർഗീയസംഘടനകൾക്കാണ് ലഭിക്കുക. അതാണ് കോൺഗ്രസ് പാർട്ടിയെ ഉത്തർ



**ജാതിരാഷ്ട്രീയം പ്രത്യക്ഷത്തിൽ മതരാഷ്ട്രീയം പോലെ അപകടകരമല്ലെന്ന് തോന്നുമെങ്കിലും ഫലത്തിൽ സെക്കുലർ ഭിത്തിക്ക് വലിയ അപകടമാണ് അതുണ്ടാക്കുന്നത്. ഓരോ ജാതിയും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സംഘടിക്കുന്നത് തെറ്റല്ല, പക്ഷെ അത്തരം സംഘാടനങ്ങളെ രാഷ്ട്രീയ സംഘടനകൾ ദുരുപയോഗം ചെയ്യുകയും പരസ്പരം ശത്രുത വളർത്താൻ ഉപയോഗിക്കുകയും ചെയ്യുമ്പോൾ അതിന്റെ നേട്ടം വർഗീയസംഘടനകൾക്കാണ് ലഭിക്കുക. അതാണ് കോൺഗ്രസ് പാർട്ടിയെ ഉത്തർപ്രദേശിൽ നിന്നും നിഷ്കാസനം ചെയ്തത്.**

പ്രദേശിൽ നിന്നും നിഷ്കാസനം ചെയ്തത് എന്നുകൂടി മനസ്സിലാക്കുമ്പോൾ അതിന്റെ പ്രത്യാഘാതം ഒന്നുകൂടെ ബോധ്യപ്പെടും.

## ചരൺസിംഗ് തുടക്കമിട്ട കോൺഗ്രസ് ഇതര രാഷ്ട്രീയം

കോൺഗ്രസിനകത്തെ അഭിപ്രായ വ്യത്യാസങ്ങളാണ് യു.പിയുടെ സുശക്തമായ രാഷ്ട്രീയ സ്വഭാവത്തിന് ഇളക്കം തട്ടിച്ചത്. ഒരു കോൺഗ്രസ് വിരുദ്ധ സർക്കാർ 1967ൽ തന്നെ മുൻ പ്രധാനമന്ത്രി കൂടിയായ ചൗധരി ചരൺസിംഗിന്റെ നേതൃത്വത്തിൽ യു.പിയിൽ ഉണ്ടായിട്ടുണ്ട്. ജവഹർലാൽ നെഹ്റുവിനോടും പിന്നീട് ഇന്ദിരാഗാന്ധിയോടുമുണ്ടായ രാഷ്ട്രീയ വിയോജിപ്പുകളാണ് ചരൺസിംഗിനെ ഭാരതീയ ക്രാന്തി ദൾ എന്ന പേരിൽ പാർട്ടി രൂപീകരിക്കാൻ പ്രേരിപ്പിച്ചത്. സോവിയറ്റ് മാതൃകയിൽ കേരളത്തിലും മഹാരാഷ്ട്രയിലുമുണ്ടായ ഭൂപരിഷ്കരണം യു.പിയിലും നടപ്പാക്കണം എന്നായിരുന്നു ഇന്ദിരാഗാന്ധിയുടെ ആവശ്യം. എന്നാൽ സോവിയറ്റിലെ കമ്യൂണിസ്റ്റ് ശൈലിയോ പാശ്ചാത്യ കാപിറ്റലിസ്റ്റ് ശൈലിയോ അല്ല, ഇന്ത്യയിലെ കർഷകർക്കും ഭൂവുടമകൾക്കും സോഷ്യലിസമാണ് അനുയോജ്യമെന്ന പക്ഷക്കാരനായിരുന്നു ചരൺസിംഗ്. ചരൺസിംഗിന്റെ തീരുമാനത്തോട് യോജിച്ചുകൊണ്ടായിരുന്നു 1967ലെ തെരഞ്ഞെടുപ്പിൽ യു.പിയിലെ ജനങ്ങൾ നിന്നത്. ചരൺസിംഗിന്റെ പാർട്ടി പിന്നീട് ജനതാപാർട്ടിയിൽ ലയിക്കുകയാണുണ്ടായത്. എന്നാൽ പിന്നീട് ചന്ദ്രഭാനു ഗുപ്ത, ടി.എൻ.സിംഗ്, കമലാപതി ത്രിപാഠി, എച്ച്.എൻ. ബഹുഗുണ എന്നിവരിലൂടെ കോൺഗ്രസ് യു.പിയെ തിരിച്ചുപിടിച്ചു. അടിയന്തരാവസ്ഥക്ക് ശേഷം ഇന്ത്യയൊന്നാകെ ഉണ്ടായ കോൺഗ്രസ് വിരുദ്ധ വികാരത്തിൽ 1979ൽ യു.പിയിൽ ജനതാപാർട്ടി അധികാരത്തിൽ വന്നെങ്കിലും 1980ൽ വിശ്വനാഥ് പ്രതാപ് സിംഗിലൂടെ കോൺഗ്രസ് യു.പി പിടിച്ചടക്കി. തുടർന്ന് ശ്രീപതി മിശ്ര, വീർ ബഹാദൂർ സിംഗ് എന്നിവരിലൂടെ സഞ്ചരിച്ച് 1988ൽ വീണ്ടും എൻ.ഡി തിവാരിയിലെത്തിച്ചേർന്നു. സംഘ്പരിവാറിനെ ഭയന്ന് തിവാരി നടത്തിയ ശിലാന്യാസത്തിന് അനുമതി നൽകുക പോലെയുള്ള വർഗീയ നടപടികൾ കോൺഗ്രസിന്റെ പൂർണമായ പതനത്തിലേക്ക് നയിച്ചു.

## യു.പി രാഷ്ട്രീയവും വി.പി സിംഗും

ഈ കാലഘട്ടത്തിൽ ഉത്തരേന്ത്യയിൽ കോൺഗ്രസ് വിരുദ്ധ രാഷ്ട്രീയം വളർത്തിയെടുക്കുന്ന തിരക്കിലായിരുന്നു രാജീവ് ഗാന്ധിയോടുള്ള

അഭിപ്രായവ്യത്യാസത്താൽ കോൺഗ്രസ് വിട്ട വി.പി സിംഗ്. ജനതാദൾ എന്ന പാർട്ടി രൂപം കൊള്ളുന്നത് അങ്ങനെയാണ്. വി.പി.സിംഗിന്റെ ജനതാദളും ഡി.എം.കെ, തെലുങ്കുദേശം, ആസാം ഗണപരിഷത്ത് എന്നീ പാർട്ടികളും ചേർന്നുണ്ടാക്കിയ 'ദേശീയ മുന്നണി'ക്ക് ബി.ജെ.പിയുടെയും ഇടതുപക്ഷ പാർട്ടികളുടെയും പുറത്തുനിന്നുള്ള പിന്തുണയുമുണ്ടായിരുന്നു. ബി.ജെ.പിക്ക് ഒരു രാഷ്ട്രീയ ബലം ലഭിക്കാൻ ഇതൊരു കാരണമായി ഭവിക്കുകയും ചെയ്തു. ഈ കാലത്താണ് 1989ലെ തെരഞ്ഞെടുപ്പ് യു.പിയിൽ നടന്നത്. തെരഞ്ഞെടുപ്പിൽ വൻവിജയം നേടിയ ജനതാദൾ മുലായംസിംഗ് യാദവിനെ മുഖ്യമന്ത്രിയാക്കി. ഉത്തർപ്രദേശിന്റെ സവിശേഷ സാഹചര്യമായ ജാതീയതയെ മുലായം ഉണർത്തി. ഉയർന്ന ജാതി വിഭാഗങ്ങൾ (ബ്രാഹ്മണ, രജപുത്ര, വൈശ്യ തുടങ്ങിയ) 18 ശതമാനവും ഒ.ബി.സി വിഭാഗക്കാർ (യാദവ, കുർമി, ലോധി, മൗര്യ) 41 ശതമാനവും ജാതവ അടക്കമുള്ള ദളിത് വിഭാഗക്കാർ 22 ശതമാനവും മുസ്‌ലിംകൾ 19 ശതമാനവുമാണ്.

### വർഗീയതയുടെ രാഷ്ട്രീയ വളർച്ചയും ബി.ജെ.പിയുടെ അധികാരവും

1989ലെ തെരഞ്ഞെടുപ്പിലാണ് ആദ്യമായി ബഹുജൻ സമാജ് പാർട്ടിയും മത്സരിച്ചത്. കാൻഷിറാമിന്റെ നേതൃത്വത്തിൽ 1984ൽ പിറവി കൊണ്ട ബഹുജൻ സമാജ് പാർട്ടി (ബി.എസ്.പി) പട്ടികജാതി വിഭാഗങ്ങളുടെയും മുസ്‌ലിംകൾ അടക്കമുള്ള ഒ.ബി.സി വിഭാഗങ്ങളുടെയും അവകാശ സംരക്ഷണത്തിന് വേണ്ടിയാണ് രൂപം കൊണ്ടത്. ജനതാദൾ 208 സീറ്റ് നേടിയ തെരഞ്ഞെടുപ്പിൽ ബി.എസ്.പിക്ക് 13 സീറ്റുകൾ ലഭിച്ചു. കോൺഗ്രസ്, ബി.ജെ.പി എന്നീ പാർട്ടികൾ യഥാക്രമം 94, 57 സീറ്റുകൾ നേടി.

**ഉത്തർപ്രദേശിനെ ഇപ്പോൾ നയിക്കുന്നത് ഒന്നുകിൽ ജാതിയോ അല്ലെങ്കിൽ വർഗീയതയോ ആണ്. സമാജ് വാദിയും ബി.എസ്.പിയും ഏറെക്കുറെ ജാതി രാഷ്ട്രീയത്തിൽ അധിഷ്ടിതമാണ്. അവർക്ക് അവരുടേതായ വോട്ട് ബാങ്കുകളുണ്ട്. അവരുടെ വോട്ട് ബാങ്കിൽ വിള്ളൽ വീഴ്ത്തിയാണ് ബി.ജെ.പി ജയിച്ചു കയറുന്നത് എന്ന് മനസ്സിലാക്കാനുള്ള ബുദ്ധി അവർക്കില്ല എന്നതാണ് ഓരോ മണ്ഡലങ്ങളിലെയും തെരഞ്ഞെടുപ്പ് ഫലം തെളിയിക്കുന്നത്. കോൺഗ്രസിന് പ്രത്യേക വർഗീയ, ജാതി അജണ്ടകൾ പറയാനില്ലാത്തത് കൊണ്ട് അവർക്ക് യു.പി വർത്തമാന രാഷ്ട്രീയത്തിൽ ഇടം കണ്ടെത്താൻ സാധിക്കുന്നില്ല എന്നതാണ് വസ്തുത.**

കേന്ദ്രത്തിൽ വി.പി.സിംഗിന് നൽകിയത് പോലെ മുലായം സിംഗ് സർക്കാറിനും ബി.ജെ.പി പുറത്തുനിന്നുള്ള പിന്തുണ നൽകിയിരുന്നു. എൽ.കെ അദ്വാനിയുടെ രഥയാത്ര തടയുകയും അദ്വാനിയെ അറസ്റ്റ് ചെയ്യുകയും ചെയ്ത മുലായം സിംഗിന്റെ പോലീസ് 1990 നവംബറിൽ അയോധ്യയിൽ ബാബരി മസ്ജിദ് പൊളിക്കാനെത്തിയ കർസേവകർക്ക് നേരെ വെടിവെക്കുകയും ചെയ്തതിനെ തുടർന്ന് കേന്ദ്രത്തിൽ വി.പി സിംഗിനുള്ള പിന്തുണയും യു.പിയിൽ മുലായം സിംഗിനുള്ള പിന്തുണയും ബി.ജെ.പി പിൻവലിച്ചു.

വി.പി.സിംഗ് സർക്കാറിന്റെ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപടികളും മുലായം സിംഗിന്റെ കർസേവകർക്കെതിരെയും രഥയാത്രക്കെതിരെയുമുള്ള നടപടികൾ യു.പിയിൽ വലിയ കോളിളക്കമുണ്ടാക്കി. ഒരു മുസ്‌ലിം അനുകൂല നേതാവായി 'മൗലാനാ മുലായം' ചിത്രീകരിക്കപ്പെട്ടു. ബി.ജെ.പി അവസരം മുതലാക്കി. 1991ലെ തെരഞ്ഞെടുപ്പിൽ അവർ 221 സീറ്റുകൾ നേടി കേവലഭൂരിപക്ഷം നേടി. അതിനിടക്ക് മുലായം സിംഗ് ജനതാദളിലെ വി.പി സിംഗ് ചേരി വിട്ട് ചന്ദ്രശേഖർ ചേരിയായ എസ്.ജെ.പിയിൽ ചേർന്നിരുന്നു. 1991ലെ തെരഞ്ഞെടുപ്പിൽ മത്സരിച്ചെങ്കിലും എസ്.ജെ.പി ക്ലച്ച് പിടിച്ചില്ല. കേവലം 34 സീറ്റുകളാണ് മുലായം നയിച്ച പാർട്ടിക്ക് ലഭിച്ചത്. ജനതാദളിന് 92 സീറ്റും കോൺഗ്രസിന് 46 സീറ്റും ലഭിച്ചു. ബി.എസ്.പിക്ക് 12 സീറ്റ് കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. ഈ തെരഞ്ഞെടുപ്പിൽ മുലായം സിംഗിന്റെ എതിർ സ്ഥാനാർഥി കോൺഗ്രസുകാരനായിരുന്നു എന്ന കാര്യവും ഓർത്തുവെക്കേണ്ടതുണ്ട്.

അങ്ങനെ ആദ്യമായി ബി.ജെ.പിക്ക് ഉത്തർപ്രദേശിന്റെ ഭരണം ലഭിച്ചു. കല്യാൺ സിംഗ് എന്ന ഒ.ബി.സിയിൽ പെട്ട ലോധി വിഭാഗക്കാരനെ തന്നെ മുഖ്യമന്ത്രിയാക്കി ബി.ജെ.പി മുലായം സിംഗിനെ വെട്ടിലാക്കി. വി.പി.സിംഗിന്റെയും മുലായം സിംഗിന്റെയും വൈകാരിക നടപടികളായിരുന്നു ബി.ജെ.പിയുടെ കുതിപ്പിന് കാരണമെന്ന നിരീക്ഷണം തള്ളിക്കളയാൻ പറ്റില്ല. രാമജന്മഭൂമിയിലൂടെ ഹൈന്ദവവികാരമുണർത്തി നേടിയ വിജയത്തെ ഒന്നുകൂടി ഉറപ്പിക്കാൻ 1992ൽ ബാബരി മസ്ജിദിനെ തകർക്കാൻ ബി.ജെ.പിയെ പ്രേരിപ്പിച്ചു. എന്നാൽ മസ്ജിദ് ധ്വംസനത്തിന് ശേഷം രാജ്യമാകമാനം വർഗീയ കലാപങ്ങളുണ്ടായതോടെ കല്യാൺ സിംഗിന് രാജിവെക്കേണ്ടി വന്നു.

### സമാജ് വാദി പാർട്ടിയും ബി.എസ്.പിയും കൈകോർത്ത് പിടിച്ചപ്പോൾ

1992ൽ മുലായം സിംഗ് സമാജ് വാദി പാർട്ടി രൂപീകരിച്ചു. പിന്നാക്ക വിഭാഗങ്ങളുടെയും കർഷക വിഭാഗങ്ങളുടെയും ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടായിരുന്നു പാർട്ടി രൂപീകരിച്ചത്. ബി.ജെ.പി ഉയർത്തുന്ന

വർഗീയ രാഷ്ട്രീയത്തെ ചെറുക്കുക കൂടി അദ്ദേഹം ലക്ഷ്യമാക്കി. മുലായമിനെ സഹായിക്കാൻ ബി.എസ്.പിയുടെ കാൻഷിറാം മുമ്പോട്ടുവന്നു. അന്ന് അവർ ഉയർത്തിയ ഒരു മുദ്രാവാക്യമുണ്ട്. 'മിലെ മുലായം-കാൻഷിറാം, ഹവാ മേം ഉഡ് ഗയെ ജയ്ശ്രീറാം' എന്നായിരുന്നു അത്. 'മുലായം-കാൻഷിറാം ഒന്നായി; ജയ്ശ്രീറാം വിളി കാറ്റായി'. മുലായവും കാൻഷിയും ഒരു മുന്നണിയായി നിന്ന് ബി.ജെ.പിയെ നേരിട്ടു. രാമജന്മഭൂമി വികാരവും ബാബരി ധ്വംസനത്തിന്റെ എതിർവികാരവും തമ്മിലായിരുന്നു അന്നത്തെ യു.പിയിലെ മത്സരം. മത്സരത്തിൽ 177 സീറ്റ് നേടി ബി.ജെ.പി ഏറ്റവും വലിയ ഒറ്റക്കക്ഷി ആയെങ്കിലും ഭരിക്കാനുള്ള ഭൂരിപക്ഷം ഉണ്ടായില്ല. അവസരം മുതലാക്കി സമാജ് വാദി പാർട്ടിയും (109) ബഹുജൻ സമാജ് പാർട്ടിയും (67) കൈകോർത്തു. കോൺഗ്രസ് (28), ജനതാദൾ (27). കമ്മ്യൂണിസ്റ്റ് പാർട്ടികൾ (4) എന്നിവർ പുറത്ത് നിന്നും പിന്തുണച്ചു. മുലായം സിംഗ് വീണ്ടും യു.പി മുഖ്യമന്ത്രിയായി. ബി.എസ്.പി നേതാവും ഉത്തർ പ്രദേശിന്റെ ദളിത് മുഖവുമായ മായാവതി താരമായി ഉയരുകയും ചെയ്തു. മുലായം-മായാവതി ബന്ധം യു.പിയുടെ മതേതര മുഖത്തെ തേച്ചുമിനുക്കാൻ സഹായിച്ചു.



### ബി.ജെ.പി പിന്തുണയോടെ ബി.എസ്.പി അധികാരത്തിലേക്ക്

പക്ഷെ വീണ്ടും യു.പിയെ ദുരന്തം പിടികൂടി. 1995ൽ ഏതാനും സമാജ് വാദി 'ഗുണ്ടകൾ' മായാവതിയെയും ചില ബി.എസ്.പി എം.എൽ.എമാരെയും ആക്രമിച്ചുവെന്നും ജാതി അധിക്ഷേപം നടത്തിയെന്നും ആരോപിച്ച് മായാവതി മുലായം സർക്കാറിനുള്ള പിന്തുണ പിൻവലിച്ചു. മായാവതിയുടെ രക്ഷകരായി ബി.ജെ.പി രംഗപ്രവേശനം ചെയ്തു. മുലായം സിംഗിന് രാജി വെക്കേണ്ടി വന്നു. മായാവതിയെ അവർ മുഖ്യമന്ത്രിയാക്കി. ഉത്തർ പ്രദേശിനെ വർഗീയതയിൽ നിന്നും രക്ഷപ്പെടുത്തി മതേതരത്വവും സമാധാനവും തിരിച്ചുകൊണ്ടുവരാമെന്ന് വാഗ്ദത്തം ചെയ്ത് അധികാരത്തിലേറിയ ബി.എസ്.പി ദളിത് സമൂഹത്തെ പോലും വഞ്ചിച്ച് ബി.ജെ.പിയുടെ സഹയാത്രികരായി. അധികാരക്കൊതി മായാവതിയെ ലക്ഷ്യത്തിൽ നിന്നും തെറ്റിച്ചു. സംസ്ഥാനത്ത് ആദ്യമായി ഒരു ദളിത് മുഖ്യമന്ത്രിയെ അവരോധിക്കാൻ സാധിച്ചു എന്ന് ബി.ജെ.പി പ്രചാരണം നടത്തി. ഇത് ദളിത് സമൂഹത്തിൽ ഇളക്കമുണ്ടാക്കി. ബി.ജെ.പിയെ അവർ മിത്രങ്ങളായി കണ്ടുതുടങ്ങി.

### ബി.ജെ.പി മായാവതിക്കുള്ള പിന്തുണ പിൻവലിക്കുന്നു

ബി.ജെ.പിയുടെ പിന്തുണയോടെയുള്ള മായാവതിയുടെ ഭരണം 137 ദിവസം പിന്നിട്ടപ്പോൾ പ്രത്യേക കാരണങ്ങൾ കൂടാതെ തന്നെ ബി.ജെ.പി പിന്തുണ പിൻവലിച്ചു. 'ബ്രാഹ്മണർ നമ്മെ ഒറ്റിക്കൊടുത്തതിൽ യാതൊരു അത്ഭുതവും ഇല്ല' എന്നായിരുന്നു ബി.ജെ.പിയുടെ ഈ നടപടിയെ കുറിച്ച് കാൻഷി റാം പ്രതികരിച്ചത്. ബി.ജെ.പി പിന്തുണ പിൻവലിച്ചതോടെ യു.പി അനിശ്ചിതത്വത്തിലേക്ക് നീങ്ങി. രാഷ്ട്രപതി ഭരണം പ്രഖ്യാപിച്ചു. ഒന്നര വർഷത്തോളം നീണ്ടുനിന്ന രാഷ്ട്രപതി ഭരണത്തിനൊടുവിൽ 1997ൽ തെരഞ്ഞെടുപ്പ് നടന്നു. 1993ൽ സമാജ് വാദിയും ബി.എസ്.പിയും ഒരുമിച്ച് മത്സരിച്ചിരുന്നെങ്കിൽ 1997ൽ അവർ ബദ്ധശത്രുക്കളെ പോലെയായി. അതിലേറ്റവും ആനന്ദം കൊണ്ടത് ബി.ജെ.പിയും സംഘ്പരിവാർ ശക്തികളുമായിരുന്നു. എന്നാൽ ബി.എസ്.പി കോൺഗ്രസിന്റെ പിന്തുണ നേടി. ബി.എസ്.പിയും (67) കോൺഗ്രസും (33) ഒരുമിച്ച് 100 സീറ്റുകൾ മാത്രമാണ് നേടിയത്. ബി.ജെ.പി 174 സീറ്റുകൾ നേടി

വീണ്ടും ഏറ്റവും വലിയ ഒറ്റക്കക്ഷിയായി.

### ബി.എസ്.പി കോൺഗ്രസിനെയും വഞ്ചിക്കുന്നു

കോൺഗ്രസുമായി സഖ്യമുണ്ടാക്കിയ ബി.എസ്.പി രാഷ്ട്രീയ വഞ്ചന കാണിച്ച് അവരെ വഞ്ചിച്ച ബി.ജെ.പിയെ വീണ്ടും സമീപിച്ചു. ബി.ജെ.പിയുമായി ചേർന്ന് വീണ്ടും സർക്കാർ ഉണ്ടാക്കാൻ തയ്യാറാണെന്നും അങ്ങനെയെങ്കിൽ ആദ്യത്തെ ആറു മാസക്കാലം മായാവതിയെ മുഖ്യമന്ത്രിയാക്കണം എന്ന ഡിമാൻഡ് മുമ്പോട്ട് വെക്കുകയും ചെയ്തു. ആറു മാസം കഴിഞ്ഞ് ബാബരി മസ്ജിദ് ധ്വംസനക്കാലത്തെ മുഖ്യമന്ത്രി കല്യാൺസിംഗ് തന്നെ മുഖ്യമന്ത്രിയായി. കല്യാൺ സിംഗിന് ശേഷം ബി.ജെ.പിയുടെ റാം പ്രകാശ് ഗുപ്തയും രാജ്നാഥ് സിംഗും മുഖ്യമന്ത്രിയായി. ചുരുക്കത്തിൽ 1997 നവംബർ മുതൽ 2002 മാർച്ച് വരെ ബി.ജെ.പി സുഖമായി ഭരിച്ചു.

### തകരുന്ന ബി.ജെ.പിക്ക് വീണ്ടും ബി.എസ്.പിയുടെ കൈത്താങ്ങ്

2002ലെ തെരഞ്ഞെടുപ്പിൽ ബി.ജെ.പി 174ൽ നിന്നും 88ലേക്ക് കൂപ്പുകുത്തി. സമാജ് വാദി 147 സീറ്റ് നേടി ഏറ്റവും വലിയ ഒറ്റക്കക്ഷിയായെങ്കിലും 98 സീറ്റ് നേടിയ ബി.എസ്.പി, വീണ്ടും ബി.ജെ.പിയുടെ പിന്തുണ നേടി സർക്കാർ രൂപീകരിച്ചു. മായാവതി വീണ്ടും മുഖ്യമന്ത്രിയായി. പിന്നിൽ നിന്നും ഇടക്കിടക്ക് കുത്തുന്ന 'വരേണ്യ' വിഭാഗത്തിന്റെ പിന്തുണ തേടി അധികാരത്തിലിരിക്കുക എന്നതായി യു.പിയിലെ ദളിത് രാഷ്ട്രീയത്തിന്റെ ഗതി. ഒട്ടും നിലവാരമില്ലാത്ത ഈ കളികൾക്കിടയിലും സമാജ് വാദി അവരുടെ നിലപാടിൽ ഏറെക്കുറെ ഉറച്ചു നിന്നു. എന്നാൽ മൂന്നര മാസം പിന്നിട്ടതോടെ ബി.ജെ.പി മായാവതിക്കുള്ള പിന്തുണ വീണ്ടും പിൻവലിച്ചു.

**സംഘ്പരിവാറിനെ നേരിടാൻ ഉത്തർപ്രദേശിലെ മതനിരപേക്ഷ സംഘടനകൾ ആത്മാർഥത കാണിക്കുന്നില്ല എന്നതാണ് ആത്യന്തികമായ ശരി. ദളിതുകളുടെ മോചനത്തിനായി രൂപം കൊണ്ട ഒരു പാർട്ടി ദളിതുകളുടെ ശത്രുക്കളുടെ കൈയിലെ കളിപ്പാവയാകുകയും താൽകാലികമായി ലഭിക്കുന്ന മുഖ്യമന്ത്രി പദത്തിൽ രമിക്കുകയും ചെയ്യുക, ഒരേ പാർട്ടിയിലെ നേതാക്കളെ പരസ്പരം ഒതുക്കുവാൻ സംഘ്പരിവാറിനെ കൂട്ടുപിടിക്കുക, ആരാണ് ഏറ്റവും ജനപിന്തുണയുള്ള മതേതര കക്ഷി എന്ന് പറഞ്ഞു തർക്കിച്ച് സമയം കളയുക തുടങ്ങിയ കലാപരിപാടികളിലാണ് മതനിരപേക്ഷ സംഘടനകൾ സായൂജ്യമടയുന്നത്. ഇതിനാണ് മാറ്റമുണ്ടാകേണ്ടത്.**

### മുലായം വീണ്ടും അധികാരത്തിൽ

ഈ സന്ദർഭം മുതലെടുത്ത് 143 എം.എൽ.എമാരുള്ള മുലായം സിംഗ് ബി.എസ്.പിയിൽ നിന്നും 37 എം.എൽ.എ മാരെ കൂട്ടുപിടിച്ച് കോൺഗ്രസിന്റെയും (28), ആർ.എൽ.ഡിയുടെയും (14) പിന്തുണ നേടി അധികാരത്തിൽ വന്നു. 2007 വരെ ഈ നില തുടർന്നു. ബി.ജെ.പിയുടെ കുതന്ത്രങ്ങൾക്ക് തടയിടുക എന്ന ലക്ഷ്യത്തിൽ മുലായം വിജയിച്ചു. ഇത് 2007ലെ തെരഞ്ഞെടുപ്പിലും പ്രതിഫലിച്ചു. ബി.എസ്.പി 206 സീറ്റിലേക്ക് കുതിച്ച് കേവല ഭൂരിപക്ഷം നേടി ഏറ്റവും വലിയ ഒറ്റക്കക്ഷിയായപ്പോൾ ബി.ജെ.പി 51ലേക്ക് ചുരുങ്ങി. സമാജ് വാദി 96ലേക്ക് ഒതുങ്ങി. എന്നാൽ 2012ൽ ഇത് സമാജ് വാദി തിരിച്ചുപിടിച്ചു. അവർ 224 സീറ്റ് നേടിയപ്പോൾ ബി.എസ്.പി 80ൽ ഒതുങ്ങി. ബി.ജെ.പിയുടെ സീറ്റ് വീണ്ടും ചുരുങ്ങി 47ൽ എത്തി.

### മോഡി അധികാരത്തിൽ എത്തിയ ശേഷം

നരേന്ദ്ര മോഡി പ്രധാനമന്ത്രിയായ ശേഷം നടന്ന 2017ലെ തെരഞ്ഞെടുപ്പിൽ യോഗി ആദിത്യനാഥിനെ മുന്നിൽ നിർത്തി വീണ്ടും വർഗീയമായ തെരഞ്ഞെടുപ്പിലേക്ക് ഉത്തർപ്രദേശ് നീങ്ങിയപ്പോൾ മതേതര പാർട്ടികളായ സമാജ് വാദി പാർട്ടിക്കും ബി.എസ്.പിക്കും കോൺഗ്രസിനും ആർ.എൽ.ഡിക്കും ചുവടുപിഴച്ചു. എല്ലാവരും പഴയപോലെ വാശിയോടെ പരസ്പരം മത്സരിച്ചപ്പോൾ മോഡി ഇഫക്റ്റിൽ മുഴുവനാളുകളും കടപുഴകി വീണു. 2012ൽ കേവലം 47 സീറ്റ് മാത്രമുണ്ടായിരുന്ന ബി.ജെ.പി

GREEN VALLEY CAMPUS
Nellikkaparamba P.O, Mukkam, Pin: 673602
www.greenvalleycampus.com

ഉടൻ ആവശ്യമുണ്ട്

- ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യവും അക്കൗണ്ടിങ്ങിൽ പരിചയവുമുള്ള അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
- യോഗ്യതക്കനുസൃതമായ ശമ്പളവും മറ്റു ആനുകൂല്യങ്ങളും
- ബാച്ച്ലർ സ്റ്റാറ്റസ് താമസവും ഭക്ഷണവും

താല്പര്യമുള്ളവർ വിശദമായ CV അയക്കുക
job@greenvalleycampus.com

വിശദ വിവരങ്ങൾക്ക്
+91 9061716600




312ലേക്ക് കുതിച്ചു. 224 സീറ്റോടെ സംസ്ഥാനം ഭരിച്ചിരുന്ന അഖിലേഷിന്റെ എസ്. പിക്ക് 47 സീറ്റുകൾ മാത്രമാണ് ലഭിച്ചത്. ബി.എസ്.പിയും കോൺഗ്രസും മെലിഞ്ഞ് യഥാക്രമം 19ലും 7ലും എത്തി. 2017ലെ തെരഞ്ഞെടുപ്പ് ഫലം വിശകലനം ചെയ്യാൻ മതേതര പാർട്ടികൾ സമയം കണ്ടെത്തിയിരുന്നെങ്കിൽ അവരുടെ പിഴവുകൾ അവർക്ക് മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. സമാജ് വാദി പാർട്ടിയും കോൺഗ്രസും ബി.എസ്.പിയും മുന്നണിയായി പ്രവർത്തിച്ചിരുന്നെങ്കിൽ ബി.ജെ.പിക്ക് ഭരണത്തിലെത്താൻ കഴിയുമായിരുന്നില്ല എന്ന് കണക്കുകൾ വ്യക്തമാക്കുന്നുണ്ട്.

## ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പും നിരീക്ഷണവും

2022ൽ ബി.ജെ.പിയുടെ വിജയം ആവർത്തിച്ചു. ബി.ജെ.പിക്ക് ഭരണത്തുടർച്ച ലഭിച്ചു. ബി.ജെ.പിയുടെ സഹായത്തോടെ സംസ്ഥാനം ഭരിച്ചിരുന്ന ബി.എസ്.പിക്ക് ഒരു സീറ്റ് മാത്രമാണ് ഇത്തവണ ലഭിച്ചത്. കോൺഗ്രസിനാവട്ടെ രണ്ട് സീറ്റ് കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. ഇതെല്ലാം വ്യക്തമാക്കുന്നത് മതനിരപേക്ഷ കക്ഷികളുടെ അന്തമില്ലായ്മയെയാണ്. 312 സീറ്റ് നേടിയ ബി.ജെ.പിക്ക് 255 മാത്രമേ കിട്ടിയുള്ളൂ എന്നും 47ൽ നിന്നും സമാജ് വാദി 111ൽ എത്തി എന്നുമെല്ലാം പറഞ്ഞ് ആശ്വസിക്കാനാണ് ചില 'നിരീക്ഷകർ' ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള നിരീക്ഷണങ്ങളല്ല, യഥാർഥ പ്രശ്നങ്ങളെകുറിച്ച് പഠിക്കുവാനും യാഥാർഥ്യമെന്തെന്ന് കണ്ടുപിടിക്കാനും പരിഹാരം കാണാനുമുള്ള ശ്രമങ്ങളാണ് ഉണ്ടാവേണ്ടത്.

## യു.പിയും കോൺഗ്രസും

ഉത്തർപ്രദേശിൽ ഇപ്പോൾ കോൺഗ്രസിന് കാര്യമായ റോൾ ഇല്ല. ഇനിയുണ്ടാകുമോ എന്ന് പറയാനും സാധിക്കില്ല. അതിനുള്ള കാരണം ഉത്തർപ്രദേശിനെ ഇപ്പോൾ നയിക്കുന്നത് ഒന്നുകിൽ ജാതിയോ അല്ലെങ്കിൽ വർഗീയതയോ ആണ്. സമാജ് വാദിയും ബി.എസ്.പിയും ഏറെക്കുറെ ജാതി രാഷ്ട്രീയത്തിൽ അധിഷ്ഠിതമാണ്. അവർക്ക് അവരുടേതായ വോട്ട് ബാങ്കുകളുണ്ട്. അവരുടെ വോട്ട് ബാങ്കിൽ വിള്ളൽ വീഴ്ത്തിയാണ് ബി.ജെ.പി ജയിച്ചു കയറുന്നത് എന്ന് മനസ്സിലാക്കാനുള്ള ബുദ്ധി അവർക്കില്ല എന്നതാണ് ഓരോ മണ്ഡലങ്ങളിലെയും തെരഞ്ഞെടുപ്പ് ഫലം തെളിയിക്കുന്നത്. കോൺഗ്രസിന് പ്രത്യേക വർഗീയ, ജാതി അജണ്ടകൾ പറയാനില്ലാത്തത് കൊണ്ട് അവർക്ക് യു.പി വർത്തമാന രാഷ്ട്രീയത്തിൽ ഇടം കണ്ടെത്താൻ സാധിക്കുന്നില്ല എന്നതാണ് വസ്തുത.

## ഭാഗിക ശരികളല്ല, ആത്യന്തിക ശരികളെയാണ് കണ്ടെത്തേണ്ടത്

ഏതാനും ചില മണ്ഡലങ്ങളിലെ ചില മുസ്‌ലിം സംഘടനകൾ നിർത്തിയ സ്ഥാനാർഥികളെ ചൂണ്ടിക്കാണിച്ച് ഇതാണ് ബി.ജെ.പിയെ അധികാരത്തിലെത്തിച്ചത് എന്ന് പറഞ്ഞു വിലപിക്കുന്നവരുണ്ട്. അത് ഭാഗികമായ ശരി മാത്രമേ ആകുന്നുള്ളൂ. ആത്യന്തികമായ ശരി അതല്ല. സംഘ്പരിവാറിനെ നേരിടാൻ ഉത്തർപ്രദേശിലെ മതനിരപേക്ഷ സംഘടനകൾ ആത്മാർഥത കാണിക്കുന്നില്ല എന്നതാണ് ആത്യന്തികമായ ശരി. മുകളിൽ എഴുതിയ യു.പിയുടെ ആധുനിക രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ അത് വ്യക്തമാണ്. ദളിതുകളുടെ മോചനത്തിനായി രൂപം കൊണ്ട ഒരു പാർട്ടി ദളിതുകളുടെ ശത്രുക്കളുടെ കൈയിലെ കളിപ്പാവയാകുകയും താൽകാലികമായി ലഭിക്കുന്ന മുഖ്യമന്ത്രി പദത്തിൽ രമിക്കുകയും ചെയ്യുക, ഒരേ പാർട്ടിയിലെ നേതാക്കളെ പരസ്പരം ഒതുക്കുവാൻ സംഘ്പരിവാറിനെ കൂട്ടുപിടിക്കുക, ആരാണ് ഏറ്റവും ജനപിന്തുണയുള്ള മതേതര കക്ഷി എന്ന് പറഞ്ഞു തർക്കിച്ച് സമയം കളയുക തുടങ്ങിയ കലാപരിപാടികളിലാണ് മതനിരപേക്ഷ സംഘടനകൾ സായൂജ്യമടയുന്നത്. ഇതിനാണ് മാറ്റമുണ്ടാകേണ്ടത്.

ഉത്തർപ്രദേശിൽ ബി.ജെ.പിയുടെ ശക്തി ഒന്നുമല്ല എന്ന് ഫലങ്ങൾ തെളിയിക്കുന്നുണ്ട്. പക്ഷെ കിട്ടിയ വോട്ടിന്റെ ഷെയറോ രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ ലഭിച്ച വിജയങ്ങളുടെ കണക്കോ അല്ലല്ലോ അന്തിമമായ വിജയം. എത്ര സീറ്റ് ലഭിച്ചു എന്നത് തന്നെയാണ് പരിഗണിക്കപ്പെടേണ്ടത്. ജനാധിപത്യത്തിൽ നമ്പറിനാണ് പ്രാധാന്യം. തെരഞ്ഞെടുക്കപ്പെടുന്ന, വിജയിക്കുന്ന അംഗങ്ങളുടെ എണ്ണത്തിനാണ് മൂല്യമുള്ളത് എന്ന് മനസ്സിലാക്കി മുന്നണികൾ രൂപീകരിക്കാനും രാഷ്ട്രീയ അജണ്ട നിർണയിക്കാനും മതനിരപേക്ഷ കക്ഷികൾക്ക് ഇനിയെങ്കിലും സാധിക്കട്ടെ എന്ന് ആത്മാർഥമായി പ്രാർഥിക്കാം.





# സമസ്ത-ശീഈ കൂട്ടുകെട്ടും വികലവാദങ്ങളുടെ കുത്തൊഴുക്കും

മൂസ സ്വലാഹി കാര
:97473 45768

ദിവ്യബോധനത്തിന്റെ വെളിച്ചത്തിൽ നബി(സ) പകർന്നുതന്ന സമ്പൂർണ നിയമസംഹിതയാണ് വിശുദ്ധ ഇസ്‌ലാം. ഓരോ തലമുറയിലും കൂട്ടിച്ചേർക്കലും കുറച്ചുകളയലുമില്ലാതെ അഹ്‌ലുസ്സുന്നതി വൽ ജമാഅയുടെ പണ്ഡിതന്മാർ ഈ പൂർണതയെ സംരക്ഷിച്ചു പോന്നു. സത്യത്തെ കളങ്കപ്പെടുത്തുന്നവരും അതിനെ മൂടിവെക്കുന്നവരും അവർക്കുനേരെ കുതന്ത്രം മെനഞ്ഞപ്പോൾ സത്യസന്ധത കൈവിടാതെ പ്രതിരോധിക്കുവാനും സമൂഹത്തെ സംസ്‌കരിക്കുവാനും അവർക്ക് സാധിച്ചു. ശത്രുതയിലും വിദ്വേഷത്തിലും വമ്പത്തരം കാണിച്ച അവിശ്വാസികൾക്കും കപടന്മാർക്കും മുമ്പിൽ പ്രവാചകൻ (സ) മതനിയമങ്ങളെ മാറ്റിയിട്ടില്ലെന്നതും കടുത്ത പരീക്ഷണങ്ങളിൽ അദ്ദേഹവും അനുചരന്മാരും പതറിയിട്ടില്ലെന്നതും ആ പൂർണതയുടെ മഹത്ത്വത്തെ ഉയർത്തിക്കാട്ടുന്നു.

പ്രാമാണിക നിലപാടുകളെ കാറ്റിൽപറത്തി തന്നിഷ്ടങ്ങളെ പൂജിച്ച് പ്രവർത്തിക്കുന്ന എല്ലാ വ്യതിയാനകക്ഷികളും ഭയക്കേണ്ടത് നബി(സ്വ)ക്ക് വഹ്‌യായി കിട്ടിയതിൽ അവിടുന്ന് വല്ലതും അധികരിപ്പിക്കുകയോ, ന്യൂനത വരുത്തുകയോ, തന്റെ വകയായി വല്ലതും ചേർക്കുകയോ ചെയ്താൽ അദ്ദേഹത്തിന് പോലും കടുത്ത ശിക്ഷ നൽകുമെന്ന അല്ലാഹുവിന്റെ താക്കീതിനെയാണ്. അല്ലാഹു പറയുന്നു: "നമ്മുടെ പേരിൽ അദ്ദേഹം (പ്രവാചകൻ) വല്ല വാക്കും കെട്ടിച്ചമച്ചു

പ്രാമാണിക നിലപാടുകളെ കാറ്റിൽപറത്തി തന്നിഷ്ടങ്ങളെ പൂജിച്ച് പ്രവർത്തിക്കുന്ന എല്ലാ വ്യതിയാനകക്ഷികളും ഭയക്കേണ്ടത് നബി(സ്വ)ക്ക് വഹ്‌യായി കിട്ടിയതിൽ അവിടുന്ന് വല്ലതും അധികരിപ്പിക്കുകയോ, ന്യൂനത വരുത്തുകയോ, തന്റെ വകയായി വല്ലതും ചേർക്കുകയോ ചെയ്താൽ അദ്ദേഹത്തിന് പോലും കടുത്ത ശിക്ഷ നൽകുമെന്ന അല്ലാഹുവിന്റെ താക്കീതിനെയാണ്. അല്ലാഹു പറയുന്നു: ''നമ്മുടെ പേരിൽ അദ്ദേഹം (പ്രവാചകൻ) വല്ല വാക്കും കെട്ടിച്ചമച്ചു പറഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തെ നാം വലതുകൈകൊണ്ട് പിടികൂടുകയും എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചുകളയുകയും ചെയ്യുമായിരുന്നു'' (ക്വുർആൻ 69:44-46). അദൃശ്യ കാര്യങ്ങൾ അറിയുന്നവൻ അല്ലാഹു മാത്രമാണെന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസമാണ്. പ്രവാചകന്മാർക്കോ, ഔലിയാക്കൾക്കോ അവരുടെ ഇച്ഛാനുസരണം അതിൽ ഇടപെടാൻ കഴിയില്ല.



പറഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തെ നാം വലതുകൈകൊണ്ട് പിടികൂടുകയും എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചുകളയുകയും ചെയ്യുമായിരുന്നു'' (ക്വുർആൻ 69:44-46).

അദൃശ്യ കാര്യങ്ങൾ അറിയുന്നവൻ അല്ലാഹു മാത്രമാണെന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസമാണ്. പ്രവാചകന്മാർക്കോ, ഔലിയാക്കൾക്കോ അവരുടെ ഇച്ഛാനുസരണം അതിൽ ഇടപെടാൻ കഴിയില്ല. അല്ലാഹു പറയുന്നു: ''താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു'' (59:22)

ഈ വചനത്തിന്റെ വിശദീകരണത്തിൽ ഇബ്‌നു കഥീർ(റഹി) പറയുന്നു: ''ഏക ആരാധ്യനായ അല്ലാഹു; അവനല്ലാതെ മറ്റൊരു രക്ഷിതാവുമില്ല. സൃഷ്ടികൾക്ക് അവനല്ലാതെ മറ്റൊരു ആരാധ്യനില്ല. അവനു പുറമെ ആരാധിക്കപ്പെടുന്ന എല്ലാം വ്യർഥമാണ്. അവൻ പ്രത്യക്ഷവും പരോക്ഷവും അറിയുന്നു. അഥവാ, നമുക്ക് ദൃശ്യമായതും അദൃശ്യമായതുമായ മുഴുവൻ വസ്തുക്കളെക്കുറിച്ചും അവൻ അറിയുന്നു. ആകാശത്തിലോ ഭൂമിയിലോ ഉള്ള, സൂക്ഷ്മമോ സ്ഥൂലമോ, ചെറുതോ വലുതോ, അന്ധകാരങ്ങളിൽ ഉള്ള അണുമണി പോലുമോ അവന് ഗോപ്യമല്ല.''

എന്നാൽ ശിയാക്കളുടെ ഇമാമുമാർ മറഞ്ഞ കാര്യങ്ങൾ ഇഷ്ടാനുസരണം അറിയുമെന്നാണ് അവരുടെ ജൽപനം.

ഹാശിം ഇബ്‌നു സുലൈമാൻ അൽബഹ്‌റാനി പറയുന്നു: ''ആകാശത്തിലുള്ളതിന്റെ അറിവും ഭൂമിയിലുള്ളതിന്റെ അറിവും ഇമാമുമാർക്കുണ്ട്. ഉണ്ടായതും ഉണ്ടാകാൻ പോകുന്നതും അവർ അറിയും. രാപകലുകളിലായി ഓരോ നിമിഷവും സംഭവിക്കുന്നത് അവരറിയും. നബിമാരുടെ അറിവും അതിനപ്പുറമുള്ള അറിവും അവർക്കുണ്ട്'' (യനാബീഉൽ മുആജിസ് വ ഉസ്വൂലുൽ ദലാഇൽ).

കുലൈനിയുടെ അൽകാഫിയിൽ ഇപ്രകാരം കാണാം: ''ഇമാമുമാർ എപ്പോൾ മരിക്കുമെന്ന് അവർക്കറിയാം. അവരുടെ ഇഷ്ടപ്രകാരമല്ലാതെ അവർ മരിക്കുകയില്ല.''

മനസ്സിനകത്തുള്ള കാര്യങ്ങൾ അവർ അറിയുമെന്ന് മജ്‌ലിസിയുടെ 'ബിഹാറുൽ അൻവാറി'ലുമുണ്ട്.

ഈ വിശ്വാസത്തിൽ ഇവരോടൊപ്പം ഇഴുകിച്ചേർന്നു നിൽക്കുന്നവരാണ് സമസ്തക്കാർ. ചില തെളിവുകൾ കാണുക:

''മഹത്തുക്കളായ അമ്പിയാക്കൾ, ഔലിയാക്കൾ എന്നിവർക്ക് അസാധാരണ കഴിവ് അല്ലാഹു നൽകുമെന്ന്

ഇതിനു മുമ്പ് നാം വിവരിച്ചുകഴിഞ്ഞു. അതിൽനിന്ന് തന്നെ അദൃശ്യമായ കാര്യങ്ങൾ അറിയാൻ അവർക്ക് കഴിവുണ്ടെന്ന് വ്യംഗ്യന്തരേണ വ്യക്തമായി'' (തൗഹീദ് ഒരു സമഗ്രപഠനം/നെല്ലിക്കുത്ത്/പേജ് 479).

''അമ്പിയാക്കൾക്കും ഔലിയാക്കൾക്കും അവരുടെ താൽപര്യപ്രകാരം മറഞ്ഞകാര്യങ്ങൾ അല്ലാഹു അറിയിച്ചു കൊടുക്കുമെന്ന് ഇസ്‌ലാമിക പ്രമാണങ്ങൾ തെളിയിക്കുന്നുണ്ട്. പക്ഷേ, ഇസ്‌ലാമിലെ പരിഷ്കരണവാദികൾ ഇത് നിഷേധിക്കുന്നു'' (സുന്നത്ത് ജമാഅത്ത്/സുലൈമാൻ സഖാഫി/പേജ് 58).

മുഹ്‌യിദ്ദീൻ ശൈഖിനെ കുറിച്ചെഴുതിയത് കാണുക:

''കുഫ്ഫിയകത്തുള്ള വസ്തുവിനെഫോലെ

കാമാൻ ഞാൻ നിങ്ങളെ ഖൽബകം എന്നോവർ.

കുപ്പിയിൽ സൂക്ഷിച്ച വസ്തു പുറത്തുകാണാറുണ്ട്. ഇതുപോലെ നിങ്ങൾ ഹൃദയത്തിൽ സൂക്ഷിച്ച കാര്യങ്ങൾ താൻ അറിയുമെന്നാണ് ശൈഖവർകൾ ഇവിടെ അവകാശപ്പെടുന്നത്. ഹൃദയത്തിൽ സൂക്ഷിച്ച കാര്യങ്ങൾ അറിയുക മറഞ്ഞ കാര്യങ്ങൾ അറിയുന്നതിന്റെ ഭാഗമാണ്'' (സമ്പൂർണ മുഹ്‌യിദ്ദീൻ മാല വ്യാഖ്യാനം/മുസ്തഫാ ഫൈസി / പേജ്,457,458).

''പുത്തൻ വാദികൾ പറയുന്നത് മറഞ്ഞ കാര്യങ്ങൾ അല്ലാഹു അല്ലാതെ ആരും ഒന്നും അറിയില്ല എന്നാണ്. (സാലിബ കുല്ലിയ്യയാണ്). അതിന്റെ നഖീള മൂജബ ജുസ്ഇയ്യയാണ്. അഥവാ അറിഞ്ഞ ഒരു സംഭവമുണ്ടായാൽ അവരുടെ വാദം പൊളിഞ്ഞു. നമ്മൾ സാധാരണ കാര്യങ്ങൾ അറിയാനുള്ള ഒരു പാകതയിൽ ആയത് പോലെ അദൃശ്യം അറിയാനുള്ള ഒരു പാകതയിൽ എത്തിയവർ മഹാന്മാരിലുണ്ടാകാം. നബിമാർക്ക് അങ്ങനെ ഒരു വിശേഷണം ഉണ്ടാകും'' (അഹ്‌ലുസ്സുന്ന/അഫ്സൽ സഖാഫി / പേജ് 63).

നബി(സ്വ)യോ ഉത്കൃഷ്ടരായ സ്വഹാബത്തോ ഇങ്ങനെ ഒരാശയം പഠിപ്പിക്കാത്തതിനാൽ പുരോഹിതന്മാർ അവരെയും പരിഷ്കരണവാദികളും പുത്തൻ വാദികളുമാക്കി ചിത്രീകരിക്കുമോ? പ്രമാണങ്ങളിൽ ഒരു നിർദേശവുമില്ലാത്തെ ഈ കാര്യത്തെ പ്രവാചകന്മാരുടെ വിശേഷണമാക്കിയ ഇവർക്ക് ദുർവ്യാഖ്യാനവും കള്ളക്കഥകളുടെ പിൻബലവുമല്ലാതെ മറ്റെന്താശ്രയം? മതവിശ്വാസത്തിന്റെ പവിത്രതയെ ഹനിക്കും വിധമുള്ള ഇത്തരം പിഴച്ചവാദങ്ങളെ കൈകാര്യം ചെയ്യേണ്ടത് പ്രമാണങ്ങൾകൊണ്ട് തന്നെയാണ്. അല്ലാഹു പറയുന്നു:

''പറയുക: അല്ലാഹുവിൻെറ ഖജനാവുകൾ

ഹാശിം ഇബ്നു സുലൈമാൻ അൽബഹ്റാനി പറയുന്നു: ''ആകാശത്തിലുള്ളതിന്റെ അറിവും ഭൂമിയിലുള്ളതിന്റെ അറിവും ഇമാമുമാർക്കുണ്ട്. ഉണ്ടായതും ഉണ്ടാകാൻ പോകുന്നതും അവർ അറിയും. രാപകലുകളിലായി ഓരോ നിമിഷവും സംഭവിക്കുന്നത് അവരറിയും. നബിമാരുടെ അറിവും അതിനപ്പുറമുള്ള അറിവും അവർക്കുണ്ട്''
(യനാബീഉൽ മുഅ്ജിസ് വ ഉസ്വൂലുൽ ദലാഇൽ).
കുലൈനിയുടെ അൽകാഫിയിൽ ഇപ്രകാരം കാണാം: ''ഇമാമുമാർ എപ്പോൾ മരിക്കുമെന്ന് അവർക്കറിയാം. അവരുടെ ഇഷ്ടപ്രകാരമല്ലാതെ അവർ മരിക്കുകയില്ല.''
മനസ്സിനകത്തുള്ള കാര്യങ്ങൾ അവർ അറിയുമെന്ന് മജ്‌ലിസിയുടെ 'ബിഹാറുൽ അൻവാറി'ലുമുണ്ട്. ഈ വിശ്വാസത്തിൽ ഇവരോടൊപ്പം ഇഴുകിച്ചേർന്നു നിൽക്കുന്നവരാണ് സമസ്തക്കാർ.
ചില തെളിവുകൾ കാണുക:
''മഹത്തുക്കളായ അമ്പിയാക്കൾ, ഔലിയാക്കൾ എന്നിവർക്ക് അസാധാരണ കഴിവ് അല്ലാഹു നൽകുമെന്ന് ഇതിനു മുമ്പ് നാം വിവരിച്ചുകഴിഞ്ഞു. അതിൽനിന്ന് തന്നെ അദൃശ്യമായ കാര്യങ്ങൾ അറിയാൻ അവർക്ക് കഴിവുണ്ടെന്ന് വ്യംഗ്യന്തരേണ വ്യക്തമായി''
(തൗഹീദ് ഒരു സമഗ്രപഠനം/നെല്ലിക്കുത്ത്/പേജ് 479).

എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യം ഞാൻ അറിയുകയുമില്ല. ഞാൻ ഒരു മലക്കാണ് എന്നും ഞാൻ നിങ്ങളോട് പറയുന്നില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിന്തുടരുന്നില്ല. പറയുക: അന്ധനും കാഴ്ചയുള്ളവനും സമമാകുമോ? നിങ്ങളെന്താണ് ചിന്തിച്ച് നോക്കാത്തത്?'' (6:50).

''എനിക്ക് അദൃശ്യം അറിയാം എന്ന് ഞാൻ പറയുന്നില്ല. തീർച്ചയായും അത് ഉന്നതനും മഹാനുമായ അല്ലാഹുവിന്റെ അറിവിൽപെട്ടതാണ്. അദൃശ്യ കാര്യങ്ങളിൽ അവൻ അറിയിച്ചുതന്നതല്ലാത്ത ഒന്നും എനിക്ക് അറിയാൻ കഴിയില്ല എന്നതാണ് ഈ ആയത്തിന്റെ താൽപര്യം'' എന്ന് ഇബ്നു കഥീർ(റഹി) പറയുന്നു.

അല്ലാഹു പറയുന്നു: ''കണ്ണുകളുടെ കള്ളനോട്ടവും ഹൃദയങ്ങൾ മറച്ചുവയ്ക്കുന്നതും അവൻ (അല്ലാഹു) അറിയുന്നു'' (40:19).

ശീഈ ആശയത്തിന്റെ ഭാഗമാണ് ശകുന വിശ്വാസം. മിസ്വ്ർ, ശാം പോലുള്ള നാടുകളെ സംബന്ധിച്ച് അവർക്കുള്ള വിശ്വാസം നോക്കൂ; മജ്‌ലിസി പറയുന്നു: ''നിങ്ങൾ മിസ്വ്റിനെ ഒഴിവാക്കണം. അവിടെ താമസിക്കാൻ കൊതിക്കരുത്. കാരണം അത് ദുസ്സ്വഭാവമുണ്ടാക്കും.'' (ബിഹാറുൽ അൻവാർ).

‘‘അഹ്ലുശ്ശാം എന്ന് പറയരുത്. അഹ്ലുശ്ശുഅ്മ് (ശകുനമുള്ളവർ )എന്നു പറയണം. ദാവൂദ് നബിയുടെ നാവിലൂടെ ശപിക്കപ്പെട്ടവരാണവർ. അവരിൽനിന്ന് അല്ലാഹു കുരങ്ങുകളെയും പന്നികളെയും ഉണ്ടാക്കിയിട്ടുണ്ട്’’ (തഫ്സീറുൽ ഖുമ്മി).

‘‘വെള്ളിയാഴ്ച ദിവസം ഒരാവശ്യത്തിന് നീ പുറപ്പെടരുത്. ശനിയാഴ്ച ദിവസം സൂര്യൻ ഉദിച്ചാൽ നീ പോവുക. തിങ്കളാഴ്ചയോളം വലിയ ശകുനമുള്ള ദിവസം ഏതാണ്? അന്ന് നീ പുറപ്പെടാതെ ചൊവ്വാഴ്ച പോവുക. മാസത്തിൽ അവസാന ബുധൻ തുടർച്ചയായ ശകുനമാണ്’’ (വസാഇലുശ്ശീഅ/ആമിലി).

കുലൈനിയുടെ ‘അർറൗളതു മിനൽ കാഫി,’ ശൈഖ് സ്വദൂക്വിന്റെ ‘ഇലലുൽ ശറാഇഹ്,’ ‘അൽഖിസ്വാൽ,’ അബ്ദുല്ല ദീനവരിയുടെ ‘ഉയൂനുൽ അഖ്യാർ’ എന്നിവയിലും ഈ കാര്യങ്ങൾ വിശദമായി പറയുന്നുണ്ട്.

ശകുന (നഹ്സ്) വിശ്വാസത്തിൽ സമസ്തക്ക് ശീഇസത്തോടുള്ള ആത്മ ബന്ധം എത്രത്തോളമുണ്ടെന്ന് നോക്കാം:

‘‘എല്ലാ മാസവും 3,5,13,16,21,24,25,28 എന്നിവ ശുഭകരമല്ലെന്നാണ് ചരിത്ര സത്യങ്ങൾ സൂചിപ്പിക്കുന്നതെന്ന് ശൈഖ് ശാലിയാത്തി(റ) സ്പഷ്ടമാക്കിയിട്ടുണ്ട്. എന്നാൽ സഫർ മാസം 10, മുഹർറം 10, റജബ് 10, ജമാദുൽ ഊല 22 എന്നിവയെയും ഉത്തമവും ശുഭവുമായി പണ്ഡിതരിൽ ചിലർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ദിനങ്ങളിലും ഉദ്ദേശ്യ കാര്യങ്ങൾ നടത്താതിരിക്കുന്നത് അഭികാമ്യമെന്ന് പറയാം’’ (ഇസ്ലാമിലെ വിവിധ ആഘോഷങ്ങൾ/റിയാസ് ഫൈസി/പേജ്, 48).

‘‘എല്ലാ മാസവും അവസാന ബുധൻ പ്രത്യേകമായി സഫർ അവസാന ബുധൻ നിർഗുണവും നിർഭാഗ്യവുമാണ്’’ (നഹ്സ്/പേജ് 28).

‘‘എല്ലാ മാസവും 24 നഹ്സാണ്. റമദാൻ 24 കടുത്ത നഹ്സാണ’’ (നഹ്സ്/പേജ് 17).

കൂടാതെ ഇവർ പുറത്തിറക്കുന്ന സിറാജ്, സുപ്രഭാതം കലണ്ടറുകളിൽ ഓരോ മാസത്തിലെയും നഹ്സ് ദിവസങ്ങൾ പ്രത്യേകം എടുത്ത് കാണിച്ചിട്ടുമുണ്ട്.

എന്ത് തെളിവുകളുടെ അടിസ്ഥാനത്തിലാണ് ചില ദിവസങ്ങളെ ഇപ്രകാരം ദുശ്ശകുനത്തിന്റെതായി ഇവർ തരംതാഴ്ത്തുന്നതെന്നു ചോദിച്ചിട്ട് കാര്യമില്ല. തെളിവുകളുടെ പക്ഷത്ത് നിൽക്കാൻ സൗഭാഗ്യം ലഭിക്കാത്തവർക്ക് തെളിവിന്റെ ആവശ്യമില്ലല്ലോ.

നന്മതിന്മകൾ നിശ്ചയിക്കുന്നവൻ അല്ലാഹുവാണെന്നും അവന്റെ വിധിയെന്നോണം അത് നടപ്പാകുമെന്നും പഠിപ്പിച്ച മതത്തിന് ഇവരുടെ ദൃഷ്ടിയിൽ എന്ത് വിലയാണുള്ളത്? അല്ലാഹു പറയുന്നു:



‘‘നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്ന പക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്ന പക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. തന്റെ ദാസൻമാരിൽനിന്ന് താൻ ഇച്ഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണ ചൊരിയുന്നവനുമത്രെ’’ (10:107).

ഈ സൂക്തത്തിന്റെ വിശദീകരണത്തിൽ ഇബ്നു കഥീർ(റഹി) പറയുന്നു: ‘‘കാരണം നന്മയും തിന്മയും ഉപകാരവും ഉപദ്രവവുമൊക്കെ അല്ലാഹുവിലേക്ക് മാത്രം മടങ്ങുന്ന കാര്യങ്ങളാണ്. ഒരാൾക്കും ഇതിൽ പങ്കില്ല. അവൻ മാത്രമാണ് ആരാധനക്കർഹനായിട്ടുള്ളവൻ. അവന് യാതൊരു പങ്കുകാരിമില്ല.’’

ഇബ്നു മസ്ഊദി(റ)ൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: ‘‘ലക്ഷണം നോക്കൽ ശിർക്കാണ്.’ മൂന്ന് പ്രാവശ്യം അവിടുന്ന് ഇത് ആവർത്തിച്ചു’’ (അബൂദാവൂദ്).

ഇബ്നു ഹജറുൽ അസ്ക്വലാനി(റഹി) പറഞ്ഞത് കാണുക: ‘‘അത് (ശകുനം) ഉപകാരം കൊണ്ടുവരുമെന്നും ഉപദ്രവം തടുക്കുമെന്നും അവർ (അവിശ്വാസികൾ) വിശ്വസിച്ചതിനാലാണ് അല്ലാഹുവിൽ പങ്കു ചേർക്കലായി ഗണിച്ചത്. അങ്ങനെ അവർ അല്ലാഹുവിൽ പങ്കുചേർത്തവരായിത്തീർന്നു’’ (ഫത്ഹുൽബാരി).

നബിമാർക്ക് പോലും അനുമതിയില്ലാത്ത വിഷയമാണ് ഒരു കാര്യത്തെ ഹലാലാക്കുക, ഹറാമാ

ക്കുക എന്നത്. അല്ലാഹുവിന് പുറമെ ആരെങ്കിലും ആ പണി ഏറ്റെടുത്താൽ അത് അവർക്കുള്ള ആരാധനയാകും.

അല്ലാഹു പറയുന്നു: ''അല്ലാഹു ഒരു മനുഷ്യന് വേദവും മതവിജ്ഞാനവും പ്രവാചകത്വവും നൽകുകയും എന്നിട്ട് അദ്ദേഹം ജനങ്ങളോട് നിങ്ങൾ അല്ലാഹുവെ വിട്ട് എന്റെ ദാസൻമാരായിരിക്കുവിൻ എന്ന് പറയുകയും ചെയ്യുക എന്നത് ഉണ്ടാകാവുന്നതല്ല. എന്നാൽ നിങ്ങൾ വേദഗ്രന്ഥം പഠിപ്പിച്ചുകൊണ്ടിരിക്കുന്നതിലൂടെയും പഠിച്ചുകൊണ്ടിരിക്കുന്നതിലൂടെയും (അല്ലാഹുവിന്റെ) നിഷ്കളങ്ക ദാസൻമാരായിരിക്കണം (എന്നായിരിക്കും അദ്ദേഹം പറയുന്നത്)'' (3:79).

ശിയാക്കൾ അവരുടെ ഇമാമുമാരുടെ അധികാരമായി ഇതിനെ കാണുന്നു. മജ്‌ലിസിയുടെ ബിഹാറുൽ അൻവാറിലും മുഫീദിന്റെ അൽ ഇഖ്തിസ്വാസിലും എഴുതിയത് ഇപ്രകാരമാണ്: ''നിശ്ചയം, നമ്മുടെ ഇമാമുമാർ കാര്യങ്ങൾ ഏൽപിക്കപ്പെട്ടവരാണ്. അവർ എന്ത് ഹലാലാക്കിയോ അത് ഹലാലും എന്ത് ഹറാമാക്കിയോ അത് ഹറാമുമാണ്.''

നബി(സ), അലി(റ), ഫാത്വിമ(റ) എന്നിവർക്ക് അവർ ഉദ്ദേശിക്കുന്നത് അനുവദനീയമാക്കാനും നിഷിദ്ധമാക്കാനും സാധിക്കുമെന്ന് 'ഉസൂലുൽ കാഫി'യിലും 'ബിഹാറുൽ അൻവാറി'ലുമുണ്ട്.

'ഇമാമുമാർ ഹലാലാക്കുന്നതും ഹറാമാക്കുന്നതും നമ്മെ അക്രമികളായ ഭരണാധികാരികളിൽനിന്ന് രക്ഷപ്പെടുത്തുമെന്നും അവർ അത് ഏൽപിക്കപ്പെട്ടവരാണെന്നും ശൈഖ് ഹസൻ ഇബ്നു ഫറൂഖിന്റെ 'ബസാഇറുദ്ദറജാത്തി'ലും 'ബിഹാറുൽ അൻവാറി'ലുമുണ്ട്.

ജൂത ക്രൈസ്തവ സഭകൾ ചെയ്തുവരുന്ന ഈ നിഷിദ്ധത്തിന് ശിയാക്കളോടൊപ്പം സമസ്തയുടെ പുരോഹിതന്മാർ ശക്തമായിത്തന്നെ രംഗത്തുണ്ട്. ഇവർ നബിചര്യയെ അവമതിക്കുകയും പുത്തനാചാരങ്ങളെ പുണ്യപ്രവൃത്തിയാക്കി സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുകയും ചെയ്തതിന്റെ ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കൂ:

സഹായതേട്ടം: ''അമ്പിയാ ഔലിയാക്കളോട് സഹായാഭ്യർഥന നടത്തൽ പുണ്യകർമമാണ്. പ്രതിഫലാർഹവും സുന്നത്തുമാണ്'' (മൻഖൂസ് മൗലീദ് വ്യാഖ്യാനം/ജലീൽ സഖാഫി പുല്ലാര /പേജ് 49).

നബിദിനാഘോഷം: ''വിപുലവും വ്യവസ്ഥാപിതവുമായ മൗലിദാഘോഷം സുന്നത്തായ നബിചര്യയാണ്. അതിന്റെ അടിസ്ഥാന രേഖകൾ നബി(സ)യിലും സ്വഹാബികളിലുമെത്തുന്നവയും സുദൃഢവുമാകുന്നു'' (സുന്നിവോയ്സ്/2011 ഫെബ്രുവരി/ പേജ് 21).

അല്ലാഹു പറയുന്നു: ''അല്ലാഹു ഒരു മനുഷ്യന് വേദവും മതവിജ്ഞാനവും പ്രവാചകത്വവും നൽകുകയും എന്നിട്ട് അദ്ദേഹം ജനങ്ങളോട് നിങ്ങൾ അല്ലാഹുവെ വിട്ട് എന്റെ ദാസൻമാരായിരിക്കുവിൻ എന്ന് പറയുകയും ചെയ്യുക എന്നത് ഉണ്ടാകാവുന്നതല്ല. എന്നാൽ നിങ്ങൾ വേദഗ്രന്ഥം പഠിപ്പിച്ചു കൊണ്ടിരിക്കുന്നതിലൂടെയും പഠിച്ചു കൊണ്ടിരിക്കുന്നതിലൂടെയും (അല്ലാഹുവിന്റെ) നിഷ്കളങ്ക ദാസൻമാരായിരിക്കണം (എന്നായിരിക്കും അദ്ദേഹം പറയുന്നത്)'' (3:79). ശിയാക്കൾ അവരുടെ ഇമാമുമാരുടെ അധികാരമായി ഇതിനെ കാണുന്നു. മജ്‌ലിസിയുടെ ബിഹാറുൽ അൻവാറിലും മുഫീദിന്റെ അൽ ഇഖ്തിസ്വാസിലും എഴുതിയത് ഇപ്രകാരമാണ്: ''നിശ്ചയം, നമ്മുടെ ഇമാമുമാർ കാര്യങ്ങൾ ഏൽപിക്കപ്പെട്ടവരാണ്. അവർ എന്ത് ഹലാലാക്കിയോ അത് ഹലാലും എന്ത് ഹറാമാക്കിയോ അത് ഹറാമുമാണ്.''

''അമ്പിയാ, ഔലിയാ, സ്വാലിഹീങ്ങൾ എന്നീ മഹാന്മാരെ ഇടയാളന്മാരാക്കി അല്ലാഹുവിലേക്ക് തവസ്സുൽ ചെയ്യുന്നത് അനുവദനീയമാകുന്നു'' (കൊട്ടപ്പുറം സംവാദം/ഒ.എം. തരുവണ/ പേജ് 14).

''മഖ്ബറകളിൽ ആവശ്യത്തിന് വെളിച്ചമേർപ്പെടുത്തണം. സിയാറത്തു ചെയ്യുന്നവർക്കോ മറ്റോ പ്രയോജനപ്പെടുമെങ്കിൽ വിളക്കു കത്തിക്കൽ സുന്നത്താണ്'' (മഖ്ബറ: ആചാരവും അനാചാരവും/ പേജ് 35).

''പരപുരുഷന്മാർ സംബന്ധിക്കുന്ന പള്ളികളിലേക്കു ജുമുഅ ജമാഅത്തുകൾക്കായി സ്ത്രീകൾ പുറപ്പെടുന്നതു നിഷിദ്ധവും ഇസ്‌ലാമിക വിരുദ്ധവുമാണ്'' (സുന്നത്ത് ജമാഅത്ത്/ സുലൈമാൻ സഖാഫി/പേജ് 111).

ഇതെല്ലാം ഇന്നും ഇവർ തുടരുന്നു. എത്രയെത്ര അറബി വാക്യങ്ങളാണ് സുന്നത്താക്കപ്പെട്ട പ്രാർഥനകളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നത്! പുതിയ ആഘോഷ ദിനങ്ങളും കപട ആത്മീയ സദസ്സുകളും ഉണ്ടായി വരുന്നു. അല്ലാഹു പറയുന്നു:

''സത്യവിശ്വാസികളേ, പണ്ഡിതൻമാരിലും പുരോഹിതൻമാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (അവരെ) തടയുകയും ചെയ്യുന്നു. സ്വർണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക'' (ക്വുർആൻ 9:34). ■

അബ്ദുർറഹ്മാനുബ്ന നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



അധ്യായം: 48

# അൽഫത്ഹ്
# (വിജയം)

(മദീനയിൽ അവതരിച്ചത്)

بسم الله الرحمن الرحيم

إِنَّا فَتَحْنَا لَكَ فَتْحًا مُّبِينًا ﴿١﴾
لِّيَغْفِرَ لَكَ ٱللَّهُ مَا تَقَدَّمَ مِن ذَنۢبِكَ وَمَا تَأَخَّرَ
وَيُتِمَّ نِعْمَتَهُۥ عَلَيْكَ وَيَهْدِيَكَ صِرَٰطًا مُّسْتَقِيمًا ﴿٢﴾
وَيَنصُرَكَ ٱللَّهُ نَصْرًا عَزِيزًا ﴿٣﴾
هُوَ ٱلَّذِىٓ أَنزَلَ ٱلسَّكِينَةَ فِى قُلُوبِ ٱلْمُؤْمِنِينَ
لِيَزْدَادُوٓا۟ إِيمَٰنًا مَّعَ إِيمَٰنِهِمْ ۗ وَلِلَّهِ جُنُودُ
ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَكَانَ ٱللَّهُ عَلِيمًا حَكِيمًا ﴿٤﴾
لِّيُدْخِلَ ٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ جَنَّٰتٍ تَجْرِى مِن
تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا وَيُكَفِّرَ عَنْهُمْ
سَيِّـَٔاتِهِمْ ۚ وَكَانَ ذَٰلِكَ عِندَ ٱللَّهِ فَوْزًا عَظِيمًا
﴿٥﴾

1. തീർച്ചയായും നിനക്ക് നാം പ്രത്യക്ഷമായ ഒരു വിജയം നൽകിയിരിക്കുന്നു.
2. നിന്റെ പാപത്തിൽനിന്ന് മുമ്പ് കഴിഞ്ഞുപോയതും പിന്നീട് ഉണ്ടാകുന്നതും അല്ലാഹു നിനക്ക് പൊറുത്തു തരുന്നതിനു വേണ്ടിയും, അവന്റെ അനുഗ്രഹം നിനക്ക് നിറവേറ്റിത്തരുന്നതിനുവേണ്ടിയും, നിന്നെ നേരായ പാതയിലൂടെ നയിക്കുന്നതിന് വേണ്ടിയുമാകുന്നു അത്.
3. അന്തസ്സാർന്ന ഒരു സഹായം അല്ലാഹു നിനക്ക് നൽകാൻ വേണ്ടിയും.
4. അവനാകുന്നു സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ ശാന്തി ഇറക്കിക്കൊടുത്തത്. അവരുടെ വിശ്വാസത്തോടൊപ്പം കൂടുതൽ വിശ്വാസം ഉണ്ടായിത്തീരുന്നതിനുവേണ്ടി. അല്ലാഹുവിന്നുള്ളതാകുന്നു ആകാശങ്ങളിലെയും ഭൂമിയിലെയും സൈന്യങ്ങൾ. അല്ലാഹു സർവജ്ഞനും യുക്തിമാനുമായിരിക്കുന്നു.
5. സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും താഴ്ഭാഗത്തുകൂടി നദികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ നിത്യവാസികളെന്ന നിലയിൽ പ്രവേശിപ്പിക്കാൻ വേണ്ടിയത്രെ അത്. അവരിൽനിന്ന് അവരുടെ തിന്മകൾ മായ്ച്ചുകളയുവാൻ വേണ്ടിയും. അല്ലാഹുവിന്റെ അടുക്കൽ അത് ഒരു മഹാഭാഗ്യമാകുന്നു.

ഹുദൈബിയാ സന്ധിയാണ് ഇവിടെ പരാമർശിക്കപ്പെട്ട വിജയം. സുദീർഘമായ ആ സംഭവത്തിൽ നബി(സ്വ) ഉംറ നിർവഹിക്കുവാൻവേണ്ടി വരികയും മുശ്രിക്കുകൾ തടയുകയും ചെയ്ത സന്ദർഭം. ഇരുപത് വർഷത്തേക്കുള്ള സന്ധിയായിരുന്നു ആ സംഭവത്തിന്റെ അവസാനം. അടുത്ത വർഷം ഉംറ ചെയ്യാമെന്നും ആ സന്ധിയിലുണ്ട്. ക്വുറൈശികളുടെ കരാറിലും വ്യവസ്ഥയിലും പ്രവേശിക്കാൻ ഉദ്ദേശിക്കുന്നവർക്ക് അതും നബി(സ്വ)യുടെ കരാറിലും വ്യവസ്ഥയിലും പ്രവേശിക്കാൻ ഉദ്ദേശിക്കുന്നവർക്ക് അങ്ങനെയും ചെയ്യാം. പരസ്പര നിർഭയത്വത്തിനു വേണ്ടിയായിരുന്നു അത്. അല്ലാഹുവിന്റെ മതത്തിന്റെ

പ്രബോധന മേഖല വിശാലമായിരുന്നു. സാധ്യമാകുന്ന എല്ലാ പ്രദേശങ്ങളിലും വിശ്വാസികൾ പ്രബോധനവുമായി ഉണ്ടായിരുന്നു. ഇസ്‌ലാമിക സത്യമനുസരിച്ച് നിലകൊള്ളാൻ താൽപര്യമുള്ളവന് അതിന് സൗകര്യം ലഭിച്ചു. ആ കാലയളവിൽ സംഘം സംഘമായി ഇസ്‌ലാമിൽ പ്രവേശിക്കുന്നതിനാലാണ് അല്ലാഹു അതിനെ വിജയം എന്ന് വിളിച്ചത്. വ്യക്തമായ വിജയം എന്നാണ് അതിനെ വിശേഷിപ്പിച്ചതും. വ്യക്തവും പ്രകടവുമായ വിജയം. മുസ്‌ലിംകൾ വിജയം വരിച്ചു. അല്ലാഹുവിന്റെ ദീനിനെ ശക്തിപ്പെടുത്തിയതും മുശ്‌രിക്കുകളുടെ നാടുകൾ വിജയിച്ചു എന്നതുംകൂടെ അതിന്റെ ഉദ്ദേശ്യമാണ്.

**2.** ഈ വിജയത്തിന്റെ അനുബന്ധമായി ധാരാളം കാര്യങ്ങൾ അല്ലാഹു പറയുന്നുണ്ട്. (നിന്റെ പാപത്തിൽനിന്ന് മുമ്പ് കഴിഞ്ഞുപോയ തും പിന്നീട് ഉണ്ടാകുന്നതും അല്ലാഹു നിനക്ക് പൊറുത്തുതരുന്നതിനുവേണ്ടി). അത്-അല്ലാഹുവാണ് നന്നായറിയുന്നവൻ-ദീനിൽ ധാരാളം ആളുകൾ പ്രവേശിക്കുവാനും വളരെയധികം നന്മകൾ ഉണ്ടാകുവാനും കാരണമായി. ദൃഢമനസ്കരായ പ്രവാചകന്മാർ ക്ഷമിച്ച പോലെ ആ സന്ധിയിലും നിബന്ധനകളിലും നബി(സ്വ)ക്ക് സഹിക്കേണ്ടിവന്നു. ഇതെല്ലാം പ്രവാചകന്റെ ഉന്നത സ്ഥാനങ്ങളും അദ്ദേഹത്തിന് ലഭിച്ച അനുഗ്രഹങ്ങളുമാണ്. അതായത് മുമ്പ് കഴിഞ്ഞുപോയതും പിന്നീട് ഉണ്ടാകുന്നതുമായ പാപങ്ങൾ അല്ലാഹു പൊറുത്തുകൊടുത്തു എന്നത്. (അവന്റെ അനുഗ്രഹം നിനക്ക് നിറവേറ്റിത്തരുന്നതിനുവേണ്ടിയും) നിന്റെ മതത്തെ പ്രതാപമു ള്ളതാക്കാനും നിന്റെ ശത്രുക്കൾക്കെതിരെ സഹായിക്കാനും നിന്റെ പ്രശസ്തി പരത്താനും. (നിന്നെ നേരായ പാതയിലൂടെ നയിക്കുന്നതിനുവേണ്ടിയുമാകുന്നു) അതുമൂലം നീ നിത്യസൗഭാഗ്യവും ശാശ്വതവിജയവും നേടുന്നു.

**3.** (അന്തസ്സാർന്ന ഒരു സഹായം അല്ലാഹു നിനക്ക് നൽകാൻ വേണ്ടിയും) ഇസ്‌ലാമിൽ ദുർബലമവാത്ത ശക്തി. സമ്പൂർണ വിജയം കൈവരിക്കുന്നു. സത്യനിഷേധികളെ ഉന്മൂലനം ചെയ്യുകയും നിന്ദ്യരാക്കുകയും ചെയ്യുന്നു. മുസ്‌ലിംകൾ പൂർണ ശക്തി കൈവരിക്കുകയും അവരുടെ സമ്പത്ത് പരിപോഷിക്കുകയും ചെയ്യുന്നു. ഈ വിജയം മൂലം സത്യവിശ്വാസികൾക്കുണ്ടാകുന്ന ഫലങ്ങളാണ് തുടർന്ന് പറയുന്നത്.

**4.** സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ സമാധാനം ഇറക്കിക്കൊടുക്കുന്ന അനുഗ്രഹത്തെയാണ് ഇവിടെ പരാമർശിക്കുന്നത്. അസ്വസ്ഥതയുണ്ടാക്കുന്ന പരീക്ഷണങ്ങൾ ഇറങ്ങുമ്പോഴും മനസ്സിനെ ദുർബലമാക്കുകയും ബുദ്ധിക ൾ പരിഭ്രമിക്കുകയും ഹൃദയങ്ങളിൽ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങളിലുണ്ടാകുന്ന സ്വസ്ഥതയും സമാ ധാനവുമാണ് അത്. ഹൃദയത്തെ ഉറപ്പിച്ച് നിർത്താനും സൈ്വര്യം നൽകാനും ഇത്തരം സന്ദർഭങ്ങളിൽ അല്ലാഹു തന്റെ ദാസന് നൽകുന്ന അനുഗ്രഹമാണത്. ഇത്തരം പ്രയാസങ്ങളെയെല്ലാം ശാന്തമായ മനസ്സോടും ഉറച്ചഹൃദയ ത്തോടും ഏറ്റെടുക്കാൻ വേണ്ടി. അപ്പോൾ ഇത്തരം സന്ദർഭങ്ങളിലും അല്ലാഹുവിന്റെ കൽപനകൾ നിറവേറ്റാൻ അവൻ സന്നദ്ധനാകുന്നു. അതുമൂലം അവന്റെ വിശ്വാസം വർധിക്കുന്നു. അവന്റെ ബാധ്യത പൂർണമാവുകയും ചെയ്യുന്നു.

നബി(സ്വ)ക്കും മുശ്‌രിക്കുകൾക്കും ഇടയിലുണ്ടാക്കിയ കരാർ നിബന്ധനകൾ പ്രത്യക്ഷത്തിൽ സത്യവിശ്വാസികൾക്ക് അവരുടെ മഹത്ത്വത്തിന് ഭംഗം വരുത്തുകയും അവർക്ക് താഴ്ചയുണ്ടാക്കുന്നതുമാണ്. മനസ്സുകൾക്ക് ഉൾക്കൊള്ളാൻ കഴിയാത്തതാണത്. എന്നാൽ മനസ്സുകളെ പതറാതെ നിർത്തുകയും ചെയ്തു. അതുമൂലം അവരുടെ വിശ്വാസം കൂടുതൽ വർധിച്ചു. (അല്ലാഹുവിനുള്ളതാകുന്നു ആകാശങ്ങളിലെയും ഭൂമിയിലെയും സൈന്യങ്ങൾ) അവയെല്ലാം അവന്റെ അധികാരത്തിലും അവന്റെ നിയന്ത്രണങ്ങൾക്കും മേൽനോട്ടങ്ങൾക്കും കീഴിലാണ്. അല്ലാഹു തന്റെ ദീനിനെയും ദൂതനെയും സഹായിക്കുകയില്ലെന്ന് സത്യനിഷേധികൾ വിചാരിക്കേണ്ടതില്ല. പക്ഷേ, അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമായിരിക്കുന്നു. അവന്റെ യുക്തിയുടെ താൽപര്യം ജനങ്ങൾക്കിടയിൽ അവൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. സത്യവിശ്വാസികൾക്കുള്ള സഹായം അവൻ മറ്റൊരു സമയത്തേക്ക് പിന്തിക്കുന്നു.

**5.** (സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും താഴ്ഭാഗത്തുകൂടി നദികളൊഴുകുന്ന സ്വർഗത്തോപ്പുകളിൽ നിത്യവാസികളെന്ന നിലയിൽ പ്രവേശിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവരിൽനിന്ന് അവരുടെ തിന്മകൾ മായ്ച്ചുകളയാൻ വേണ്ടിയും) സത്യവിശ്വാസികൾക്ക് ലഭിക്കുന്ന ഏറ്റവും മഹത്തായ ഒന്നാണിത്. സ്വർഗപ്രവേശനത്തോടെ അവർ ആഗ്രഹിക്കുന്ന ആവശ്യങ്ങളെല്ലാം അവർക്ക് ലഭിക്കും. തിന്മകൾ മായ്ച്ചുകളയുന്നതിലൂടെ അവർ ഭയപ്പെടുന്നതെല്ലാം നീങ്ങിപ്പോവുകയും ചെയ്യും. (അത് ആകുന്നു) സത്യവിശ്വാസികൾക്ക് ലഭിക്കുമെന്ന് പറഞ്ഞ പ്രതിഫലം. (അല്ലാഹുവിന്റെ അടുക്കൽ മഹത്തായ ഭാഗ്യമാകുന്നു) ആ വ്യക്തമായ വിജയത്തിൽ സത്യവിശ്വാസികൾക്കുണ്ടായത് ഇതെല്ലാമാണ്. ■





'മതത്തെ കളവാക്കിയവനെ നീ കണ്ടുവോ?, അനാഥനെ ആട്ടിയകറ്റുന്നവനാണവൻ, സാധുവിന്റെ ഭക്ഷണകാര്യത്തിൽ പ്രോത്സാഹനം നൽകാത്തവൻ' (ഖുർആൻ)

# വിശപ്പാണ് പരിഹരിക്കപ്പെടേണ്ടത്

ഡോ.സി.മുഹമ്മദ് റാഫി ചെമ്പ്ര
✆: 99460 42525

ഗോവിന്ദനും അലവിയും ഉറ്റ ചങ്ങാതിമാരാണ്. വഴിയരികിലെ പൂമ്പാറ്റകളെ പിടിച്ചും മാവിന് കല്ലെറിഞ്ഞും തോട്ടിലെ മീനുകളെ കണ്ടാസ്വദിച്ചും ഓരോ ദിവസവും പള്ളിക്കൂടത്തിലേക്കവർ സന്തോഷത്തോടെ പോയികൊണ്ടിരുന്നു.

സ്കൂൾ വിട്ടു വരുന്ന വഴിക്കാണ് അലവിയുടെ വാപ്പയുടെ ചായക്കട. ചായക്കടയിൽ കയറി അലവി ചായയും പലഹാരങ്ങളും കഴിക്കും.ഗോവിന്ദൻ തൊട്ടപ്പുറത്തെ തൊടിയിൽ കാത്തു നിൽക്കും. ആ കാത്ത് നിൽപ്പിന് ചില കാരണങ്ങളുമുണ്ടായിരുന്നു. ചായകുടി കഴിഞ്ഞിറങ്ങുന്ന അലവിയുടെ മടിക്കുത്തിൽ ഗോവിന്ദനായി എന്നും രണ്ട് പഴങ്ങൾ കരുതി വെച്ചിരുന്നു.

ഒരിക്കൽ വാപ്പ ഇത് പിടികൂടി, ആർക്കാണെടാ ഇത് എന്ന ചോദ്യത്തിന് മറുപടിയില്ല ! പുളി വടിയുടെ അടിയേറ്റ് പുളയുന്ന അലവിയുടെ ചുണ്ടിൽ നിന്നും തന്റെ പേരെങ്ങാനും പുറത്തു വന്നാൽ തന്റെ ആഢ്യത്തം മുഴുവൻ തകർന്ന് പോകുമല്ലോഎന്ന ഭീതിയിൽ തൊടിയിൽ മറഞ്ഞിരുന്ന ഗോവിന്ദനാണ് പിന്നീട് കേരളം നെഞ്ചേറ്റിയ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായരായത്.

'ഇസ്ലാമിന്റെ വൻമല' എന്ന പേരിലുള്ള കവിതയിൽ ഇടശ്ശേരി ഇങ്ങനെ കുറിച്ചിട്ടു:
"ഇപ്പോഴേയെൻപേർ പുറത്തുചാടു-
മിപ്പോഴെൻ മാനമിടിഞ്ഞു താഴും
നൂറുശതമാനം ഞാനൊരാര്യ-
ക്കൂറും കുടുമയുമുള്ള ഹിന്ദു
ആകെത്തരിച്ചുപോയ്
വീർപ്പടഞ്ഞു
വേകുമെനിയ്ക്കു തല തിരിഞ്ഞു
അത്തളിർച്ചുണ്ടൊന്നനങ്ങിയില്ല;
പൊത്തിയമർത്തി,യതെന്റെ നാമം
നൂറു ശതമാനമെന്റെ മിത്രം
കൂറും പെരുമയുമുള്ള മുസ്ലിം
തുള്ളിപ്പിടഞ്ഞിതവന്റെ ദേഹം,
ഉള്ളമോ വൻമലപോലെ നിന്നു."

ലോകത്ത് മനുഷ്യനനുഭവിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധിയേതെന്ന ചോദ്യത്തിന് ആദ്യം വരുന്ന ഉത്തരങ്ങളിൽ ഒന്ന് വിശപ്പ് എന്നത് തന്നെയായിരിക്കും. ലോകജനസംഖ്യയിലെ എട്ടിൽ ഒരാൾ മതിയായ ഭക്ഷണം കിട്ടാതെ വിശന്ന് വലയുന്നവരാണ് എന്നാണ് കണക്കുകൾ പറയുന്നത്. ഇന്ത്യയിലാണെങ്കിൽ 2015ലെ ഫുഡ്സെക്യൂരിറ്റി റിപ്പോർട്ട് പ്രകാരം 194.6 ദശലക്ഷം ജനങ്ങൾ ഒരു നേരമെങ്കിലും വിശപ്പടക്കാൻ വഴിയില്ലാത്തവരാണ്.

ഭക്ഷണം കിട്ടാതെ ദിവസവും 3000 കുഞ്ഞുങ്ങൾ മരിക്കുന്നുവെന്നത് രാജ്യത്തിനുതന്നെ നാണക്കേടാണെന്ന് മുൻ പ്രധാനമന്ത്രിയും സാമ്പത്തിക വിദഗ്ധനുമായ ഡോ.മൻമോഹൻസിങ്ങിനു പോലും സമ്മതിക്കേണ്ടിവന്നു.

അതേസമയം ആയിരക്കണക്കിനു പേർ അമിതാഹാരംമൂലം മരിക്കുന്നുണ്ടെന്ന് ലോകാരോഗ്യ സംഘടന വെളിപ്പെടുത്തുന്നു. ആ ആഹാരം പട്ടിണിക്കാർക്ക് കൊടുത്താൽ രണ്ട് മരണങ്ങളാണ് ഒരേ സമയം ഒഴിവാകുക. ഒന്ന് ദരിദ്രന്റെ മരണം; മറ്റൊന്ന് അമിതാഹാരം മൂലമുള്ള ധനികന്റെ മരണം.

ഇവിടെയാണ് മുസ്ലിമിന് ഏറെ ചെയ്യാനുള്ളത്. വിശപ്പിന് പരിഹാരമുണ്ടാക്കുക എന്നത് അതീവപ്രാധാന്യത്തോടെ കണ്ട മതമാണ് ഇസ്ലാം. എത്രയെത്ര സന്ദർഭത്തിലാണ് ഖുർആൻ ഇതെടുത്ത് പറഞ്ഞിരിക്കുന്നത്!

കുറ്റവാളികൾ നരകത്തിലെത്താനുള്ള കാരണം വിശദീകരിച്ചിടത്ത് ഖുർആൻ എടുത്ത് പറയുന്ന ഒരു കാര്യം 'ഞങ്ങൾ പാവപ്പെട്ടവന്റെ അന്നത്തിന്റെ കാര്യത്തിൽ ശ്രദ്ധ ചെലുത്തിയിരുന്നില്ല' എന്നതാണ്.

സ്വർഗമാഗ്രഹിക്കുന്നവർ താണ്ടിക്കടക്കേണ്ട മലമ്പാതയെക്കുറിച്ച് പറയുന്നിടത്തും ഖുർആൻ സാധുവിന് അന്നം കൊടുക്കുന്നതിന്റെ പ്രാധാന്യത്തെ വിശദീകരിക്കുന്നുണ്ട്. വിശപ്പിന് പരിഹാരമുണ്ടാക്കുന്നതിൽ ഏറെ ശ്രദ്ധാലുവായ പ്രവാചകനെയാണ് ചരിത്രത്തിലുടനീളം നമുക്ക് കാണാനാവുക.

തന്റെ സഹോദരനായ മനുഷ്യന് സന്തോഷം നൽകുക, അവന്റെ വിശപ്പിന് പരിഹാരം കണ്ടെത്തുക എന്നിവ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട കാര്യങ്ങളാണെന്ന് പഠിപ്പിച്ച നബിയെക്കാൾ വലിയ മാനവികത പറഞ്ഞ യാളാരാണുള്ളത്?

രണ്ടാളുടെ ഭക്ഷണം മൂന്നാൾക്കും മൂന്നാളുടേത് നാലാൾക്കും മതിയാകുമെന്ന് പറഞ്ഞ് പങ്കുവെക്കലിന്റെ ആദ്യപാഠം മനുഷ്യന് പകർന്നു നൽകിയ പ്രവാചക പ്രഭുവിന് ലോകമെന്നാണ് സെല്യൂട്ട് നൽകുക.

വിശ്വാസത്തിന്റെ പൂർത്തീകരണത്തിൽ ഇല്ലായ്മയുടെ ഘട്ടത്തിൽ നൽകുന്ന ദാനംകൂടിയുണ്ടെന്ന പാഠം ഈ മഹാമാരിയുടെയും തുറിച്ചുനോക്കുന്ന ദുരിത കാലത്തിന്റെയും മുന്നിൽ നൽകുന്ന ആശ്വാസമെത്രയാണ്.



# തബൂക് യാത്രക്കിടയിലെ അസാധാരണ സംഭവങ്ങൾ



ഹുസൈൻ സലഫി
: +971 50 634 6963

അബ്ദുല്ലാഹ് ഇബ്‌നു ഉമർ(റ) പറഞ്ഞു: ''ഞങ്ങൾ അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ കൂടെ ഹിജ്‌റിന്റെ സമീപത്തുകൂടെ നടക്കുകയുണ്ടായി. അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) ഞങ്ങളോട് പറഞ്ഞു: 'സ്വന്തത്തോട് അക്രമം ചെയ്തവരുടെ താമസസ്ഥലങ്ങളിൽ (അല്ലാഹുവിൽനിന്നുള്ള ശിക്ഷയെ) ഭയപ്പെട്ട് കരയുന്നവരായിട്ടല്ലാതെ നിങ്ങൾ പ്രവേശിക്കരുത്. അവർക്ക് ബാധിച്ചതുപോലെ നിങ്ങളെയും ബാധിക്കാൻ (കാരണമാകുന്നതിനെ തൊട്ട്) ഭയപ്പാടോടെ (അല്ലാതെ നിങ്ങൾ അവിടെ പ്രവേശിക്കരുത്).' പിന്നീട് അവിടുന്ന് (വാഹനത്തെ) വേഗത്തിൽ (ഹിജ്‌റിനെ) പുറകിലാക്കുന്നതുവരെ തെളിക്കുകയും ചെയ്തു'' (മുസ്‌ലിം).

അല്ലാഹുവിന്റെ ശിക്ഷയിറങ്ങിയ സ്ഥലത്തെ ആനന്ദത്തിനോ ഉല്ലാസത്തിനോ വിശ്രമത്തിനോ ഉപയോഗിക്കാവതല്ല. അത്തരം സ്ഥലത്തുനിന്ന് വേഗത്തിൽ മാറിപ്പോകണം. അല്ലാഹുവിന്റെ കോപം നമ്മിലും ഇറങ്ങുമോ എന്ന് നാം ഭയപ്പെടണം. നബി(സ്വ) ഈ യാത്രയിൽ സ്വഹാബിമാർക്ക് ആ നിലയ്ക്കുള്ള ഉപദേശം നൽകുകയും തന്റെ ഒട്ടകത്തെ അവിടെനിന്നും അതിവേഗത്തിൽ തെളിച്ചുകൊണ്ടുപോകുകയും ചെയ്യുകയാണുണ്ടായത്. ഈ ഹദീസ് പണ്ഡിതന്മാർക്കിടയിൽ ഏറെ ചർച്ച ചെയ്യപ്പെട്ടതായി നമുക്ക് കാണാം. ശൈഖ് സ്വാലിഹ് അൽഉസൈമിൻ(റഹി) പറയുന്നത് കാണുക:

‘‘തബൂകിലേക്ക് നബി(സ്വ) തന്റെ വഴിയിൽ അവരെയുംകൊണ്ട് നടന്നു. അപ്പോൾ നബി(സ്വ) പറഞ്ഞു: ‘ഇക്കൂട്ടരുടെ അടുക്കൽ നിങ്ങൾ കരയുന്നവരായിട്ടല്ലാതെ പ്രവേശിക്കരുത്. ഇനി നിങ്ങൾ കരയുന്നില്ലെങ്കിൽ അവർക്ക് ബാധിച്ചത് നിങ്ങൾക്ക് ബാധിക്കാതിരിക്കാൻ നിങ്ങൾ അവരിൽ പ്രവേശിക്കരുത്. ഇതിനാലാണ് ഥമൂദുകാരുടെ ഭവനങ്ങളിലേക്ക് ആശ്വാസം കൊള്ളുന്നതിനോ അവരുടെ താമസ സ്ഥലങ്ങൾ നോക്കി നിൽക്കുന്നതിനോ പോകുന്നത് അനുവദനീയമല്ല എന്ന് നാം പറയുന്നത്. കാരണം അത് റസൂലി(സ്വ)നോടുള്ള അനുസരക്കേടിൽ പതിക്കലാകുന്നു. (എന്നാൽ) ഒരാൾ ഗുണപാഠം ഉദ്ദേശിച്ച് പോകുന്നത് (എതിരല്ല). അപ്പോഴും ആ സ്ഥലങ്ങളിലൂടെ അയാൾ നടക്കുന്ന സന്ദർഭത്തിൽ കരഞ്ഞുകൊണ്ടായിരിക്കണം (അതിലൂടെ നടക്കേണ്ടത്). അയാൾ കരയുന്നില്ലയോ തീർച്ചയായും അവരിൽ പ്രവേശിക്കൽ അയാൾക്ക് അനുവദനീയമാവുകയില്ല. കാരണം, ചിലപ്പോൾ അവർക്ക് ബാധിച്ചത് അയാൾക്കും ബാധിക്കാൻ ഇടയാകും. (അതിനാലാണ്) നബി(സ്വ) അവരുടെ താഴ്‌വരയിൽ നടന്നപ്പോൾ അവിടുത്തെ തല കുനിച്ചതും ആ താഴ്‌വര വിട്ടുമാറുന്നതുവരെ അതിവേഗത്തിൽ സഞ്ചരിച്ചതും. ഥമൂദ് ഗോത്രക്കാരുടെ ഭവനങ്ങളിലേക്ക് പോകുന്ന, അവിടെയുള്ള പുരാവസ്തുക്കൾ കണ്ട് ദിവസങ്ങൾ കഴിച്ചുകൂട്ടി ആനന്ദിക്കുകയും ആശ്വാസം കൊള്ളുകയും ചെയ്യുന്ന ഈ അവിവേകികളുടെ തെറ്റുകളെ നാം ഇതിൽനിന്നും മനസ്സിലാക്കേണ്ടതുണ്ട്. തീർച്ചയായും അത് അല്ലാഹുവിന്റെ റസൂലി(സ്വ)നോടുള്ള അനുസരണക്കേടും അവിടുത്തെ മാർഗത്തോടും ചര്യയോടുമുള്ള വിയോജിപ്പുമാകുന്നു. കാരണം, സ്വന്തത്തോട് അക്രമം ചെയ്ത, ഈ ഭൂമിയിൽവെച്ച് അല്ലാഹു നശിപ്പിച്ചവരുടെ താമസസ്ഥലങ്ങളിൽ ജനങ്ങൾ താമസിക്കുന്നതിനെ തൊട്ട് താക്കീത് നൽകുകയും ആ താഴ്‌വര വിട്ടു പോകുന്നതുവരെ ഈ വീടുകളുടെ സമീപത്തുകൂടെ നബി(സ്വ) നടക്കുമ്പോൾ അവിടുന്ന് തന്റെ തല താഴ്ത്തി പെട്ടെന്ന് പോകുകയായിരുന്നു ചെയ്തിരുന്നത്. ആ മനുഷ്യരെ ബാധിച്ച അല്ലാഹുവിന്റെ ശിക്ഷ തന്നെയും ബാധിക്കുമെന്ന ഭയത്താലായിരുന്നു (അവിടുന്ന് അപ്രകാരം ചെയ്തത്). (അപ്രകാരം കരയാതെ ആ പ്രദേശത്തേക്ക് പോകുന്നവർക്ക്) ഒന്നുകിൽ അല്ലാഹുവിൽ നിഷേധം ഉണ്ടാകുകയും അങ്ങനെ അവൻ ശിക്ഷക്ക് അർഹനായി മാറുകയും ചെയ്യും. അതുമല്ലെങ്കിൽ അവൻ നിഷേധിയൊന്നും ആയിട്ടില്ലെങ്കിലും അവന്റെ ശിക്ഷക്ക് അവൻ അർഹനാകും. അങ്ങനെ ക്വിയാമത്ത് നാളിൽ അല്ലാഹുവിനെ കണ്ടുമുട്ടിയാൽ (അവിടെ വെച്ചും ശിക്ഷിക്കപ്പെടും). അല്ലാഹു തന്റെ അടിമകളെ പറ്റി നന്നായി കാണുന്നവനാണല്ലോ.’’

അല്ലാഹുവിന്റെ ശിക്ഷയിറങ്ങിയിട്ടുള്ള പ്രദേശത്തേക്ക് വിനോദയാത്രക്കോ മറ്റു ഭൗതിക നേട്ടം ഉദ്ദേശിച്ചോ പോകൽ അനുവദനിയമല്ലെന്നത് ഈ വിശദീകരണം നമ്മോട് പറയുന്നുണ്ട്. എന്നാൽ ഗുണപാഠം സ്വീകരിക്കുവാൻ വേണ്ടിയാണെങ്കിൽ കരയുന്നവരായിട്ട് അവിടെ പോകുന്നത് വിലക്കപ്പെട്ടതുമല്ല.

‘വാദീ മുഹസ്സിർ’ എന്ന് ഇന്ന് അറിയപ്പെടുന്ന പ്രദേശത്ത് പിൽക്കാലത്ത് അല്ലാഹുവിന്റെ അദാബ് (ശിക്ഷ) ഇറങ്ങിയിട്ടുണ്ട്. പരിശുദ്ധ കഅ്ബയെ തകർക്കാനായി അബ്‌റഹത്ത് ആനപ്പടയെയും കൊണ്ട് വന്ന ചരിത്രം നാം മനസ്സിലാക്കിയതാണ്. അവരെ ഈ പ്രദേശത്തുവച്ച് തന്നെയാണ് അല്ലാഹു നശിപ്പിച്ചത് എന്നതും ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽത്തന്നെ ഹജ്ജിന്റെ വേളയിൽ ഈ പ്രദേശത്തുകൂടെ നടക്കുമ്പോൾ ഹാജിമാർ ധൃതിയിൽ അവിടം വിട്ടകലണം.

‘‘തബൂകിലേക്ക് നബി(സ്വ) തന്റെ വഴിയിൽ അവരെയും കൊണ്ട് നടന്നു. അപ്പോൾ നബി(സ്വ) പറഞ്ഞു: ‘ഇക്കൂട്ടരുടെ അടുക്കൽ നിങ്ങൾ കരയുന്നവരായിട്ടല്ലാതെ പ്രവേശിക്കരുത്. ഇനി നിങ്ങൾ കരയുന്നില്ലെങ്കിൽ അവർക്ക് ബാധിച്ചത് നിങ്ങൾക്ക് ബാധിക്കാതിരിക്കാൻ നിങ്ങൾ അവരിൽ പ്രവേശിക്കരുത്. ഇതിനാലാണ് ഥമൂദുകാരുടെ ഭവനങ്ങളിലേക്ക് ആശ്വാസം കൊള്ളുന്നതിനോ അവരുടെ താമസസ്ഥലങ്ങൾ നോക്കി നിൽക്കുന്നതിനോ പോകുന്നത് അനുവദനീയമല്ല എന്ന് നാം പറയുന്നത്. കാരണം അത് റസൂലി(സ്വ)നോടുള്ള അനുസരക്കേടിൽ പതിക്കലാകുന്നു. (എന്നാൽ) ഒരാൾ ഗുണപാഠം ഉദ്ദേശിച്ച് പോകുന്നത് (എതിരല്ല). അപ്പോഴും ആ സ്ഥലങ്ങളിലൂടെ അയാൾ നടക്കുന്ന സന്ദർഭത്തിൽ കരഞ്ഞുകൊണ്ടായിരിക്കണം (അതിലൂടെ നടക്കേണ്ടത്).

**‘‘ഞങ്ങൾ അല്ലാഹുവിന്റെ റസൂലി (സ്വ)ന്റെകൂടെ തബൂക് യുദ്ധത്തി നായി ഒരു പെണ്ണിന്റെ തോട്ടത്തിന രികിലൂടെ പുറപ്പെടുകയുണ്ടായി. അങ്ങനെ ഞങ്ങൾ ഒരു ഗ്രാമ ത്തിന്റെ താഴ്‌വരയിൽ എത്തി. അപ്പോൾ അല്ലാഹുവിന്റെ റസൂ ൽ(സ്വ) പറഞ്ഞു: ‘നിങ്ങൾ അതിന് (തോട്ടത്തിന് വില) കണക്കാ ക്കുക.’ അങ്ങനെ ഞങ്ങളും അല്ലാ ഹുവിന്റെ റസൂലും അതിന് പത്ത് വസ്‌ക്വ് കണക്കാക്കി. അവിടുന്ന് പറയുകയും ചെയ്തു: ‘അല്ലാഹു ഉദ്ദേശിച്ചാൽ ഞങ്ങൾ നിന്നി ലേക്ക് മടങ്ങുന്നതുവരെ നീ അത് എണ്ണിത്തിട്ടപ്പെടുത്തുക.’ (ശേഷം) ഞങ്ങൾ പോയി. ഞങ്ങൾ തബൂകിൽ എത്തി. അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: ‘ഈ രാത്രി നിങ്ങളിൽ ശക്തമായ ഒരു കാറ്റടിക്കുന്ന താകുന്നു. അപ്പോൾ നിങ്ങളിൽ ഒരാളും അതിൽ (ഇരുട്ടിൽ) എഴു ന്നേൽക്കരുത്. അതുകൊണ്ട് ആർക്കെങ്കിലും വാഹനം (ഒട്ടകം) ഉണ്ടെങ്കിൽ അതിന്റെ കയർ മുറു ക്കിക്കെട്ടിക്കൊള്ളട്ടെ.’ അങ്ങനെ ശക്തമായ കാറ്റടിച്ചു. അപ്പോൾ ഒരാൾ എഴുന്നേൽക്കുകയും അങ്ങനെ അത് അയാളെ രണ്ട് പർവതങ്ങൾക്കിടയിലുള്ള ഉൾഭാ ഗത്ത് ഇടുന്നതുവരെ വഹിച്ചു കൊണ്ടുപോകുകയുണ്ടായി’’ (മുസ്‌ലിം).**

തബൂകിലേക്കുള്ള വഴിമധ്യെ ഉണ്ടായ ഒരു സംഭവമാണ് നാം മനസ്സിലാക്കിയത്. മറ്റൊരു സംഭവം കൂടി ആ യാത്രയിൽ ഉണ്ടായി. തബൂകിൽ എത്തുന്നതിന്റെ തലേദിവസം നബി(സ്വ) അനുചരന്മാരോട് പറഞ്ഞത് മുആദ്(റ) ഇപ്രകാരം നമുക്ക് പറഞ്ഞുതരുന്നു:

തബൂക് യുദ്ധ വർഷത്തിൽ ഞങ്ങൾ റസൂലി(സ്വ)ന്റെ കൂടെ പുറപ്പെടുകയുണ്ടായി. അപ്പോൾ അവിടുന്ന് നമസ്‌കാരം ‘ജംഅ്’ ചെയ്യുമായിരുന്നു. അങ്ങനെ അവിടുന്ന് ദുഹ്‌റും അസ്വ്‌റും ഒരുമിച്ചും മഗ്‌രിബും ഇശാഉം ഒരുമിച്ചും നമസ്‌കരിച്ചു. അങ്ങനെ അടുത്ത പകൽ നമസ്‌കാരം പിന്തിച്ചു, പിന്നീട് അവിടുന്ന് പുറപ്പെടുകയും ദുഹ്‌റും അസ്വ്‌റും ഒരുമിച്ച് നമസ്‌കരിക്കുകയും ചെയ്തു. അതിന് ശേഷം അവിടുന്ന് പുറപ്പെട്ടു. എന്നിട്ട് മഗ്‌രിബും ഇശാഉം ഒരുമിച്ച് നിസ്‌കരിച്ചു. പിന്നീട് അവിടുന്ന് പറഞ്ഞു: ‘അല്ലാഹു ഉദ്ദേശിച്ചാൽ തീർച്ചയായും നിങ്ങൾ നാളെ തബൂകിലെ ഒരു അരുവിയുടെ സമീപത്ത് എത്തുന്നതാണ്. പകലിന്റെ പൂർവാഹ്ന സമയം ആകുന്നതുവരെ നിങ്ങൾ അതിൽ എത്തുന്നതല്ല. അങ്ങനെ നിങ്ങളിൽ ആരെങ്കിലും അവിടെ വന്നാൽ ഞാൻ എത്തുന്നതുവരെ അതിലെ വെള്ളത്തിൽ സ്പർശിക്കുക പോലും ചെയ്യരുത്.’ അങ്ങനെ ഞങ്ങൾ അവിടെ വന്നു. രണ്ടാളുകൾ അപ്പോഴേക്കും അവിടേക്ക് ഞങ്ങളെ മുൻകടന്നെത്തിയിരുന്നു. ആ അരുവി ചെരുപ്പിന്റെ വാറിനെപോലെ വെള്ളത്താൽ വെളുത്തിരുന്നു. മുആദ്(റ) പറഞ്ഞു: അവർ ഇരുവരോടും അല്ലാഹുവിന്റെ റസൂൽ(സ്വ) ചോദിച്ചു: ‘അതിലെ വെള്ളത്തിൽ നിങ്ങൾ സ്പർശിച്ചിട്ടുണ്ടോ?’ ഇരുവരും പറഞ്ഞു: ‘അതെ.’ അപ്പോൾ ഇരുവരെയും നബി(സ്വ) ശകാരിക്കുകയും അല്ലാഹു ഉദ്ദേശിച്ചതെല്ലാം നബി(സ്വ) അവരോട് പറയുകയും ചെയ്തു. പിന്നീട് അവർ (സ്വഹാബിമാർ) അവരുടെ കൈകളാൽ അരുവിയിൽനിന്നും അൽപാൽപമായി കോരിയെടുക്കുകയും അവ ശേഖരിക്കുകയും ചെയ്തു. മുആദ്(റ) പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ(സ്വ) ഇരുകൈകൾ കൊണ്ട് വായയും മുഖവും കഴുകി. പിന്നീട് അതു വീണ്ടും തുടർത്തുകയും ചെയ്തു. പിന്നീട് അവിടുന്ന് (ബാക്കിയുള്ള വെള്ളം) അതിലേക്കുതന്നെ ഒഴിച്ചു. അപ്പോൾ ആ അരുവി കുത്തിയൊഴുകിത്തുടങ്ങി. അങ്ങനെ ജനങ്ങൾ എല്ലാവരും കുടിച്ചു. പിന്നീട് അവിടുന്ന് പറഞ്ഞു: മുആദ്, നിന്നിൽ ജീവിതം നീളുകയാണെങ്കിൽ ഇവിടെ (ഈ പ്രദേശത്തെ) തോട്ടങ്ങൾ നിറഞ്ഞ സ്ഥലമായി നീ കാണുന്നതാണ്’’ (മുസ്‌ലിം).

ആ അരുവി ചെരുപ്പിന്റെ വാറുപോലെ വളരെ ചെറിയ രൂപത്തിലാണ് ഒഴുകിക്കൊണ്ടിരുന്നത്. സ്വഹാബിമാർ തങ്ങളുടെ കൈകൾകൊണ്ട് ആ അരുവിയിൽ നിന്നും വെള്ളം അൽപാൽപമായി കോരിയെടുത്ത് ഒരു പാത്രത്തിലേക്ക് ഒഴിക്കുകയും അത് ഉപയോഗിച്ച് നബി(സ്വ) തന്റെ വായയും മുഖവും കഴുകുകയും ചെയ്തു. ശേഷം ബാക്കിയായ വെള്ളം ആ അരുവിയിലേക്ക് തന്നെ ഒഴുക്കി. അവിടെ അന്നേരം ഒരു അത്ഭുതം സംഭവിച്ചു. ജനങ്ങൾക്ക് എല്ലാവർക്കും ഇഷ്ടാനുസരണം വെള്ളം കുടിക്കാൻ ലഭിക്കുംവിധം ആ അരുവി കുത്തിയൊഴുകി. തുടർന്ന് നബി(സ്വ) ഒരു പ്രവചനവും നടത്തി; വെള്ളമില്ലാത്ത, വിശാലമായ ഈ മരുപ്രദേശത്തെ സമൃദ്ധമായ തോട്ടങ്ങളുള്ള ഒന്നായി ഭാവിയിൽ കാണാം.

മുആദ്(റ) നബി(സ്വ)യുടെ വഫാതിന് ശേഷം എത്രയോ കൊല്ലം കഴിഞ്ഞിട്ടാണ് വഫാതാകുന്നത്. അദ്ദേഹം മരണപ്പെടുന്നതിന് മുമ്പ് നബി(സ്വ)യുടെ പ്രവചനം പുലർന്നതിന് ദൃക്‌സാക്ഷിയായി എന്നതാണ് ചരിത്രം. സുഊദി അറേബ്യയിൽ ഇന്നും തബൂക് ഫലഭൂയി



ഷ്ടമായ, കൃഷിചെയ്യപ്പെടുന്ന മണ്ണായി കിടക്കുകയാണ്. നബി(സ്വ) അല്ലാഹുവിന്റെ വഹ്‌യിന്റെ അടിസ്ഥാനത്തിലാണല്ലോ ഇത്തരം കാര്യങ്ങൾ പറയുക. അതിനാൽതന്നെ അതിൽ യാതൊരു തെറ്റും സംഭവിക്കുകയില്ല.

തബൂക് യുദ്ധ വേളയിൽ നബി(സ്വ)യിൽ ഉണ്ടായ മറ്റൊരു അത്ഭുതം കൂടി കാണുക:

അബൂ ഹുമയ്ദി(റ)യിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: ''ഞങ്ങൾ അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെകൂടെ തബൂക് യുദ്ധത്തിനായി ഒരു പെണ്ണിന്റെ തോട്ടത്തിനരികിലൂടെ പുറപ്പെടുകയുണ്ടായി. അങ്ങനെ ഞങ്ങൾ ഒരു ഗ്രാമത്തിന്റെ താഴ്‌വരയിൽ എത്തി. അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: 'നിങ്ങൾ അതിന് (തോട്ടത്തിന് വില) കണക്കാക്കുക.' അങ്ങനെ ഞങ്ങളും അല്ലാഹുവിന്റെ റസൂലും അതിന് പത്ത് വസ്ക്വ് കണക്കാക്കി. അവിടുന്ന് പറയുകയും ചെയ്തു: 'അല്ലാഹു ഉദ്ദേശിച്ചാൽ ഞങ്ങൾ നിന്നിലേക്ക് മടങ്ങുന്നതുവരെ നീ അത് എണ്ണിത്തിട്ടപ്പെടുത്തുക.' (ശേഷം) ഞങ്ങൾ പോയി. ഞങ്ങൾ തബൂകിൽ എത്തി. അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: 'ഈ രാത്രി നിങ്ങളിൽ ശക്തമായ ഒരു കാറ്റടിക്കുന്നതാകുന്നു. അപ്പോൾ നിങ്ങളിൽ ഒരാളും അതിൽ (ഇരുട്ടിൽ) എഴുന്നേൽക്കരുത്. അതുകൊണ്ട് ആർക്കെങ്കിലും വാഹനം (ഒട്ടകം) ഉണ്ടെങ്കിൽ അതിന്റെ കയർ മുറുക്കിക്കെട്ടിക്കൊള്ളട്ടെ.' അങ്ങനെ ശക്തമായ കാറ്റടിച്ചു. അപ്പോൾ ഒരാൾ എഴുന്നേൽക്കുകയും അങ്ങനെ അത് അയാളെ രണ്ട് പർവതങ്ങൾക്കിടയിലുള്ള ഉൾഭാഗത്ത് ഇടുന്നതുവരെ വഹിച്ചുകൊണ്ടുപോകുകയുണ്ടായി'' (മുസ്‌ലിം).

മറ്റൊരു യുദ്ധത്തിലും സംഭവിച്ചിട്ടില്ലാത്ത കാര്യങ്ങളാണ് തബൂകിൽ സംഭവിക്കുന്നത്. വീരവാദം മുഴക്കിയ റോമക്കാർ മുസ്‌ലിം സൈന്യം തബൂകിൽ എത്തിയപ്പോൾ പിന്മാറി! വലിയ ദൂരം താണ്ടി, കാലാവസ്ഥയുടെ പ്രതികൂല സാഹചര്യത്തിൽ ഇത്രയും വലിയ സൈന്യത്തെയുമായി പ്രവാചകൻ(സ്വ) റോമക്കാരെ നേരിടുമെന്ന് അവർ വിചാരിച്ചതേയില്ലായിരുന്നു. അതിനാൽ തന്നെ അവർ ഭയന്ന് പിന്മാറുകയും ചെയ്തു.

നബി(സ്വ)യും അനുചരന്മാരും തബൂകിൽ എത്തി. ആരെയും കാണുന്നില്ല. ഇരുപത് ദിവസത്തോളം അവിടെ താവളമടിച്ചെങ്കിലും റോമക്കാർ യുദ്ധത്തിന് കൂട്ടാക്കിയില്ല. അങ്ങനെ അതിർത്തി പ്രദേശമായ അയ്‌ലതിലെയും ദൗമതുജൻദലിലെയും ജനങ്ങളുമായി നബി (സ്വ) സമാധാന സന്ധിയുണ്ടാക്കുകയും അവിടങ്ങളിൽ ഇസ്‌ലാമിക പ്രബോധനം നടത്തുകയും ചെയ്തു. അതിന്റെ ഫലമായി പിൽക്കാലത്ത് ഈ പ്രദേശങ്ങൾ ഇസ്‌ലാമിന് കൂടുതൽ ശക്തി പകരാനും സഹായകമായി.

യുദ്ധം നടന്നില്ല. ഇരുപത് ദിവസങ്ങൾക്ക് ശേഷം നബി(സ്വ)യും സ്വഹാബിമാരും സന്തോഷത്തോടെ അവിടെ നിന്നും മടങ്ങി.

യഥാർഥത്തിൽ തബൂക് യുദ്ധം നബി(സ്വ)യുടെ കൂടെയുള്ളവരിൽ നല്ലവരെയും അല്ലാത്തവരെയും തിരിച്ചറിയാനായി അല്ലാഹു സ്വീകരിച്ച ഒരു നടപടിയായിരുന്നു എന്നും നമുക്ക് മനസ്സിലാക്കാം. ഇപ്രകാരം എല്ലാ കാലത്തും നല്ലവരെയും അല്ലാത്തവരെയും വേർതിരിക്കുന്ന ചില നടപടി ക്രമങ്ങൾ അല്ലാഹു നമുക്കിടയിൽ സ്വീകരിക്കും. ഏത് സന്ദിഗ്ധ ഘട്ടത്തിലും അല്ലാഹുവിനെയും അവന്റെ ദീനിനെയും മുറുകെ പിടിച്ച് സ്വാർഥത ഒഴിവാക്കിയാൽ അവരെയാണ് അല്ലാഹു പരിഗണിക്കുക.

നബി(സ്വ)യും അനുചരന്മാരും തബൂക്കിൽനിന്നും മദീനയിലേക്ക് മടങ്ങാൻ ഒരുങ്ങി. ആ മടക്കയാത്രയിലും ചില സംഭവങ്ങൾ ഉണ്ടായി. ആ യാത്രക്കിടയിൽ ഇറക്കപ്പെട്ട ക്വുർആൻ വചനങ്ങളുടെ അർഥമാണ് താഴെ കൊടുക്കുന്നത്:

''ദ്രോഹബുദ്ധിയാലും സത്യനിഷേധത്താലും വിശ്വാസികൾക്കിടയിൽ ഭിന്നതയുണ്ടാക്കാൻ വേണ്ടിയും മുമ്പുതന്നെ അല്ലാഹുവോടും അവന്റെ ദൂതനോടും യുദ്ധം ചെയ്തവർക്ക് താവളമുണ്ടാക്കികൊടുക്കുവാൻ വേണ്ടിയും ഒരു പള്ളിയുണ്ടാക്കിയവരും (ആ കപടൻമാരുടെ കൂട്ടത്തിലുണ്ട്).

ഞങ്ങൾ നല്ലതല്ലാതെ ഒന്നും ഉദ്ദേശിച്ചിട്ടില്ല എന്ന് അവർ ആണയിട്ട് പറയുകയും ചെയ്യും. തീർച്ചയായും അവർ കള്ളം പറയുന്നവർ തന്നെയാണ് എന്നതിന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു. (നബിയേ,) നീ ഒരിക്കലും അതിൽ നമസ്കാരത്തിനു നിൽക്കരുത്. ആദ്യ ദിവസം തന്നെ ഭക്തിയിൻമേൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള പള്ളിയാണ് നീ നിന്നു നമസ്കരിക്കുവാൻ ഏറ്റവും അർഹതയുള്ളത്. ശുദ്ധികൈവരിക്കുവാൻ ഇഷ്ടപ്പെടുന്ന ചില ആളുകളുണ്ട് ആ പള്ളിയിൽ. ശുദ്ധികൈവരിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു'' (9:108,109).

**അല്ലാഹുവിന്റെ കൽപനകൾ കാത്തുസൂക്ഷിക്കുന്ന, അല്ലാഹു വിലക്കിയ കാര്യങ്ങളെ ഒഴിവാക്കുന്ന, സൂക്ഷ്മതയുടെ അടിസ്ഥാനത്തിൽ നിർമിക്കപ്പെട്ട പള്ളിയിലാണ് നമസ്കരിക്കേണ്ടതെന്നും അല്ലാഹു നബി(സ്വ)യെ ഉണർത്തി. അതാകട്ടെ, നബി(സ്വ) തന്നെ ആദ്യം പടുത്തിയർത്തിയിട്ടുമുണ്ട്. ആ പള്ളിയോട് അടുപ്പമുള്ളവർ പരിശുദ്ധി ആഗ്രഹിക്കുന്നവരാണ്. മനസ്സും ശരീരവും നരകത്തിലേക്ക് പ്രവേശിക്കുന്ന മാലിന്യങ്ങളിൽനിന്ന് ശുദ്ധിയാകണം എന്ന് ആഗ്രഹിക്കുന്ന നല്ല ആളുകൾ നിസ്കരിക്കുന്ന ആ പള്ളിയിലായിരിക്കണം നബി(സ്വ)യും മറ്റു വിശ്വാസികളും നമസ്കരിക്കേണ്ടത്. പള്ളി നിർമാണത്തിന്റെ ലക്ഷ്യം എന്തായിരിക്കണമെന്നും എന്തായിരിക്കരുതെന്നും, പള്ളിയിൽ നടക്കേണ്ട കാര്യങ്ങൾ എന്തായിരിക്കണമെന്നും എന്തായിക്കൂടായെന്നും, വിശ്വാസികൾ ഏത് പള്ളികളിലാണ് നമസ്കരിക്കേണ്ടതെന്നും ഏത് പള്ളികളിൽ നമസ്കരിക്കാൻ പാടില്ല എന്നും അല്ലാഹു ഈ സൂക്തങ്ങളിലൂടെ നമുക്ക് പഠിപ്പിച്ചു തരുന്നതും നാം ശ്രദ്ധിക്കേണ്ടതുണ്ട്.**

ഈ സൂക്തങ്ങൾ ഇറക്കപ്പെടുന്നത് നബി(സ്വ)യും സ്വഹാബിമാരും മദീനയോട് അടുക്കാറാകുന്ന വേളയിലാണ്. 'മസ്ജിദുദ്വിറാർ' എന്ന പേരിൽ ഒരു പള്ളിയുണ്ടായിരുന്നു. 'ദ്വിറാർ' എന്ന പദത്തിന്റെ അർഥം ഉപദ്രവം, പ്രയാസം എന്നൊക്കെയാണ്. അഥവാ നബി(സ്വ)ക്കും വിശ്വാസികൾക്കും പ്രയാസങ്ങളും വിഷമങ്ങളും ഉണ്ടാക്കാൻ വേണ്ടി കപടവിശ്വാസികൾ എടുത്ത ഒരു പള്ളിയായിരുന്നു അത്.

മദീനയിലെ കപടവിശ്വാസികളുടെ നേതാവായിരുന്നു അബ്ദുല്ലാഹിബ്നു ഉബയ്യുബ്നു സലൂൽ. അബൂ ആമിറും അവരുടെ നേതാവായിരുന്നു. പണ്ടു മുതലേ മദീനയിൽ ഉണ്ടായിരുന്ന ഒരു പുരോഹിതനായിരുന്ന അബൂ ആമിർ മുശ്‌രിക്കുകളുടെ കൂട്ടത്തിലായിരുന്നു ആദ്യം. പിന്നീട് അയാൾ ക്രിസ്തുമതം സ്വീകരിച്ചു. അങ്ങനെ ക്രൈസ്തവർക്കിടയിൽ അബൂആമിറിന് വലിയ സ്ഥാനവും പദവിയും ലഭിച്ചു.

നബി(സ്വ) മക്കയിൽനിന്നും മദീനയിലേക്ക് ഹിജ്റ വന്ന വേളയിൽ മദീനക്കാർക്കിടയിൽ നേതൃ പട്ടം കൊതിച്ച് അബ്ദുല്ലയുടെ കൂടെ നടന്നിരുന്നവനായിരുന്നു അബൂ ആമിറും. ഇസ്‌ലാമിന്റെ വളർച്ചയും നബി(സ്വ)ക്ക് മദീനക്കാർക്കിടയിൽ കിട്ടിയ സ്ഥാനവും സ്വീകര്യതയും അബൂആമിറിനെയും വല്ലാതെ ചൊടിപ്പിച്ചു. അവനും പ്രകോപിതനായി.

അബൂ ആമിർ മദീനയിൽനിന്നും മക്കയിലേക്ക് ഇടയ്ക്കിടെ പോകാൻ തുടങ്ങി. മക്കയിൽനിന്നും നബി(സ്വ)ക്ക് എതിരെ സൈന്യത്തെ തയ്യാറാക്കലായിരുന്നു അയാളുടെ ലക്ഷ്യം. മക്കയിൽനിന്നും മദീനയിലേക്ക് മുശ്‌രിക്കുകൾ ഉഹ്ദിലേക്ക് പുറപ്പെടുന്ന വേളയിൽ അവരുടെ കൂടെ അബൂ ആമിറും ഉണ്ടായിരുന്നു. ഉഹ്ദിന്റെ പോർക്കളത്തിൽ നബി(സ്വ)യെയും വിശ്വാസികളെയും വീഴ്ത്താൻ വേണ്ടി ധാരാളം ചതിക്കുഴികൾ ഉണ്ടാക്കിയതും അബൂ ആമിർ തന്നെയായിരുന്നു. അവൻ ഉണ്ടാക്കിയ ഒരു ചതിക്കുഴിയിലായിരുന്നു മഹാനായ നബി(സ്വ) വീണത്. അബ്ദുല്ലയെ പോലെ തന്നെ സ്വഹാബിമാർക്കിടയിൽ ഭിന്നത സൃഷ്ടിക്കാൻ അയാൾ ശ്രമിച്ചു. അൻസ്വാറുകൾക്കിടയിൽ അവൻ ചില കുത്തിത്തിരിപ്പുകൾ ഉണ്ടാക്കാൻ നോക്കിയെങ്കിലും അവന്റെ ഉള്ളുകള്ളികൾ അവർ വളരെ പെട്ടെന്നുതന്നെ തിരിച്ചറിഞ്ഞു. തന്റെ വേലകളൊന്നും വിലപ്പോകില്ലെന്ന് മനസ്സിലായ അബൂ ആമിർ റോമിലെ ഹിർക്വൽ രാജാവിനെ സമീപിച്ചു. പ്രവാചകനെയും ഇസ്‌ലാമിനെയും തകർക്കുവാൻ ഹിർക്വലിനോട് അബൂ ആമിർ സഹായം ആവശ്യപ്പെട്ടു. ഹിർക്വൽ എല്ലാ വിധത്തിലുള്ള സഹായ വാഗ്ദാനങ്ങളും അബൂ ആമിറിന് നൽകി.

ഹിർക്വലിന്റെ സഹായ വാഗ്ദാനത്തിൽ അയാൾ സന്തുഷ്ടനായി. ഉടനെ മദീനയിലെ കപടവിശ്വാസികൾക്ക് ഒരു കത്തെഴുതി. മദീനയിലേക്ക് ഒരു വലിയ സൈന്യവുമായി ഞാൻ വരുന്നുണ്ടെന്നും അതിന്റെ മുന്നോടിയായി തന്റെ കത്തുകളുമായി വരുന്നവർക്കും ശേഷം

തനിക്കും തങ്ങാൻ ഒരു കെട്ടിടം പണിയണമെന്നുമായിരുന്നു കത്തിലെ ഉള്ളടക്കം. കത്ത് ലഭിച്ചു. ഉടനെത്തന്നെ പന്ത്രണ്ട് കപടവിശ്വാസികളുടെ നേതൃത്വത്തിൽ പണി തുടങ്ങി. ക്വുബാഇലെ പള്ളിയുടെ സമീപത്ത് വളരെ കെട്ടുറപ്പുള്ള ഒരു പള്ളിയാണ് അവർ പണിതത്. പള്ളിയുടെ നിർമാണം അവസാനിച്ചു. നബി(സ്വ)ക്കും അനുചരന്മാർക്കും എതിരിൽ കുതന്ത്രം മെനയലാണ് ആ കേന്ദ്രത്തിന്റെ പ്രധാന അജണ്ട. പള്ളി അവിടെ നിലനിൽക്കണമെങ്കിൽ മുസ്‌ലിംകളുടെ സഹകരണം ആവശ്യമാണല്ലോ. അതിന് ആ പള്ളിയിലേക്ക് നബി(സ്വ)യെ അടുപ്പിക്കാൻ ശ്രമിക്കലായിരുന്നു ആദ്യത്തെ അവരുടെ ശ്രമം. അബൂ ആമിറിന്റെ ഹിർക്വലിനെ കാണലും മദീനയിലേക്കുള്ള അവന്റെ കത്തുകൈമാറ്റവും ഈ പള്ളി നിർമാണവുമെല്ലാം നടക്കുന്നത് നബി(സ്വ)യുടെ തബൂകിലേക്കുള്ള പുറപ്പാടിന്റെ സമയത്തായിരുന്നു. അവർ നബി(സ്വ)യെ സമീപിച്ചു. എന്നിട്ട് അവിടുത്തോട് ഇപ്രകാരം പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ദൂരദിക്കുകളിൽനിന്നും മദീനയിൽ എത്തുന്നവർക്ക് തണുപ്പും മറ്റു പ്രയാസങ്ങളും ഇല്ലാതിരിക്കാനും അവർക്ക് തങ്ങാനുമെല്ലാമായി കുറച്ചപ്പുറത്ത് ഒരു പള്ളി ഞങ്ങൾ എടുത്തിട്ടുണ്ട്. ആ പള്ളിയിൽ അങ്ങ് വന്ന് നമസ്‌കരിച്ച് തുടക്കം കുറിച്ചാലും.' നബി(സ്വ)യുടെ അംഗീകാരം ലഭിച്ചാൽ പിന്നെ കപടവിശ്വാസികൾക്ക് കുഴപ്പം സൃഷ്ടിക്കാൻ കാര്യം എളുപ്പമാകുമല്ലോ. ഇവരുടെ ഈ കുതന്ത്രം നബി(സ്വ)ക്ക് മനസ്സിലാക്കാൻ സാധിച്ചില്ല. നബി(സ്വ) അല്ലാഹുവിന്റെ പ്രത്യേകമായ തീരുമാന പ്രകാരം ഇപ്രകാരം പറഞ്ഞു: 'ഇൻശാ അല്ലാഹ്, നമുക്ക് നോക്കാം. ഇപ്പോൾ ഞാൻ തബൂകിലേക്കുള്ള യാത്രയുടെ തയ്യാറെടുപ്പിലാണ്. മടങ്ങിയെത്തിയതിന് ശേഷമാകാം.'

മദീനയിലേക്ക് തിരിച്ചുവരുന്ന സമയത്ത് മദീനയുടെ അടുത്ത പ്രദേശമായ ദീ അവാൻ എന്ന സ്ഥലത്ത് എത്തിയപ്പോഴേക്ക് ആ പള്ളിയെ സംബന്ധിച്ചുള്ള വിവരങ്ങൾ വഹ്‌യ് മുഖേന അല്ലാഹു നബി(സ്വ)ക്ക് അറിയിച്ചുകൊടുത്തു. നേരത്തെ ഉദ്ധരിച്ച 9:108, 109 വചനങ്ങൾ കാണുക.

സമൂഹത്തിൽ പ്രയാസം ഉണ്ടാക്കുവാനും കുഴപ്പം സൃഷ്ടിക്കുവാനും തങ്ങളുടെ അവിശ്വാസം പ്രചരിപ്പിക്കുവാനും വിശ്വാസികൾക്കിടയിൽ ചേരിതിരിവുണ്ടാക്കുവാനും ശത്രുക്കൾക്ക് ഒരു താവള സൗകര്യമായും എടുത്തിട്ടുള്ളതാണ് ആ പള്ളി. അവരുടെ ലക്ഷ്യം എന്താണെന്ന് നബി(സ്വ)ക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. അല്ലാഹുവിന്റെ പേരിൽ ആണയിട്ടുകൊണ്ട് 'ഈ ഭവനനിർമാണം കൊണ്ട് ഞങ്ങൾ നല്ലതേ ഉദ്ദേശിക്കുന്നുള്ളൂ' എന്ന അവരുടെ വാക്ക് അദ്ദേഹം വിശ്വസിച്ചു. എന്നാൽ അവരെ വിശ്വാസത്തിലെടുക്കരുതെന്നും അവർ പെരുംനുണയന്മാരാണെന്നതിന് അല്ലാഹു സാക്ഷിയാണെന്നും അല്ലാഹു നബി(സ്വ)യെ അറിയിച്ചു. തബൂക്കിൽനിന്നും തിരിച്ചെത്തിയാൽ അവിടെ നമസ്‌കരിച്ച് ആ പള്ളിയുടെ പ്രവർത്തനത്തിന് തുടക്കം കുറിക്കാം എന്ന് നബി(സ്വ) അവരോട് പറഞ്ഞിട്ടുണ്ടായിരുന്നല്ലോ. എന്നാൽ മ ദീനയിൽ എത്തിയാൽ ആ ഭവനത്തിൽ നമസ്‌കരിച്ചു പോകരുതെന്ന് അല്ലാഹു നബി(സ്വ)യോട് പറഞ്ഞു. കാരണം, ആ പള്ളിയുടെ ഉദ്ദേശ്യം ഭിന്നിപ്പിക്കലും കുഴപ്പം ഉണ്ടാക്കലും അവിശ്വാസത്തിന് സൗകര്യം നൽകലും ശത്രുക്കൾക്ക് താവളമാക്കലുമാണ്.

അല്ലാഹുവിന്റെ കൽപനകൾ കാത്തുസൂക്ഷിക്കുന്ന, അല്ലാഹു വിലക്കിയ കാര്യങ്ങളെ ഒഴിവാക്കുന്ന, സൂക്ഷ്മതയുടെ അടിസ്ഥാനത്തിൽ നിർമിക്കപ്പെട്ട പള്ളിയിലാണ് നമസ്‌കരിക്കേണ്ടതെന്നും അല്ലാഹു നബി(സ്വ)യെ ഉണർത്തി. അതാകട്ടെ, നബി(സ്വ) തന്നെ ആദ്യം പടുത്തിയർത്തിയിട്ടുമുണ്ട്. ആ പള്ളിയോട് അടുപ്പമുള്ളവർ പരിശുദ്ധി ആഗ്രഹിക്കുന്നവരാണ്. മനസ്സും ശരീരവും നരകത്തിലേക്ക് പ്രവേശിക്കുന്ന മാലിന്യങ്ങളിൽനിന്ന് ശുദ്ധിയാകണം എന്ന് ആഗ്രഹിക്കുന്ന നല്ല ആളുകൾ നിസ്‌കരിക്കുന്ന ആ പള്ളിയിലായിരിക്കണം നബി(സ്വ)യും മറ്റു വിശ്വാസികളും നമസ്‌കരിക്കേണ്ടത്.



പള്ളി നിർമാണത്തിന്റെ ലക്ഷ്യം എന്തായിരിക്കണമെന്നും എന്തായിരിക്കരുതെന്നും, പള്ളിയിൽ നടക്കേണ്ട കാര്യങ്ങൾ എന്തായിരിക്കണമെന്നും എന്തായിക്കൂടായെന്നും, വിശ്വാസികൾ ഏത് പള്ളികളിലാണ് നമസ്‌കരിക്കേണ്ടതെന്നും ഏത് പള്ളികളിൽ നമസ്‌കരിക്കാൻ പാടില്ല എന്നും അല്ലാഹു ഈ സൂക്തങ്ങളിലൂടെ നമുക്ക് പഠിപ്പിച്ചു തരുന്നതും നാം ശ്രദ്ധിക്കേണ്ടതുണ്ട്.

അല്ലാഹുവിൽ നിന്നുള്ള വിവരം ലഭിച്ചപ്പോൾ നബി(സ്വ) അനുചരന്മാരോട് ആ പള്ളിയുടെ ഭാഗത്തേക്ക് വേഗത്തിൽ ചെല്ലാനും അത് പൂർണമായും നീക്കം ചെയ്യാനും കൽപിച്ചു. സ്വഹാബിമാർ അതുപ്രകാരം ആ പള്ളി അവിടെ നിന്നും പൊളിച്ചുനീക്കി. അങ്ങനെ കപടന്മാരുടെ ആ തന്ത്രവും പൊളിഞ്ഞു. ഈ പള്ളിയാണ് ചരിത്രത്തിൽ 'മസ്ജിദു ദ്വിറാർ' എന്ന പേരിൽ അറിയപ്പെടുന്നത്. ■




# ധാർമികത നിശ്ചയിക്കുന്നത് ആര്?

അർഷദ് കുറിശ്ശാംകുളം
✆ : 6235 639 955

യഥാർഥത്തിൽ ആരാണ് ധാർമികത നിശ്ചയിക്കുന്നത്? നന്മതിന്മകൾ നിർണയിക്കാൻ ശാസ്ത്രത്തിനു കഴിയുമോ? അതല്ല ഓരോരുത്തർക്കും തോന്നുന്നതാണോ ശരി, അല്ലെങ്കിൽ തെറ്റ്? മനുഷ്യൻ നിർമിക്കുന്ന ഇസങ്ങൾക്ക് കഴിയുമോ ശരി തെറ്റുകൾ വ്യവച്ഛേദിക്കുവാൻ?

സർവജ്ഞനായ അല്ലാഹുവാണ് ഒരു കാര്യം നന്മയാണോ തിന്മയാണോ എന്നു തീരുമാനിക്കേണ്ടത്. അതാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അല്ലാഹുവിന്റെ ചില തീരുമാനങ്ങൾ ചിലപ്പോൾ നമ്മുടെ അൽപബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയാത്തതാകാം, യുക്തിപരമല്ലെന്ന് നമുക്ക് തോന്നിയേക്കാം. നമ്മുടെ യുക്തികൊണ്ട് അല്ലാഹുവിന്റെ യുക്തിയെ അളക്കുവാൻ നോക്കുന്നതാണ് പ്രശ്നം. അവൻ സർവശക്തനും മഹോന്നതനുമായതുകൊണ്ട് നമുക്ക് അവനെ എത്തിപ്പിടിക്കാനാവില്ല. അവൻ പ്രപഞ്ചാതീതനാണ്.

ശരി തെറ്റുകൾ തീരുമാനിക്കുവാൻ ലിബറലിസ്റ്റുകൾ കൊണ്ടുവരുന്ന 'ഹാം പ്രിൻസിപിൽ,' 'ഹെഡോർണിസം,' 'യൂട്ടിലിറ്റേറിയനിസം' പോലുള്ള ധാർമിക മാനദണ്ഡങ്ങൾ തികച്ചും വ്യക്തിനിഷ്ഠവും പക്ഷപാതപരവുമാണ്; അപ്രായോഗികമാണ്.

ലിബറലിസത്തിന്റെ വക്താക്കൾ വാദിക്കുന്നത് മതങ്ങൾ അധാർമികമാണെന്നാണ്.

അപ്പോൾ നമുക്ക് ചോദിക്കാം; അങ്ങനെയാണെങ്കിൽ നിങ്ങളുടെ ധാർമികതയുടെ മാനദണ്ഡം എന്താണ്? നന്മയും തിന്മയും വേർതിരിക്കാൻ നിങ്ങൾ ഏതു മാപിനിയാണ് ഉപയോഗിക്കുന്നത്? അവർ ആദ്യം ഉയർത്തുന്നത് ഹാം പ്രിൻസിപിൽ ആയിരിക്കും. ലിബറലിസ്റ്റുകളുടെ പ്രധാനപ്പെട്ട ധാർമിക മാനദണ്ഡങ്ങൾ നമുക്ക് പരിശോധിക്കാം.

## ഹെഡോർണിസം

സുഖം പരമാവധി കൂട്ടുക എന്നതാണ് ജീവിതലക്ഷ്യം, സുഖം കിട്ടാൻവേണ്ടി നമ്മൾ ഉപയോഗിക്കുന്നതെന്തും ധാർമികമായി ശരിയാണ് എന്ന സിദ്ധാന്തമാണ് ഹെഡോണിസം. ബിസി 356ൽ മരണപ്പെട്ട അരിസ്റ്റിപ്പസ് എന്ന ഗ്രീക്ക് തത്ത്വചിന്തകൻ കൊണ്ടുവന്നതാണ് ഈ സിദ്ധാന്തം. 'ഒരാൾ സുഖിക്കുമ്പോൾ അത് മറ്റൊരാൾക്ക് വേദനയുണ്ടാക്കുന്നുവെങ്കിലോ' എന്ന ചോദ്യത്തിന് ഇവരുടെ ഉത്തരം 'സുഖങ്ങൾ പരമാവധി വർധിപ്പിക്കുക, എന്നിട്ട് വേദന കുറക്കുക, അപ്പോൾ സുഖമാണ്

കൂടുതലെങ്കിൽ അത് ധാർമിക മായി ശരിയാണ് എന്നതാണ്.

### ഹാം പ്രിൻസിപ്പിൽ

ഇംഗ്ലീഷ് തത്ത്വചിന്തകനായ ജോൺ സ്റ്റുവർട് മില്ല് (1806-1873) ആണ് ഇത് ആവിഷ്കരിച്ചത്. ഒരു കാര്യം ചെയ്യുമ്പോൾ -എന്തു കാര്യ മാകട്ടെ- അത് മറ്റുള്ളവരെ വേദനി പ്പിക്കാത്ത രീതിയിൽ ആണെങ്കിൽ അത് ധാർമികമായി ശരിയാണ് എന്നാണ് ഹാം പ്രിൻസിപിൽ പറയുന്നത്. അതായത് മറ്റുള്ള വർക്ക് ഉപദ്രവമില്ലാതെ ചെയ്യു ന്നതെല്ലാം ശരിയാണ് എന്ന്. സുഖവും സന്തോഷവും ലഭിക്കു ന്ന കാര്യങ്ങളെല്ലാം ധാർമികമായി ശരിയാണ് എന്നാണ് ലിബറലി സ്റ്റുകൾ വാദിക്കുന്നത്.

### ലിബറൽ ധാർമിക മാനദണ്ഡങ്ങളുടെ പ്രശ്നങ്ങൾ

അങ്ങനെയെങ്കിൽ സമ്മത ത്തോടുകൂടി ഒരു അച്ഛനും മകളും ലൈംഗിക ബന്ധത്തിൽ ഏർപ്പെടു ന്നത് ധാർമികമായി തെറ്റാകുമോ? കാരണം ഇവിടെ ആർക്കും 'ഹാം' (ഉപദ്രവം) ഉണ്ടാകുന്നില്ല. പാരമ്പ ര്യ രോഗങ്ങൾ ഉണ്ടാകാൻ സാധ്യ തയുണ്ടെന്ന് അവർ വാദിക്കും. അപ്പോൾ അങ്ങനെ ബന്ധത്തിൽ ഏർപ്പെടുന്നവർ ഗർഭനിരോധന ഉറകൾ പോലുള്ള മുൻകരുതലു കൾ എടുത്തിട്ടാണ് ഏർപ്പെടു ന്നതെങ്കിലോ? അവിടെ ഹാം ഉണ്ടാകുന്നില്ല!

ധാർമികതയെ നിശ്ചയി ക്കുവാൻ ഈ തലതിരിഞ്ഞ തത്ത്വങ്ങളൊന്നും പര്യാപ്തമല്ല എന്നു വ്യക്തം.അതിനു പുറമെ നിന്നു തന്നെ ഒരു ഇടപെടൽ അവശ്യമാണ്. യൂറോപ്പിലെ ചില രാജ്യങ്ങളിൽ അഗമ്യഗമനം (ശിരലേ) നിയമപരമാണെങ്കി ലും കേരള പുരോഗമനവാദികൾ അതിനെ അധാർമികമായിട്ടാണ് കാണുന്നത്. എന്നാൽ ഇത് അവർ കൊണ്ടുവരുന്ന ധാർമിക മാനദ ണ്ഡങ്ങളെ അസാധുവാക്കുന്നു എന്നത് അവർ തിരിച്ചറിയുന്നില്ല.

**സ്വന്തം ജീവിതത്തെ സ്രഷ്ടാവ് കാണിച്ചുതന്ന മാർഗത്തിലൂടെ നയിക്കാനാണ് ഇസ്‌ലാം പഠിപ്പി ക്കുന്നത്. അഥവാ ദൈവത്തിന് സ്വന്തത്തെ സമർപ്പിക്കുക, അതുവഴി ഇഹപര സമാധാനം നേടുക. ആ സമർപ്പണം എങ്ങനെയെന്ന് കൃത്യവും സുവ്യ ക്തവുമായി നമുക്ക് പറഞ്ഞു തരുന്ന മർഗദർശിയാണ് ക്വുർആൻ. ഈ ക്വുർആനിനെ ജീവിതത്തിൽ പകർത്തി മനു ഷ്യകുലത്തിനു മാതൃകയായി ജീവിച്ച മഹാനാണ് അന്തിമദൂ തൻ മുഹമ്മദ് (സ്വ). ആ മാർഗമാണ് മനുഷ്യനെ എല്ലാ അർഥത്തിലും മനുഷ്യനാക്കാൻ പര്യാപ്തമായത്.**

ദുഃഖവും സങ്കടവും ഉണ്ടാക്കു ന്നതെല്ലാം തെറ്റാണ്, സുഖമാണ് വേദനയെക്കാൾ കൂടുതലെങ്കിൽ അത് ധാർമികമായി ശരിയാണ് എന്ന ഹെഡോണിസം, അല്ലെ ങ്കിൽ ജെറമി ബെൻതാവ് ആവി ഷ്കരിച്ച യൂട്ടിലിറ്റേറിയനിസം (പ്രയോജനവാദം) പോലുള്ള ധാർമികമാപിനികൾ ലിബറലി സ്റ്റുകളെ തന്നെ തിരിച്ചടിക്കു ന്നത് ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. ഒരു പെൺകു ട്ടിയെ പത്തുപേർ ചേർന്ന് മയക്കു മരുന്ന് കൊടുത്ത് ബലാത്സംഗം ചെയ്യുന്നു. ഇവിടെ ലഹരിബാധി ച്ചതിനാൽ ഹാം ഉണ്ടാകുന്നതി നെക്കാൾ കൂടുതൽ സുഖം ലഭി ക്കുകയാണ് ചെയ്യുക. അപ്പോൾ ലിബറൽ മാനദണ്ഡം അനുസരിച്ച് കൂട്ടബലാത്സംഗം ധാർമികമാണെ ന്നു വരും. ഭാവിയിൽ കൂട്ടബലാ ത്സംഗത്തെ നിയമവിധേയമാക്ക ണമെന്നു പറഞ്ഞ് ആരെങ്കിലും സമരം നടത്തിയാൽ ലിബറലിസ്റ്റു കൾ ഏത് മാനദണ്ഡമുപയോഗി ച്ച് അവരെ എതിർക്കും?

ഇവിടെയാണ് ദൈവത്തി ന്റെ പ്രസക്തി വ്യക്തമാകുന്നത്. നന്മയും തിന്മയും വേർതിരിച്ചു കാണിച്ചു കൊടുക്കാൻ മനുഷ്യനെ സൃഷ്ടിച്ച അല്ലാഹുവിന് മാത്രമെ കഴിയുകയുള്ളൂ. ഒരു ഉദാഹരണം പറയാം: ഈ ലോകത്ത് ഇതുവരെ കണ്ടെത്തിയിട്ടില്ലാത്ത ഒരു ഉപകരണം ഒരാൾ നിർമിക്കു ന്നു. എന്നിട്ട് ആ ഉപകരണം വേറൊരാൾ വാങ്ങുന്നു. അശ്രദ്ധ മായ ഉപയോഗംമൂലം ഒരു ദിവസം ആ ഉപകരണം പ്രവർത്തിക്കുന്നില്ല എന്നു കരുതുക. ആ ഉപകരണം പഴയപടിയാക്കാൻ ആർക്കാണ് കഴിയുക? ഉത്തരം വ്യക്തം, അതിന്റെ നിർമാതാവിന്. മനു ഷ്യന്റെ ആന്തരികവും ബാഹ്യവു മായ എല്ലാ കാര്യങ്ങളും അറിയു ന്നവനാണ് സ്രഷ്ടാവായ ദൈവം. അപ്പോൾ മനുഷ്യന് ഏതാണ് ഗുണകരമെന്നും ഏതാണ് ഉപദ്ര വകരമെന്നും അറിയുവാൻ വ്യക്ത മായി കഴിയുക ദൈവത്തിനാണ്.

അതുകൊണ്ട് ധാർമികത നിശ്ചയിക്കാൻ, നന്മതിന്മകൾ വേർതിരിക്കാൻ മനുഷ്യനെ സൃഷ്ടിച്ച ആ ശക്തിക്ക് മാത്രമെ കഴിയുകയുള്ളൂ. ആ സ്രഷ്ടാവ് മനുഷ്യന് നേരായ മാർഗത്തിൽ ജീവിക്കാൻ വേണ്ടി നൽകിയ സമഗ്രവും പരിപൂർണവുമായ നിമയനിർദേശങ്ങളാണ് ഇസ്‌ലാ മിലുള്ളത്. സ്വന്തം ജീവിതത്തെ സ്രഷ്ടാവ് കാണിച്ചുതന്ന മാർഗ ത്തിലൂടെ നയിക്കാനാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അഥവാ ദൈവത്തിന് സ്വന്ത ത്തെ സമർപ്പിക്കുക, അതുവഴി ഇഹപര സമാധാനം നേടുക. ആ സമർപ്പണം എങ്ങനെയെ ന്ന് കൃത്യവും സുവ്യക്തവുമായി നമുക്ക് പറഞ്ഞുതരുന്ന മർഗ ദർശിയാണ് ക്വുർആൻ. ഈ ക്വുർആനിനെ ജീവിതത്തിൽ പകർത്തി മനുഷ്യകുലത്തിനു മാതൃകയായി ജീവിച്ച മഹാനാണ് അന്തിമദൂതൻ മുഹമ്മദ് (സ്വ). ആ മാർഗമാണ് മനുഷ്യനെ എല്ലാ അർഥത്തിലും മനുഷ്യനാക്കാൻ പര്യാപ്തമായത്.



# ജീവിതത്തെ എങ്ങനെ ആസ്വാദ്യകരമാക്കാം?

സ്വലാഹുദ്ദീൻ ഇബ്നു സലീം
:94954 67259

“എന്റെ പക്കൽനിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ ആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല” (ക്വുർആൻ 2:37).

മനുഷ്യൻ ജീവിതത്തിൽ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് സന്തോഷവും സമാധാനവുമാണ്. ഭയമില്ലായ്മകൊണ്ട് സമാധാനവും ദുഖമില്ലായ്മകൊണ്ട് സന്തോഷവും ശാന്തിയും നേടിയെടുക്കാൻ നമുക്ക് സാധിക്കും. കൂടുതലായി ആശങ്കിച്ചും അസ്വസ്ഥരായും ജീവിക്കുന്നത് ബുദ്ധിയല്ല. കാരണം ജീവിതം അനുനിമിഷം തീർന്നുപോവുകയാണ്. കാത്തിരിക്കുന്ന സ്വസ്ഥതയും സമാധാനവും വരുന്നതിന്ന് മുമ്പ് ജീവിതം തീർന്നുപോകുമെന്നതാണ് പല മരണങ്ങളും നമ്മെ ഓർമിപ്പിക്കുന്നത്.

ഇന്നലെ നമ്മൾ ജീവിച്ചുകഴിഞ്ഞു. നാളെ അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ നാം ജീവിക്കും. എന്നാൽ നാം ജീവിച്ചിരിക്കുന്നത് ഈ നിമിഷത്തിലും സന്ദർഭത്തിലുമാണ്. അതിനാൽ ഈ നിമിഷത്തെ ആസ്വദിക്കുമ്പോഴാണ് യഥാർഥത്തിൽ ജീവിതാസ്വാദനത്തിന്റെ തലത്തിലേക്ക് നമ്മൾ എത്തിച്ചേരുന്നത്. ഈ നിമിഷത്തെ ആസ്വദിക്കുക എന്നാൽ, ഓരോ നിമിഷത്തെയും ഏറ്റവും നന്മനിറഞ്ഞ പ്രവർത്തനംകൊണ്ട് ധന്യമാക്കലാണ്, അനുഭവിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കലാണ്. നന്മയുടെ തുലാസിൽ കനംതൂങ്ങുന്നവയായി, വെളിച്ചമായി ത്തീരണം നമ്മുടെ കർമങ്ങൾ. അത് ഇഹപര വിജയത്തിന്റെ നിദാനമാണെന്ന് തിരിച്ചറിഞ്ഞ് പ്രവർത്തിക്കണം. അത് വ്യക്തിപരമായും കുടുംബപരമായും സാമൂഹികമായുമുള്ള ബന്ധങ്ങളിൽ വമ്പിച്ച മാറ്റം ഉണ്ടാക്കിത്തീർക്കും.

സച്ചരിതരായ മുൻഗാമികൾ (സലഫുകൾ) കൂടുതൽ അധ്വാനിച്ചത് ഇഖ്ലാസോടും (അല്ലാഹുവിന്റെ തൃപ്തി മാത്രം ഉദ്ദേശിച്ച്, ആത്മാർഥമായി) ഇഹ്തിസാബോടും (അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ച്) ഇഹ്സാനോടും (അല്ലാഹു എല്ലാം കാണുന്നുണ്ട്, അറിയുന്നുണ്ട് എന്ന ബോധത്തോടെ) കർമങ്ങൾ ചെയ്യാനാണ്. ഇത് മടി തൊട്ടുതീണ്ടാതെ കൂടുതൽ ഊർജസ്വലതയോടെ കർമരംഗത്ത് മുന്നേറാൻ നമ്മെ പ്രാപ്തരാക്കും. ദുഃഖങ്ങളെ ക്ഷമകൊണ്ട് പ്രതിഫലമാക്കി, സംഭവിച്ച പാപങ്ങളിൽ പശ്ചാതപിച്ച് കൂടുതൽ വിശുദ്ധരായി മാറി, അല്ലാഹുവിന്റെ വിധിയിൽ ആശങ്കപ്പെടാതെ ജീവിക്കുവാൻ വിശ്വാസികൾക്ക് സാധിക്കണം.

ഭക്ഷണത്തിന്റെ രുചിയും, വെള്ളത്തിന്റെ തണുപ്പും, പ്രവർത്തനങ്ങളിലെ ഉദ്ദേശവും മനസ്സാനിധ്യവും നമുക്ക് അനുഭവിക്കാൻ കഴിയണം. ജനാസയിൽ പങ്കെടുത്ത വന്ന് രണ്ട് ഖീറാത്ത് പ്രതിഫലം ലഭിക്കുമെന്ന ഹദീഥ് കേട്ട സ്വഹാബി എനിക്ക് ഉദ്ദേശം വെക്കാൻ കഴിയാത്തതിനാൽ കർമ്മത്തിന്റെ ഖീറാത്ത് ലഭിക്കാതെ പോകുമോ ? എന്ന് ചിന്തിച്ചുവെങ്കിൽ പ്രതിഫലേച്ഛയുടെ പ്രാധാന്യം നാം തിരിച്ചറിയണം.

അല്ലാഹുവിനെ സ്മരിക്കൽ, പ്രാർഥനകൾ, നമസ്കാരങ്ങൾ എന്നിവയിൽ മനസ്സാന്നിധ്യം ആവശ്യമാണ്. അതിന് മാനസികാധ്വാനം ആവശ്യമാണ്. പിശാചാണ് മാർഗദർശനത്തിൽനിന്ന് പിഴപ്പിക്കുന്നത് എന്നത് നിസ്തർക്കമായ കാര്യമാണ്. കഴിഞ്ഞതിലുള്ള ദുഃഖവും വരാനിരിക്കുന്നതിലുള്ള ഭയവും ഹൃദയത്തിലിട്ടുതരുന്നത് ഇബ്ലീസാണ്. അവന്റെ കെണിയിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹുവും റസൂലും (സ്വ) നിർദേശിച്ച മാർഗങ്ങൾ നാം സ്വീകരിച്ചേ മതിയാവൂ. ബിസ്മി ചൊല്ലൽ, ശരണംതേടൽ, ആയത്തുൽ കുർസിയ്യും (അൽബക്വറ 255), അൽബക്വറ സൂറത്തിലെ അവസാനത്തെ രണ്ട് ആയത്തുകൾ, പ്രഭാതത്തിലും പ്രദോഷത്തിലുമുള്ള ദിക്റുകൾ എന്നിങ്ങനെയുള്ളവ പതിവായി ചെയ്യുമ്പോൾ വല്ലാത്തൊരു മനസ്സമാധാനം ലഭിക്കും. പൈശാചികത വിട്ടകലും. ഭയഭക്തി വർധിക്കും. ■

schoolOfQuranJamia

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA

# നല്ല നാളേക്കായ് ഇന്ന് പഠിക്കാം

ക്ലാസുകൾ
ഞായറാഴ്ച്ചകളിലും
പൊതു അവധി
ദിവസങ്ങളിലും
മാത്രം

ജൂൺ ഒന്നിന്
ആറര വയസ്സ്
കവിയാത്ത
സ്കൂളിൽ ഒന്നാം
ക്ലാസിൽ
ചേർന്നവർക്ക്
പ്രവേശനം

## 2022-23 രജിസ്ട്രേഷൻ ആരംഭിച്ചു

FOR MORE ENQUIRY
+91 8606 788 882



അപേക്ഷകർ
**www.schoolofquran.in**
എന്ന വെബ്സെറ്റിൽ നിന്ന് ഏറ്റവുമടുത്ത
സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ
അപേക്ഷാ ഫോം പൂരിപ്പിക്കുക

SCHOOL OF Qura'n

Jamia Al-Hind Al-Islamiyya Vadi Al Hikma,
Jamia Campus, Mini Ootty, Oorakam
Malappuram, Kerala, India, PIN 676519
mail@schoolofquran.in
www.schoolofquran.in

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 MARCH 19

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-





GreenHome RESIDENTIAL CAMPUS FOR BOYS

RESIDENTIAL CAMPUS FOR BOYS

# GREEN HOME

REGISTRATION OPEN
FOR GRADE 5-8

## SPECIALTIES

- Affiliated to CBSE Board of Education, New Delhi
- Curriculum enriched with Islamic History, Ethics and Morals
- Holistic Education through Experiential Learning
- Memorization of a prescribed portion of the Holy Qur'an with Thajweed rules
- Communicative English and Communicative Arabic
- Seasoned & Experienced Faculty

CONTACT : +91 9605 146 000

greenvalleycampus

Visit Us www.greenvalleycampus.com

Affiliated to CBSE : 930857, Green Valley Campus, Nellikkapramba, Mukkam, Kozhikode Dt, Pin: 673602